KOTTAYAM PUBLIC LIBRARY

Call No M.329 Acc. No 12575

Author കെ. പി. ജി

Title ജനകീയ ചിന്താ വിപ്ലവത്തിന്റെ
കാർഷിക പരിഷ്ക്കരണനിയമം

1060

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or put unsightly markings.

## Calling Urgent Attention

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and put markings disfigures the Book. Please take care.

Secretary

31/1/19

# ജനകീയ ചീനാ റിപ്പബ്ളിക്കിന്റെ കാർഷികപരിഷ്ക്കാരനിയമം

12575

(സംഗതമായ മററു രേഖകളോടു കൂടിയതു്)

★

പരിഭാഷകൻ:

കെ. പി. ജി.

★

പ്രസാധകന്മാർ:

പ്രഭാത് ബുക്ക് ഹൗസ്,

കോഴിക്കോട്

29.1.19

ഒന്നാംപതിപ്പ്
കോപ്പി 2000

1953 മാർച്ച്

വില: 12 അണ.

അച്ചടി
വള്ളത്തോൾ പ്രിൻറിങ്ങ് & പബ്ളിഷിങ്ങ് ഹൗസ്,
തൃശ്ശിവപേരൂർ.

# ജനകീയ ചീനാ റിപ്പബ്ളിക്കിന്റെ കാർഷികപരിഷ്ക്കാരനിയമം

(സംഗതമായ മററു രേഖകളോടു കൂടിയത്)

★

പരിഭാഷകൻ:

**കെ. പി. ജി.**

★

പ്രസാധകന്മാർ:

**പ്രഭാത് ബുക്ക് ഹൗസ്,**

കോഴിക്കോട്

NATIONAL BO[illegible] SPC LTD [illegible]R. KOTTAYAM

ഒന്നാംപതിപ്പ്
കോപ്പി 2000

M329

1953 മാച്ച്

വില: 12 അണ.

അച്ചടി
വള്ളത്തോൾ പ്രിൻറിങ്ങ് & പബ്ളിഷിങ്ങ് ഹൗസ്,
തൃശ്ശിവപേരൂർ.

# ചൈനീസ്
# ജനകീയറിപ്പബ്ലിക്കിന്റെ
# കാർഷികപരിഷ്കാരനിയമം *

ഭാഗം ഒന്ന്.

## പൊതുതത്വങ്ങൾ

നിയമം 1.

നാട്ടിൻപുറത്തെ ഉല്പാദനശക്തികളെ മോചിപ്പിക്കുവാനും കാർഷികോല്പാദനത്തെ വർദ്ധിപ്പിക്കുവാനും അങ്ങിനെ പുതിയ ചൈനയുടെ വ്യാവസായീകരണത്തിനു വഴി തെളിയിക്കുവാനും വേണ്ടി ജന്മിവർഗ്ഗത്തിന്റെ നാടുവാഴിത്തചൂഷണപരമായ ഭൂവുടമസ്ഥസമ്പ്രദായം നീക്കം ചെയ്ത് കർഷകഭൂവുടമസമ്പ്രദായം നടപ്പിൽ വരുത്തണം.

ഭാഗം രണ്ടു്

## ഭൂമി കണ്ടുകെട്ടലും ഏറെറടുക്കലും

നിയമം 2

ഭൂമിയും കന്നുകാലികളും കാർഷികോപകരണങ്ങളും ജന്മികളുടെ മിച്ചമുള്ള ധാന്യവും നാട്ടിൻപുറത്ത് അവക്കു മിച്ചമുള്ള വീടുകളും കണ്ടുകെട്ടണം, അവരുടെ മററു സ്വത്തുക്കൾ പിടിച്ചെടുക്കരുത്.

---

* കേന്ദ്രജനകീയ ഗവർമ്മെണ്ടു 1950 ജൂൺ 30-ാംനു- നടപ്പിലാക്കിയതു്.

## നിയമം 3

പൂൎവ്വികന്മാരെ കുടിയിരുത്തിയിട്ടുള്ള കൊട്ടിലുകൾക്കും അമ്പലങ്ങൾക്കും, സന്ന്യാസിമഠങ്ങൾക്കും, പള്ളികൾക്കും സ്കൂളുകൾക്കും സംഘങ്ങൾക്കും നാട്ടിൻപുറത്തുള്ള പൊതുസ്ഥാപനങ്ങൾക്കുള്ളേ മററു ഭൂമികളും ഗവൎമ്മെണ്ടേറെറടുക്കും. എന്നാൽ മേൽ പറഞ്ഞ ഭൂമികളിൽനിന്നുള്ള വരവിനെ ആശ്രയിച്ചുകഴിയുന്ന സ്കൂളുകൾ, അനാഥാലയങ്ങൾ, ആതുരശാലകൾ, ആശുപത്രികൾ മുതലായവയുടെ നടത്തിപ്പിനുവേണ്ടി വരുന്ന ചിലവു് പ്രാദേശികജനകീയഗവൎമ്മെണ്ടുകൾ നിൎവ്വഹിച്ചുകൊള്ളണം.

മുസ്ലിം പള്ളികളുടെ ഭൂമികൾ പരിതഃസ്ഥിതികളനുസരിച്ചു് പള്ളികളുടെ സമീപവാസികളായ മുസ്ലിമീങ്ങളുടെ സമ്മതപ്രകാരം നിലനിത്താവുന്നതാണു്.

## നിയമം 4

വ്യവസായവും വാണിജ്യവും കണ്ടുകെട്ടൽ നടപടിയിൽ നിന്നും സുരക്ഷിതമായിരിക്കണം.

ജന്മികൾ നടത്തുന്ന വ്യാവസായികവും വാണിജ്യപരവുമായ ഏൎപ്പാടുകളും അവയ്ക്കു് പ്രത്യക്ഷത്തിൽ ഉപയോഗിക്കുന്ന ഭൂമിയും മററു സ്വത്തുക്കളും കണ്ടുകെട്ടുവാൻ പാടില്ല. ഫ്യൂഡൽ ഭൂമിയും മററു സ്വത്തുക്കളും കണ്ടുകെട്ടുമ്പോൾ വ്യവസായത്തിൻേറയും വാണിജ്യത്തിൻേറയും മേൽ കണ്ടുകെട്ടൽ നടപടി അനുവദനീയമല്ല.

വ്യവസായികൾക്കും കച്ചവടക്കാൎക്കും നാട്ടിൻപുറത്തുള്ള ഭൂമിയും കുടിപാൎപ്പിടങ്ങളും ഗവൎമ്മെണ്ടേറെറടുക്കേണ്ടതാണു്. എന്നാൽ നാട്ടിൻപുറത്തുള്ള അവരുടെ മററു സ്വത്തുക്കളും നിയമാനുസൃതമായ വ്യാപാരങ്ങളും കണ്ടുകെട്ടൽ നടപടിയിൽനിന്നു സുരക്ഷിതമായിരിക്കണം.

## നിയമം 5

വിപ്ലവപ്രസ്ഥാനത്തിൽ പങ്കെടുത്ത പട്ടാളക്കാരും, രക്തസാക്ഷികളുടെ ആശ്രിതരും, തൊഴിലാളികളും, ഉദ്യോഗസ്ഥന്മാരും

തൊഴിൽക്കാരും, കൊണ്ടുനടന്നു വില്പനക്കാരും (pedlars) മററും, മററ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നതുകൊണ്ടോ വേല ചെയ്യാൻ കഴിവില്ലാത്തതുകൊണ്ടോ തുണ്ടു ഭൂമികൾ പാട്ടത്തിനു കൊടുക്കുന്നുവെങ്കിൽ അവരെ ജന്മികളുടെ വർഗ്ഗത്തിൽപെടുത്തിക്കൂടാ. അത്തരം കുടുംബങ്ങളുടെ ശരാശരി ആളൊന്നുക്കുള്ള ഭൂമി ആ പ്രദേശത്തെ ശരാശരി ആളൊന്നുക്കുള്ള ഭൂമിയുടെ 200 ശതമാനത്തിൽ കവിയുന്നില്ലെങ്കിൽ അതിൽ പ്രവേശിച്ചുകൂട. (ഉദാഹരണത്തിന്നു ആ പ്രദേശത്തു് ശരാശരി ആളൊന്നുക്കുള്ള ഭൂമി രണ്ടു മൌ ആണെങ്കിൽ അത്തരം കുടുംബാംഗങ്ങളുടെ ഭൂമി ശരാശരി ആളൊന്നുക്കു നാലു മൌവിൽ കൂടാൻ പാടില്ല.) ഈ തോതിൽ കവിയുന്നപക്ഷം മിച്ചമുള്ള ഭൂമി ഗവർമ്മെണ്ടിനെടുക്കാം. സ്വന്തം അദ്ധ്വാനംകൊണ്ടു സമ്പാദിച്ചിട്ടുള്ളതോ, ഒററയ്ക്കു ജീവിക്കുന്ന വൃദ്ധന്മാരും, അനാഥശിശുക്കളും, അംഗഭംഗം വന്നവരും; വിധവകളും അഥവാ വിധവമാരും ഉപജീവനം കഴിക്കുന്നതോ ആണെന്നു തെളിയുന്നപക്ഷം അത്തരം ഭൂമികൾ ശരാശരി ആളൊന്നുക്കുള്ള വിഹിതത്തിൻെറ 200 ശതമാനത്തിലധികമായാലും പ്രത്യേകപരിഗണന നൽകാവുന്നതാണ്.

## നിയമം 6

ധനികകൃഷിക്കാർ സ്വന്തമായോ കൂലിക്കാരെക്കൂട്ടിയോ കൃഷി ചെയ്യുന്ന ഭൂമിയ്ക്കും അവരുടെ മററ സ്വത്തുക്കൾക്കും കണ്ടുകെട്ടൽ നടപടിയിൽനിന്നും രക്ഷ നൽകും.

ധനിക കൃഷിക്കാർ പാട്ടത്തിനു കൊടുക്കുന്ന തുണ്ടുഭൂമികളും എടുക്കുകൂടാ. എന്നാൽ ചില പ്രത്യേകപ്രദേശങ്ങളിൽ ധനികകൃഷിക്കാർ പാട്ടത്തിനു കൊടുക്കുന്ന ഭൂമികൾ സാംസ്ഥാനികമോ അതിലുയർന്ന പടിയിലോ ഉള്ള ജനകീയഗവർമ്മെണ്ടുകളുടെ അനുമതിയോടുകൂടി, ഭാഗികമായോ മൊത്തമായോ ഗവർമ്മെണ്ടിനേറെറടുക്കാവുന്നതാണ്.

അർദ്ധജന്മി രീതിയിലുള്ള ധനിക കൃഷിക്കാർ പാട്ടത്തിനുകൊടുക്കുന്ന ഭൂമികൾ, അവർ സ്വന്തമായോ, കൂലിക്കാരെക്കൂട്ടിയോ

കൃഷി ചെയ്യുന്ന ഭൂമിയെക്കാൾ കൂടുതലാണെങ്കിൽ പാട്ടത്തിനു കൊടുത്തിരിക്കുന്ന ഭൂമി എടുക്കേണ്ടതാണ്.

ധനിക കൃഷിക്കാർ ഭൂമി പാട്ടത്തിനു കൊടുത്തിട്ടുള്ളവരും അതേസമയത്തു് പാട്ടത്തിനേറ്റിരിക്കുന്ന കുടിയാന്മാരുമാണെങ്കിൽ അവരുടെ ഭൂസ്വത്തു കണക്കാക്കുമ്പോൾ ഇവ തമ്മിൽ തട്ടിച്ചുനോക്കേണ്ടതാണ്.

## നിയമം 7

ഇടത്തരം കൃഷിക്കാരുടെ (സുഭിക്ഷമായി കഴിയുന്ന ഇടത്തരം കൃഷിക്കാരുൾപ്പെടെ) ഭൂമിയും മററു സ്വത്തുക്കളും എടുത്തുകൂടാ.

## നിയമം 8

വിമോചനത്തിനുശേഷം, നിയമപ്രകാരം കണ്ടുകെട്ടുകയോ ഗവർമ്മെണ്ടേറെറടുക്കുകയോ ചെയ്യേണ്ടതായ ഏതെങ്കിലും ഭൂമി വില്പനയായോ പണയമായോ ദാനമായോ മററേതെങ്കിലും വഴിക്കോ കൈമാററം ചെയ്യുകയോ ഛിന്നിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതെല്ലാം നിയമപ്രകാരം അസാധുവായി പ്രഖ്യാപിക്കപ്പെടണം. അവയെല്ലാം പുനർവിഭജനം ചെയ്യേണ്ട ഭൂമിയിലുൾപ്പെടുത്തണം. എന്നാൽ ഭൂമി പണയമെടുത്തിട്ടുള്ള കൃഷിക്കാർക്ക് അതുമൂലം ഗണ്യമായ വല്ല നഷ്ടവും സഹിക്കേണ്ടിവരുന്ന പക്ഷം അവർക്കു തക്കതായ നഷ്ടപരിഹാരം കൊടുക്കാൻ വേണ്ട നടപടികൾ ഉണ്ടാക്കേണ്ടതാണ്.

## നിയമം 9

ജന്മികൾ, ധനികകൃഷിക്കാർ, ഇടത്തരം കൃഷിക്കാർ, ചെറുകൃഷിക്കാർ, കർഷകത്തൊഴിലാളികൾ, നാട്ടിൻപുറത്തെ മററു സാമൂഹ്യവർഗ്ഗങ്ങൾ എന്നിവർക്കുള്ള നിയമപരമായ നിർവ്വചനം പ്രത്യേകമെടുത്തു പരിശോധിക്കുന്നതാണ്.

ഭാഗം മൂന്നു്

# ഭൂമിയുടെ വിതരണം

## നിയമം 10

ഇപ്രകാരം കണ്ടുകെട്ടുകയും ഏറ്റെടുക്കുകയും ചെയ്യുന്ന എല്ലാ ഭൂമിയും മറ്റുല്പാദനോപകരണങ്ങളും, ഈ നിയമത്തിൽ ദേശവല്ക്കരിക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുള്ളവയൊഴിച്ച്, അല്പംമാത്രം ഭൂമിയുള്ളവരും തീരെയില്ലാത്തവരും മറ്റുല്പാദനോപകരണങ്ങളില്ലാത്തവരുമായ സാധുകൃഷിക്കാർക്കു ഏകീകൃതവും ന്യായവും യുക്തിയുക്തവുമായ രീതിയിൽ വിതരണം ചെയ്യുവാനായി * ഹ്സിയാങ്ങ് കർഷകസംഘടനകൾ ഏറ്റെടുക്കേണ്ടതാണ്. ജന്മികൾക്കു സ്വന്തം പ്രയത്നംകൊണ്ടു ജീവിക്കുകയും അങ്ങിനെ അദ്ധ്വാനത്തിൽകൂടി സ്വയം പരിഷ്ക്കരിക്കുകയും ചെയ്യത്തക്കവിധം തുല്യമായ ഒരു ഓഹരി കൊടുക്കണം.

## നിയമം 11

ഇപ്പോൾ ഭൂമിയിൽ കൃഷിചെയ്യുന്നവനു അതു് നൽകണമെന്ന തത്വത്തെ അടിസ്ഥാനമാക്കി ഹ്സിയാങ്ങ് വഴിക്കോ, ഒരൊറ്റഘടകമെന്ന നിലയിൽ ഒരു ഹ്സിയാങ്ങിനോടു തുല്യമായ ഒരു ഭരണപരമായ ഗ്രാമം വഴിക്കോ വിതരണം ചെയ്യണം. ജനസംഖ്യയനുസരിച്ച് ഏകീകൃതമായ ഒരു രീതിയിൽ ഭൂമി വിതരണം ചെയ്യണം. ഭൂമിയുടെ വലുപ്പവും ഗുണവും സ്ഥിതിയും നോക്കി തക്കവശത്തിൽ ഭേദഗതികൾ ചെയ്യുകയും വേണം.

* ചുവിനോ കൌണ്ടി (താലൂക്ക് പ.) കർഷകസംഘങ്ങളോ, വിവിധ ഹ്സിയാങ്ങുകളോ ഹ്സിയാങ്ങിനു തുല്യമായ ഭര

---

* അനേകം ഗ്രാമങ്ങളിൽകൂടി വ്യാപിച്ചിരിക്കുന്ന ഒരു ഭരണപരമായ ഘടകമാണ് ഹ്സിയാങ്ങ്.

---

* ചു എന്നതു് ഒരു കൌണ്ടിയുടെ പടിയിലും താണ ഒരുപജില്ലയാണ്.

ന്നപരമായ ഗ്രാമങ്ങളോ തമ്മിൽ ആവശ്യമായ ചില മാററങ്ങൾ ചെയ്യാവുന്നതാണ്. ജനസംഖ്യ കുറവും വിസ്തീർണ്ണം കൂടുതലുമായ പ്രദേശങ്ങളിൽ കൃഷിയുടെ സൌകര്യത്തിനുവേണ്ടി ഭൂവിതരണഘടകം ചെറുതും ഹ്സിയാങ്ങിൻെറ പടിയിലും താണതുമാവാം. രണ്ടു ഹ്സിയാങ്ങുകളുടെ അതിരുവഴിക്കു കിടക്കുന്ന ഭൂമി, യഥാർത്ഥത്തിൽ കൃഷിചെയ്യുന്നവർ താമസിക്കുന്നത് ഏതു ഹ്സിയാങ്ങിലാണെന്നുവെച്ചാൽ അതിന് നൽകേണ്ടതാണ്.

## നിയമം 12

കൃഷിചെയ്യുന്നവനു ഭൂമി നൽകണമെന്ന തത്വപ്രകാരം കൃഷിക്കാരൻെറ ഭൂമി, വിതരണത്തിനായി എടുത്തുകൂടാ. പാട്ടത്തിനു കൊടുത്തിരിക്കുന്ന ഭൂമി വിതരണത്തിനായെടുക്കുമ്പോൾ അതു കൃഷിചെയ്യുന്നവനു ന്യായമായ പരിഗണന നൽകണം. ഭൂവിതരണത്തിലൂടെ അവനു കിട്ടിയ ഭൂമിയും അവൻെറ സ്വന്തമായ (അങ്ങിനെയുണ്ടെങ്കിൽ) ഭൂമിയും കൂട്ടിയാൽ, അല്പം മാത്രം ഭൂമിയുള്ളവർക്കും തീരെയില്ലാത്തവർക്കും വിതരണത്തിനുശേഷമുണ്ടാവുന്ന ഭൂമിയേക്കാൾ സ്വല്പമായും സമീചീനമായും കൂടുതലായിരിക്കണം. ഇതിലടിസ്ഥാനമാക്കേണ്ട തത്വം; കൃഷിചെയ്യുന്നവനു കൈവശം വെയ്ക്കാവുന്ന ഭൂമി, ആ പ്രദേശത്തു ശരാശരി ആളൊന്നുക്കുള്ള ഭൂമിയുടെ ഏകദേശമായിരിക്കണമെന്നതാണ്.

കൃഷിചെയ്യുന്നവനു, അവൻ പാട്ടത്തിനു കൊടുക്കുന്ന ഭൂമിയുടെ മേൽ ഉടമാവകാശമുണ്ടെങ്കിൽ, ആ ഭൂമി വിതരണത്തിനായെടുക്കുമ്പോൾ ആ അവകാശത്തിൻെറ വിലയോളം വരുന്ന ഭൂമി അവനുവേണ്ടി നീക്കിനിത്തേണ്ടതാണ്

## നിയമം 13

വിതരണത്തിനിടയിൽ ഭൂമിയില്ലാത്തവരും ഭൂദരിദ്രരുമായ ജനസംഖ്യയുടെ ചില പ്രത്യേക പ്രശ്നങ്ങളെ താഴെ പറയുംവിധം പരിഹരിക്കേണ്ടതാണ്:

(a) പ്രവൃത്തിചെയ്യാൻ കഴിവുള്ള ഒന്നോ രണ്ടോ അംഗങ്ങളുള്ള ഒരു സാധു കൃഷിക്കുടുംബത്തിന്നു, ഹ്സിയാങ്ങിലെ സ്ഥിതി അനുവദിക്കുന്നപക്ഷം, ഒന്നോ രണ്ടോ ആളുകൾക്കുള്ള വിഹിതത്തിൽ കൂടുതൽ ഭൂമി നൽകാവുന്നതാണ്.

(b) നാട്ടിൻപുറത്തുള്ള കൈത്തൊഴിൽകാർക്കും കൊണ്ടുനടന്നു വില്പനക്കാർക്കും തൊഴിൽക്കാർക്കും അവരുടെ ആശ്രിതർക്കും ഓരോരുത്തരുടേയും സ്ഥിതിക്കനുസരിച്ച് കുറച്ചു ഭൂമിയും മററുല്പാദനോപകരണങ്ങളും നൽകേണ്ടതാണ്. എന്നാൽ അവരുടെ തൊഴിലിൽനിന്നുള്ള വരവ് അവരുടെ ആശ്രിതരുടെ ന്യായമായ സംരക്ഷണത്തിന്നു മതിയാവുന്നപക്ഷം അവക്കു ഭൂമി നൽകേണ്ടതില്ല.

(c) രക്തസാക്ഷികളുടെ കുടുംബാംഗങ്ങൾക്കും (രക്തസാക്ഷിയായ ആളേയും ഒരു കുടുംബാംഗമായി എണ്ണാവുന്നതാണ) പട്ടാള ഉദ്യോഗസ്ഥന്മാക്കും, സാധാരണ ഭടന്മാക്കും, ജനകീയ വിമോചനസേനയിലെ മുറിവേററവരും അതിൽനിന്നു പിരിച്ചുവിടപ്പെട്ടവരുമായ പട്ടാളക്കാർക്കും ജനകീയഗവമ്മേണ്ടിലേയും ജനകീയസംഘടനകളിലേയും ജോലിക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും (സൈന്യത്തോടൊന്നിച്ചു യാത്രചെയ്യുന്നവരുൾപ്പെടെ) അവരുടെ വീടുകൾ നാട്ടിൻപുറത്താണെങ്കിൽ, കൃഷിക്കാക്കു നൽകുന്നതിന്നു തുല്യമായ ഭൂമിയും മററുല്പാദനോപകരണങ്ങളും നൽകാവുന്നതാണ്. എന്നാൽ ജനകീയഗവമ്മേണ്ടിലേയും ജനകീയസംഘടനകളിലേയും ജോലിക്കാരുടെ കാര്യത്തിൽ, അവരുടെ ശമ്പളത്തിൻേറയും മററു വരവിൻേറയും ആശ്രിതരെ സംരക്ഷിക്കാനുള്ള അവരുടെ കഴിവിൻേറയും തോതനുസരിച്ചു കുറച്ചുമാത്രം ഭൂമി കൊടുക്കുകയോ അഥവാ ഒട്ടുംതന്നെ കൊടുക്കാതിരിക്കുകയോ ചെയ്യാവുന്നതാണ്.

(d) ഒരു പ്രദേശത്തു താമസിക്കുന്നവർ മറെറവിടെയെങ്കിലും ജോലിക്കുപോകുന്ന പക്ഷം, അവിടെത്തന്നെ താമസിക്കുന്ന അവരുടെ ആശ്രിതക്കു ഓരോരുത്തരുടേയും സ്ഥിതിക്കനുസരിച്ചു ഭൂമിയും മററുല്പാദനോപകരണങ്ങളും കൊടുക്കേണ്ടതാണ്. എ

ന്നാൽ അങ്ങിനെ ജോലിക്കുപോകുന്നവരുടെ വരവ് അവരുടെ ആശ്രിതരുടെ ന്യായമായ സംരക്ഷണത്തിനു മതിയാവുന്നപക്ഷം, ഭൂമി കൊടുക്കേണ്ടതില്ല.

(e) സന്യാസികൾക്കും കന്യാസ്ത്രീകൾക്കും പാതിരികൾക്കും മററു മതസിൽബന്തികൾക്കും, മററുപജീവനമാർഗ്ഗങ്ങളില്ലാതിരിക്കുകയും കാഷികവേലയിലേർപ്പെടാൻ കഴിവും മനസ്സുമുണ്ടായിരിക്കയും ചെയ്യുന്നപക്ഷം, കർഷകക്ക് കൊടുക്കുന്നതിനു തുല്യമായ ഭൂമിയും മററുല്പാദനോപകരണങ്ങളും കൊടുക്കേണ്ടതാണ്.

(f) മുൻസിപ്പൽ ഗവമ്മെണ്ടുകളുടേയോ ട്രേഡുയൂണിയനുകളുടേയോ സർട്ടിഫിക്കററുകളോടെ നാട്ടിൻപുറത്തു മടങ്ങിവരുന്ന ജോലിയില്ലാത്ത തൊഴിലാളികൾക്കും അവരുടെ ആശ്രിതക്കും, അവർ ഭൂമി ആവശ്യപ്പെടുകയും, കാഷികവേലയിലേർപ്പെടാനവക്കു കഴിവുണ്ടായിരിക്കയും സ്ഥലത്തു അവക്കു നൽകാൻ ഭൂമിയുണ്ടായിരിക്കയും ചെയ്യുന്ന പക്ഷം കൃഷിക്കാരുടെ ഓഹരിക്കു തുല്യമായ ഭൂമിയും മററു ഉല്പാദനോപകരണങ്ങളും കൊടുക്കേണ്ടതാണ്.

(g) ഓടിപ്പോയതിനുശേഷം മടങ്ങിവരുന്ന ജന്മികൾക്കും ഒരിക്കൽ ശത്രുവിനുവേണ്ടി പ്രവത്തിച്ചിട്ടു നാട്ടിൻപുറത്തു മടങ്ങിവരുന്നവക്കും അങ്ങിനെയുള്ളവരുടെ കുടുംബങ്ങൾക്കും, കാഷികവേലയെടുത്തു ഉപജീവനം നേടാൻ മനസ്സുള്ളപക്ഷം, കൃഷിക്കാക്കു കൊടുക്കുന്നതിനു തുല്യമായ ഓഹരി ഭൂമിയും മററു കാഷികോപകരണങ്ങളും കൊടുക്കേണ്ടതാണ്.

(h) നാട്ടിൻപുറത്തു താമസിക്കുന്നവരിൽ ശത്രുക്കളുമായി സഹകരിക്കുന്നവരും രാജ്യദ്രോഹികളും യുദ്ധപാതകികളും ഏററവും ഗൌരവമേറിയ അക്രമങ്ങൾ ചെയ്തിട്ടുള്ള എതിർ വിപ്ലവകാരികളുമായി ജനകീയഗവമ്മെണ്ടു പ്രഖ്യാപിച്ചിട്ടുള്ളവക്കും കാഷികപരിഷ്ക്കാരത്തിന് തുടച്ചയായി തുരങ്കംവെച്ചിട്ടുള്ള ക്രിമിനൽപുള്ളികൾക്കും ഭൂമി കൊടുത്തുകൂടാ. അവരുടെ അക്രമപ്രവൃത്തികളിൽ പങ്കുചേന്നിട്ടില്ലാത്തവരും ഉപജീവനത്തിനു മററു ജോലികളില്ലാത്തവ

രും കാർഷികജോലിയെടുക്കാൻ ഇഷ്ടപ്പെടുന്നവരുമായ അവരുടെ കുടുംബാംഗങ്ങൾക്ക് കൃഷിക്കാർക്കുള്ള അതേ ഓഹരി ഭൂമിയും മററുല്പാദനോപകരണങ്ങളും കൊടുക്കേണ്ടതാണ്.

## നിയമം 14

ഭൂമിവിതരണത്തിന്നിടയിൽ, പ്രാദേശികപരിതഃസ്ഥിതികളനുസരിച്ച് ഓരോ ഹ്സിയാങ്ങും തന്നാട്ടുകാരിൽ ഓടിപ്പോയവരും എവിടെയാണെന്നറിവില്ലാത്തവരും എന്നാൽ മടങ്ങിവരാനിടയുള്ളവരുമായവരുടെ കൃഷിയാവശ്യത്തിനുവേണ്ടിയോ, ആഹ്സിയാങ്ങിനകത്തു വേണ്ടിവരുന്ന നീക്കുപോക്കുകൾക്കുപയോഗിക്കാൻവേണ്ടിയോ കുറച്ചു ഭൂമി നീക്കി നിർത്തേണ്ടതാണ്. ഇങ്ങനെ ഒഴിച്ചുനിർത്തുന്ന ഭൂമി ആഹ്സിയാങ്ങിലെ ജനകീയഗവമ്മെണ്ടിന്റെ ഭരണത്തിൻകീഴിലാക്കുകയും കൃഷിക്കാർക്ക് പാട്ടത്തിനു കൊടുക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇങ്ങിനെ ഒഴിച്ചു നിർത്തുന്ന ഭൂമിയുടെ ആകെത്തുക ആഹ്സിയാങ്ങിലുള്ള ആകെ ഭൂമിയുടെ ഒരു ശതമാനത്തിലധികമായിക്കൂടാ.

## നിയമം 15

ഭൂമി വിതരണത്തിന്നിടയ്ക്കു ജില്ലയുടെ പടിയിലുള്ളതോ അതിലുമുയർന്നതോ ആയ ജനകീയഗവമ്മെണ്ടുകൾക്ക്, പ്രാദേശികസ്ഥിതിക്കനുസരിച്ച്, ദേശവൽക്കരിക്കുകയും ഒന്നോ അതിലധികമോ ജില്ലകൾക്കുവേണ്ടിയുള്ള കാർഷികപരീക്ഷണസ്ഥലങ്ങളോ സ്റ്റേററുവകയായ മാതൃകാകൃഷിസ്ഥലങ്ങളോ ഏർപ്പെടുത്തുവാനുപയോഗിക്കുകയും ചെയ്യാൻവേണ്ടി ഏതാനും ഭൂമി നീക്കിവെക്കാവുന്നതാണ്. അത്തരം കൃഷിസ്ഥലങ്ങൾ ഏർപ്പെടുത്താത്തിടത്തോളം കാലം അങ്ങിനെയുള്ള ഭൂമി കൃഷിക്കാർക്ക് പാട്ടത്തിനു കൊടുക്കാവുന്നതാണ്.

ഭാഗം നാല്

# ഭൂമിയെ സംബന്ധിച്ച പ്രത്യേകപ്രശ്നങ്ങളെ എങ്ങിനെ കൈകാര്യം ചെയ്യണം.

## നിയമം 16

കണ്ടുകെട്ടുകയും ഏറെറടുക്കുകയും ചെയ്യുന്ന കാടുകളും മീൻതടാകങ്ങളും ചായത്തോട്ടങ്ങളും എണ്ണക്കുരുത്തോട്ടങ്ങളും, മാംബാറിവയലുകളും മുളങ്കാടുകളും, ഫലവൃക്ഷത്തോപ്പുകളും പുൽപ്രദേശങ്ങളും തരിശുഭൂമികളും വിതരണം ചെയ്യപ്പെടാവുന്ന മററു ഭൂമികളും സാധാരണ ഭൂമിയെപ്പോലെതന്നെ യുക്തമായ ഒരു തോതിൽ കണക്കാക്കി ഏകീകൃതമായ രീതിയിൽ വിതരണം ചെയ്യണം. ഉല്പാദനത്തിന്റെ താല്പര്യത്തെ മുൻനിർത്തി ഈ ഭൂമികൾ ആദ്യമായി കഴിയുന്നതും അവയെ അതുവരെ ഉപയോഗിച്ചുകൊണ്ടിരുന്ന കൃഷിക്കാക്ക് നൽകേണ്ടതാണ്. ഇത്തരം ഭൂമി കിട്ടുന്നവക്ക് സാധാരണ കൃഷിഭൂമി അല്പം മാത്രമേ കൊടുക്കേണ്ടതുള്ളൂ; അഥവാ ഒട്ടുംതന്നെ കൊടുക്കാതിരിക്കയും ചെയ്യാം. ഇത്തരം വിതരണം ഉല്പാദനത്തിന്ന ഹാനികരമാണെങ്കിൽ, പ്രാദേശികജനകീയഗവമ്മെണ്ടിന് ജനാധിപത്യപരമായ മാനേജുമെണ്ടിൻ കീഴിൽ മുൻ നടപ്പനുസരിച്ച് ആ ഭൂമികളെ ശരിയായ നിലയിൽ പ്രവത്തിപ്പിക്കാവുന്നതാണ്.

## നിയമം 17

കണ്ടുകെട്ടുകയും ഏറെറടുക്കുകയും ചെയ്ത അണക്കെട്ടുകളും ചിറകളും മററുമായ ജലസേചന ഏർപ്പാടുകൾ വിതരണം ചെയ്യപ്പെടാവുന്നതാണെങ്കിൽ വയലുകളോടൊപ്പം വിതരണം ചെയ്യണം. വിതരണം ചെയ്യാൻ സൌകര്യമുള്ള വയലല്ലെങ്കിൽ പ്രാദേ

ശികജനകീയഗവമ്മെണ്ടു മുൻനടപ്പനുസരിച്ചു അവയെ ജനാധിപത്യപരമായി മാനേജ് ചെയ്യണം.

## നിയമം 18

വലിയ കാടുകളും വലിയ ജലസംഭരണ ഏർപ്പാടുകളും വിസ്താരമേറിയ തരിശുഭൂമികളും കൃഷിചെയ്യാതെ കിടക്കുന്ന വലിയ കുന്നിൻചെരിവുകളും വലിയ ഉപ്പുവയലുകളും ഖനികളും തടാകങ്ങളും ചതുപ്പുനിലങ്ങളും പുഴകളും തുറമുഖങ്ങളുമെല്ലാം ദേശവൽക്കരിച്ചു ജനകീയഗവമ്മെണ്ടുകൾ മാനേജുചെയ്തു നടത്തണം. സ്വകാര്യമൂലധനം മുടക്കിയിട്ടുള്ളവയും ഇതുവരെ സ്വകാര്യ മാനേജുമെണ്ടിൽ നടത്തപ്പെട്ടവയും, ജനകീയഗവമ്മെണ്ടു നടപ്പിലാക്കിയിട്ടുള്ള നിയമങ്ങളനുസരിച്ചു നിലവിലുള്ള മാനേജുമെണ്ടിൽതന്നെ തുടരാവുന്നതാണ്.

## നിയമം 19

യന്ത്രങ്ങളും മററു ആധുനികോപകരണങ്ങളുമുപയോഗിച്ചു കൃഷിചെയ്യുന്ന കൃഷിസ്ഥലങ്ങളും ഞാററുനിലങ്ങളും കാർഷികപരീക്ഷണസ്ഥലങ്ങളും സാങ്കേതികോപാധികൾ അത്യാവശ്യമായ വലിയ മുളങ്കാടുകൾ ഫലവൃക്ഷത്തോപ്പുകൾ, ചായത്തോട്ടങ്ങൾ, എണ്ണക്കുരുത്തോട്ടങ്ങൾ, മൾബറി വളപ്പുകൾ, മേച്ചിൽ സ്ഥലങ്ങൾ എന്നിവയും നിലവിലുള്ള മാനേജുമെണ്ടിൽതന്നെ തുടരുകയും ഛിന്നിക്കാതിരിക്കുകയും വേണം. എന്നാൽ അത്തരം ഭൂമി ജന്മികളുടെ വകയാണെങ്കിൽ പ്രാദേശികപടിയിലോ അതിലുയർന്നതോ ആയ ജനകീയഗവമ്മെണ്ടുകളുടെ അനുമതിയോടുകൂടി അതു ദേശവൽക്കരിക്കാവുന്നതാണ്.

## നിയമം 20

കണ്ടുകെട്ടുകയും ഏറെറടുക്കുകയും ചെയ്യുമ്പോൾ ശ്മശാനങ്ങളും കാടുകളും ഒഴിച്ചിടേണ്ടതാണ്.

## നിയമം 21

കാഴ്ചസ്ഥലങ്ങളും ചരിത്രാവശിഷ്ടങ്ങളും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളും നിഷ്കൃഷ്ടയോടെ നിലനിർത്തേണ്ടതാണ്. പൂൎവ്വികന്മാരെ കുടിയിരുത്തിയിട്ടുള്ള കൊട്ടിലുകളും അമ്പലങ്ങളും സന്ന്യാസിമഠങ്ങളും പള്ളികളും മററു പൊതുമന്ദിരങ്ങളും ജന്മികളുടെ വീടുകളും നശിപ്പിച്ചുകൂടാ. ജന്മികൾക്കു നാട്ടിൻപുറത്തുള്ള മിച്ചവീടുകൾ കൃഷിക്കാൎക്കു ഉപയോഗയോഗ്യമല്ലെങ്കിൽ പ്രാദേശിക ജനകീയഗവൎമ്മേണ്ടിന്റെ മാനേജ്മെണ്ടിലാക്കുകയും പൊതുകാൎയ്യങ്ങൾക്കുപയോഗിക്കുകയും ചെയ്യണം.

## നിയമം 22

വിമോചനത്തിനുശേഷം വെട്ടിത്തെളിയിച്ചിട്ടുള്ള തരിശുഭൂമി വിതരണത്തിന്നിടയിൽ കണ്ടുകെട്ടിക്കൂടാ. അതു് വെട്ടിത്തെളിയിച്ചവൎക്കുതന്നെ കൃഷി ചെയ്യാം. വിതരണം ചെയ്യാനുള്ള ഭൂമിയിൽ അതുൾപ്പെടുത്തിക്കൂടാ.

## നിയമം 23

പാലങ്ങളും റോഡുകളും കേടുപോക്കി സംരക്ഷിക്കുന്നതിനാവശ്യമായ ചെറിയ തുണ്ടു ഭൂമികളും വിശ്രമസ്ഥലങ്ങളും സൌജന്യമായ കടത്തുകളും മററു പൊതുജനസൌകൎയ്യസ്ഥലങ്ങളും മുൻനടപ്പനുസരിച്ചു ഒഴിച്ചിടേണ്ടതാണ്.

## നിയമം 24

വിദേശത്തുള്ള ചൈനക്കാരുടെ വകയായ ഭൂമിയും കെട്ടിടങ്ങളും ഓരോ * വലിയ ഭരണപരമേഖലകളിലെ ജനകീയഗവൎമ്മേണ്ടുകളോ (അഥവാ സൈനികമോ ഭരണപരമോ ആയ കമ്മിററികളോ) സാംസ്ഥാനിക ജനകീയഗവൎമ്മേണ്ടുകളോ, വിദേശത്തുള്ള ചൈനക്കാരുടെ താല്പൎയ്യങ്ങളെ കണക്കാക്കിയും ഈ നിയമ

---

* വലിയ ഭരണപരമേഖല അനേകം സംസ്ഥാനങ്ങളിൽ കൂടി വ്യാപിച്ചിരിക്കുന്ന ഒരു ഭരണപരമായ ഘടകമാണ്.

ത്തിന്റെ പൊതുതത്വങ്ങളനുസരിച്ചും നിശ്ചയിക്കുന്ന യുക്തമായ നടപടികളനുസരിച്ചു കൈകാര്യം ചെയ്യേണ്ടതാണ്.

## നിയമം 25

ജന്മിമാരുടേയോ പൊതുസംഘങ്ങളുടേയോ വകയായ മനേൽത്തകിടികളും ജലമൈതാനങ്ങളും ദേശവൽക്കരിക്കുകയും സാംസ്ഥാനികപടിയിലോ അതിലുയർന്നനിലയിലോ ഉള്ള ജനകീയഗവർമ്മെണ്ടുകൾ നിശ്ചയിക്കുന്ന യുക്തമായ നടപടികളനുസരിച്ചു വിനിയോഗിക്കുകയും ചെയ്യണം.

## നിയമം 26

റെയിൽപാതകളുടേയും റോഡുകളുടേയും നദികളുടേയും നദിയിലെ അണക്കെട്ടുകളുടെയും സംരക്ഷണത്തിനാവശ്യമായ തീരഭൂമികളും വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ കോട്ടമതിലുകൾ എന്നിവ നില്ക്കുന്ന സ്ഥലവും വിതരണം ചെയ്തുകൂടാ. പണിതുടങ്ങുവാനുള്ള വിജ്ഞപ്തി നിശ്ചയിക്കപ്പെട്ടിട്ടുള്ള റെയിൽവേകൾക്കും, റോഡുകൾക്കും, ജലമാർഗ്ഗങ്ങൾക്കും, വിമാനത്താവളങ്ങൾക്കും വേണ്ടിവരുന്ന സ്ഥലങ്ങൾ പ്രാദേശികപടിയിലോ അതിലുയർന്നനിലയിലോ ഉള്ള ജനകീയഗവർമ്മെണ്ടുകളുടെ അനുമതിയോടുകൂടി നീക്കിനിർത്തേണ്ടതാണ്.

## നിയമം 27

സ്വകാര്യവ്യക്തികളുടെ മാനേജ്മെണ്ടിലുള്ള സ്റ്റേററുവകയായ ഭൂമി അവർ പാട്ടത്തിനു കൊടുക്കുകയോ വില്ക്കുകയോ വെറുതെയിടുകയോ ചെയ്തുകൂടാ. അവക്ക് ആ ഭൂമി ആവശ്യമില്ലെങ്കിൽ സ്റ്റേററിനെ തിരികെ ഏല്പിക്കാവുന്നതാണ്.

## ഭാഗം അഞ്ച്

# കാർഷിക പുനഃസംവിധാനം നടപ്പാക്കാൻവേണ്ട സംഘടനകളും പ്രവർത്തനരീതികളും

### നിയമം 28

കാർഷികപരിഷ്കാരം നടപ്പാക്കുന്നതിൽ ജനകീയഗവർമ്മേണ്ടുകളുടെ നേതൃത്വം ശക്തിപ്പെടുത്താൻ വേണ്ടി കൌണ്ടിനിലയിലുള്ളതോ അതിലുമുയർന്നതോ ആയ ജനകീയഗവർമ്മേണ്ടുകൾ, കാർഷികപരിഷ്കാരത്തിന്റെ സമയത്ത് ജനകീയപ്രതിനിധികളുടെ സമ്മേളനങ്ങൾ തിരഞ്ഞെടുക്കുന്നവരോ ഉയർന്ന പടിയിലുള്ള ജനകീയഗവർമ്മേണ്ടുകൾ നിയമിക്കുന്നവരോ ആയ ആളുകളടങ്ങുന്ന കാർഷികപരിഷ്കാരക്കമ്മിററികൾ സംഘടിപ്പിക്കണം. കാർഷികപരിഷ്കാരത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങളേയും നിർദ്ദേശിക്കുകയും നടത്തുകയും ചെയ്യുന്നത് ഈ കമ്മിററികളുടെ ഉത്തരവാദിത്വമാണ്.

### നിയമം 29

ഹ്സിയാങ്ങിലും ഗ്രാമത്തിലുമുള്ള കർഷകയോഗങ്ങളും കർഷകപ്രതിനിധിസമ്മേളനങ്ങളും, അങ്ങിനെയുള്ള സമ്മേളനങ്ങളിൽ തിരഞ്ഞെടുക്കപ്പെടുന്ന കർഷകസംഘങ്ങളുടെ കമ്മിററികളും ചു, കൌണ്ടി, സംസ്ഥാനമെന്നീ പടികളിലുള്ള കർഷകകോൺഗ്രസ്സുകളും അങ്ങിനെയുള്ള കോൺഗ്രസ്സുകളിൽ തിരഞ്ഞെടുക്കപ്പെടുന്ന കർഷകസംഘങ്ങളുടെ കമ്മിററികളും കാർഷികസമ്പ്രദായത്തെ പുനഃസംവിധാനം ചെയ്യുന്നതിനുള്ള നിയമപരമായ നിർവ്വാഹകസംഘടനകളാണ്.

### നിയമം 30

കാർഷികപരിഷ്കാരം പൂർത്തികരിച്ചുകഴിഞ്ഞാൽ ജനകീയഗവർമ്മേണ്ടു അവകാശങ്ങൾ സ്ഥാപിച്ചു കച്ചീട്ടു കൊടുക്കുകയും എ

ല്ലാ ഭൂമിയുടമസ്ഥന്മാൎക്കും ഇഷ്ടംപോലെ ഭൂമി മാനേജ് ചെയ്യാനും വില്ക്കാനും വാങ്ങാനും പാട്ടത്തിന്നു കൊടുക്കാനുമുള്ള അവകാശം അംഗീകരിക്കുകയും ചെയ്യണം. കാൎഷികപരിഷ്ക്കാരത്തിനു മുമ്പുണ്ടായിട്ടുള്ള എല്ലാ കരാറുകളും അസാധുവായിരിക്കുന്നതാണ്.

## നിയമം 31

വസ്തുപരമായ പദവികൾ നിൎണ്ണയിക്കുന്നത് നാട്ടിൻപുറത്തുള്ള വൎഗ്ഗവകതിരിവിനെ സംബന്ധിച്ച കേന്ദ്ര ജനകീയഗവൎമ്മേണ്ട് പുറപ്പെടുവിച്ചിട്ടുള്ള തീരുമാനങ്ങളനുസരിച്ചായിരിക്കണം. സ്വയംനിൎണ്ണയത്തിന്റേയും പൊതു വാദപ്രതിവാദത്തിന്റേയും രീതിയിൽ വില്ലേജ് ജനകീയ ഗവൎമ്മേണ്ടുകളുടെ നേതൃത്വത്തിലുള്ള ഗ്രാമകൎഷകയോഗങ്ങളും കൎഷകപ്രതിനിധിസമ്മേളനങ്ങളും ജനാധിപത്യപരമായി വിലയിരുത്തി തീരുമാനമെടുത്തായിരിക്കണം അതു തീൎച്ചപ്പെടുത്തുന്നതു്. ഏതെങ്കിലുമൊരാളെപ്പററി തീരുമാനിക്കുമ്പോൾ അയാൾ കൎഷകസംഘത്തിൽ അംഗമല്ലെന്നിരുന്നാലും, യോഗങ്ങളിലുള്ള വിലയിരുത്തലിലും തീരുമാനത്തിലും പങ്കെടുക്കുവാൻ അയാളെ ക്ഷണിക്കുകയും തന്റെ ഭാഗം വാദിക്കാൻ അയാളെ അനുവദിക്കുകയും ചെയ്യണം.

വിലയിരുത്തലും തീരുമാനവും അംഗീകാരത്തിനായി ചു ജനകീയഗവൎമ്മേണ്ടിന്നു റിപ്പോൎട്ടു ചെയ്യണം. ഏതെങ്കിലുമൊരാളെ സംബന്ധിച്ചുണ്ടായ തീരുമാനത്തോടു അയാളോ മററാരെങ്കിലുമോ യോജിക്കുന്നില്ലെങ്കിൽ അയാൾക്കു ഗവൎമ്മേണ്ടിന്റെ അംഗീകാരപ്രഖ്യാപനത്തിന്നു ശേഷം 15 ദിവസത്തിനകം കൌണ്ടി ജനകീയക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്, കോടതി വിധി പറയുകയും അതു നടപ്പാക്കുകയും ചെയ്യണം.

## നിയമം 32

കാൎഷികപരിഷ്ക്കാരത്തിന്നിടയിൽ, അതു നടപ്പാവുന്നതിനുള്ള ഉറപ്പിനുവേണ്ടി ഓരോ ജില്ലയിലും ഒരു ജനകീയക്കോടതി ഏൎപ്പെടുത്തണം. കോടതി ഓരോ സ്ഥലത്തേയ്ക്കും യാത്രചെയ്യുകയും ജന

ങ്ങൾ ശിക്ഷിക്കണമെന്നാവശ്യപ്പെടുന്നവരും നീചമായ അക്രമങ്ങൾ ചെയ്തിട്ടുള്ളവരുമായ വെറുക്കപ്പെട്ട താൻപ്രമാണികളേയും കാർഷികപരിഷ്ക്കാരനിയമത്തിന്റെ വ്യവസ്ഥകളേയും കല്പനകളേയും ചെറുക്കുകയോ ലംഘിക്കുകയോ ചെയ്യുന്ന അത്തരത്തിലുള്ള എല്ലാവരേയും നിയമപ്രകാരം വിചാരണചെയ്തു ശിക്ഷിക്കുകയും ചെയ്യണം. വിവേചനം കൂടാതെ അറസ്റ്റ് ചെയ്യുക, ആളുകളെ അടിക്കുകയും കൊല്ലുകയും ചെയ്യുക, ശാരീരികമായ ദണ്ഡനമേല്പിക്കുക തുടങ്ങിയതെല്ലാം കർശനമായി തടഞ്ഞിരിക്കുന്നു.

ജനകീയക്കോടതിയുടെ സംഘടനയെ ഭരിക്കുന്ന നിയമാവലി പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

## നിയമം 33

കാർഷികപരിഷ്ക്കാരത്തിനിടയിൽ സമാധാനം പാലിക്കുന്നതിനും ജനങ്ങളുടെ സ്വത്തിനെ സംരക്ഷിക്കുന്നതിനുമായി, കന്നുകാലികളെ കൊല്ലുന്നതും, അനുവാദം കൂടാതെ മരങ്ങൾ മുറിക്കുന്നതും, ഭൂമി വെറുതെയിടുന്നതും, കാർഷികോപകരണങ്ങൾ, ജലസേചന ഏർപ്പാടുകൾ, കെട്ടിടങ്ങൾ, വിളവ് തുടങ്ങിയവ നശിപ്പിക്കുന്നതും കർശനമായി നിരോധിച്ചിരിക്കുന്നു. ഈ നിയമത്തെ ലംഘിക്കുന്നവരെ ജനകീയക്കോടതി വിചാരണ ചെയ്തു ശിക്ഷിക്കും.

## നിയമം 34

എല്ലാ കാർഷികപരിഷ്ക്കാരനടപടികളും ജനങ്ങളിൽ ബഹുഭൂരിപക്ഷത്തിന്റെ താല്പര്യങ്ങളും ആഗ്രഹങ്ങളുമായി ഫലപ്രദമായിണങ്ങുമെന്നതിന്റെ ഉറപ്പിലേയ്ക്കായി എല്ലാ പടിയിലുമുള്ള ജനകീയ ഗവർമ്മേണ്ടുകൾ ജനങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങളെ ഫലപ്രദമായി സംരക്ഷിക്കുന്നതിനുത്തരവാദപ്പെട്ടിരിക്കണം. കർഷകർക്കും അവരുടെ പ്രതിനിധികൾക്കും എല്ലാ യോഗങ്ങളിലും എല്ലാ തുറയിലും പടിയിലുമുള്ള ഉദ്യോഗസ്ഥന്മാരേയും യഥേഷ്ടം വിമർശിക്കുവാനും കുറ്റപ്പെടുത്താനും അവകാശമുണ്ടായിരിക്കണം. ഈ

അവകാശത്തെ ആരെങ്കിലും ലംഘിച്ചാൽ അയാളെ നിയമപ്രകാരം ശിക്ഷിക്കുന്നതായിരിക്കും.

ഭാഗം ആറ്

# ഉപ നിയമങ്ങൾ

### നിയമം 35

ഈ നിയമം ഗ്രാമപ്രദേശങ്ങൾക്ക പൊതുവേ ബാധകമായിരിക്കും, വലിയ നഗരങ്ങളുടെ സമീപദേശങ്ങൾക്ക ഇതു ബാധകമായിരിക്കയില്ല, അവയ്ക്കുള്ള കാർഷിക പരിഷ്കാരനിയമങ്ങൾ പ്രത്യേകമായി രൂപീകരിക്കുന്നതാണ്. ഈ നിയമത്തിൽ പറഞ്ഞിരിക്കുന്ന വലിയ നഗരങ്ങളെ നിർണ്ണയിക്കേണ്ടതു് അവയുടെ പരിതഃസ്ഥിതിയനുസരിച്ച് വലിയ ഭരണപരമേഖലകളിലെ ജനകീയഗവൺമെൻ്റ് (അഥവാ സൈനികവും ഭരണപരവുമായ കമ്മറ്റി)കളായിരിക്കും.

### നിയമം 36

ദേശീയ ന്യൂനപക്ഷങ്ങൾ താമസിക്കുന്ന പ്രദേശങ്ങൾക്ക് ഈ നിയമം ബാധകമല്ല. എന്നാൽ ഹാൻജനതയ്ക്കു് ഭൂരിപക്ഷമുള്ള പ്രദേശങ്ങളിൽ, കാർഷികപരിഷ്കാരം നടപ്പാക്കുമ്പോൾ, ഹാൻ ജനതയ്ക്കുന്നപോലെ, ചിന്നിച്ചിതറിക്കിടക്കുന്ന ദേശീയ ന്യൂനപക്ഷനിവാസികൾക്കും ഈ നിയമം ബാധകമായിരിക്കും.

### നിയമം 37

കാർഷികപരിഷ്കാരം പൊതുവേ പൂർത്തീകരിച്ചിട്ടുള്ള സ്ഥലങ്ങൾക്ക ഈ നിയമം ബാധകമല്ല.

### നിയമം 38

ഈ നിയമം നടപ്പാക്കിയശേഷം കാർഷികപരിഷ്കാരം തുടങ്ങുന്ന എല്ലാ പ്രദേശങ്ങളും, 35, 36, 37 എന്നിവയിൽ പറഞ്ഞിട്ടുള്ള പ്രദേശങ്ങളൊഴിച്ച്, ഈ നിയമമനുസരിച്ചുതന്നെ പ്രവർത്തി

ച്ചുകൊള്ളണം. വിവിധസ്ഥലങ്ങളിൽ കാർഷികപരിഷ്കാരം ആരംഭിക്കേണ്ട സമയം, വലിയ ഭരണപരമേഖലകളിലെ ജനകീയഗവർമ്മെണ്ടുകളും (അഥവാ സൈനികവും ഭരണപരവുമായ കമ്മറ്റികൾ) സാംസ്ഥാനിക ജനകീയഗവർമ്മെണ്ടുകളും കല്പനമൂലം നിശ്ചയിക്കുകയും പരസ്യപ്പെടുത്തുകയും ചെയ്യണം.

### നിയമം 39

ഈ നിയമം പ്രസിദ്ധപ്പെടുത്തുമ്പോൾ, ഓരോ സാംസ്ഥാനിക ജനകീയഗവർമ്മെണ്ടും അതിൻെറ അധികാരാതിർത്തിക്കുള്ളിൽ കാർഷികപരിഷ്കാരം നടപ്പാക്കാനുള്ള ചട്ടങ്ങൾ ഈ നിയമത്തിൽ പറഞ്ഞിട്ടുള്ള തത്വങ്ങൾക്കനുസരിച്ചും സ്ഥലത്തെ യഥാർത്ഥപരിതഃസ്ഥിതികൾക്കനുസരിച്ചും രൂപീകരിക്കുകയും അവയെ അംഗീകാരത്തിനായി വലിയ ഭരണപരമേഖലകളിലെ ജനകീയഗവർമ്മെണ്ടുകൾക്ക (അഥവാ സൈനികവും ഭരണപരവുമായ കമ്മറ്റികൾക്ക) സമർപ്പിക്കുകയും ചെയ്യണം. അംഗീകാരം ലഭിച്ചാൽ അവ നടപ്പിലാക്കണം. രജിസ്ട്രേഷനുവേണ്ടി അവയെ കേന്ദ്രജനകീയഗവർമ്മെണ്ടിൻെറ അഡ്മിനിസ്ട്രേഷൻ കൌൺസിലിനും (ഭരണസമിതി) സമർപ്പിക്കേണ്ടതാണ്.

### നിയമം 40

കേന്ദ്ര ജനകീയഗവർമ്മെണ്ടിൻെറ കൌൺസിൽ അംഗീകരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തുകഴിഞ്ഞാൽ ഈ നിയമം പ്രവൃത്തിയിൽ വരുന്നതാണ്.

# നാട്ടിൻപുറത്തുള്ള വർഗ്ഗങ്ങളെ വകതിരിക്കുന്നതുസംബന്ധിച്ച തീരുമാനങ്ങൾ *

1. 1950 ജൂൺ 30-ാംനു കേന്ദ്രജനകീയ ഗവർമ്മെണ്ടു നടപ്പാക്കിയ ചൈനയിലെ ജനകീയ റിപ്പബ്ലിക്കിന്റെ കാർഷിക പരിഷ്ക്കാരനിയമത്തെ ശരിയായി പ്രവൃത്തിയിൽ വരുത്തുവാൻ വേണ്ടിയാണ് ഈ തീരുമാനങ്ങൾ പുറപ്പെടുവിക്കുന്നതു്.

2. കാർഷികപ്രശ്നങ്ങൾക്കു് ഒരു ശരിയായ പരിഹാരമുണ്ടാക്കുവാനായി 1933-ൽ ജൂയിച്ചിൻ, കിയാങ്ങ്സി എന്നീ പ്രദേശങ്ങളിൽ ജനാധിപത്യകേന്ദ്രഗവർമ്മെണ്ടു്. നടപ്പാക്കിയ, 'നാട്ടിൻപുറത്തുള്ള വർഗ്ഗങ്ങളുടെ പദവി എങ്ങിനെ വിശകലനം ചെയ്യണം,' 'കാർഷിക പുനഃസ്സംവിധാനത്തിൽനിന്നുത്ഭവിക്കുന്ന ചില പ്രശ്നങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ' എന്നു രണ്ടു് രേഖകളിൽ, ഇപ്പോൾ ഉപയോഗശൂന്യമായിക്കഴിഞ്ഞ ചില അപ്രധാനഭാഗങ്ങളൊഴിച്ചു്, ബാക്കിഭാഗം ഇന്നത്തെ കാർഷികപരിഷ്ക്കാരത്തിൽ പൊതുവേ പ്രയോഗയോഗ്യമാണെന്നാണ് കേന്ദ്രജനകീയഗവർമ്മെണ്ടിന്റെ അഡ്മിനിസ്ട്രേഷൻ കൌൺസിലിന്റെ അഭിപ്രായം. ഈ രണ്ടു രേഖകളും 1948 മേയ് 25-ാംനു ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സെൻ

---

* കേന്ദ്ര ജനകീയഗവർമ്മേണ്ടിന്റെ അഡ്മിനിസ്ട്രേഷൻ കൌൺസിൽ 1950 ആഗസ്റ്റ് 4-ാംനു നിയമമാക്കി അംഗീകരിച്ചതു്.

ട്ടൽക്കമ്മററി വീണ്ടും പ്രസിദ്ധീകരിച്ചിരുന്നു. കാർഷികപരിഷ്കാരത്തിനിടയിൽ അവ പ്രവൃത്തിയിൽ കൊണ്ടുവരികയും ഇന്നത്തെ കാർഷികപരിഷ്കാരത്തിൽ പ്രായോഗയോഗ്യമാണെന്നു തെളിയുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടു ഭാവിയിൽ കാർഷികപ്രശ്നങ്ങളെ ശരിയായി പരിഹരിക്കുന്നതിനുള്ള പ്രമാണങ്ങളെന്ന നിലയിൽ ഉപയോഗിക്കുവാനായി ഈ രണ്ടു രേഖകളും ചില്ലറ തിരുത്തുകളോടും കൂട്ടിച്ചേർക്കലുകളോടുംകൂടി കേന്ദ്ര ജനകീയഗവർമ്മെണ്ടിന്റെ അഡ്മിനിസ്ട്രേഷൻ കൌൺസിൽ ഇതോടെ പ്രസിദ്ധപ്പെടുത്തുന്നു. ഈ രണ്ടു രേഖകളിൽ ഗവർമ്മെണ്ടു അഡ്മിനിസ്ട്രേഷൻ കൌൺസിൽ കൂട്ടിച്ചേർത്തിട്ടുള്ള ഭാഗം ഗവർമ്മെണ്ട് അഡ്മിനിസ്ട്രേഷൻ കൌൺസിൽ അംഗീകരിച്ചിട്ടുള്ള വിശേഷാൽ തീരുമാനങ്ങൾ എന്നതിനു ചുവടെ വരുന്നു. ഗവർമ്മെണ്ട് അഡ്മിനിസ്ട്രേഷൻ കൌൺസിൽ അംഗീകരിച്ചിട്ടുള്ള ചില പുതിയ തീരുമാനങ്ങൾ ഈ രണ്ടു രേഖകളോടു കൂട്ടിച്ചേർത്തിട്ടുണ്ട്.

3. പ്രസിദ്ധീകൃതമായ ഈ രേഖകളിലെ ഏതെങ്കിലും വ്യവസ്ഥയുടെ വ്യാഖ്യാനം കാർഷികപരിഷ്കാരനിയമവുമായി പൊരുത്തപ്പെടാതെ വരുമ്പോഴോ വരുന്നപക്ഷമോ കാർഷികപരിഷ്കാരനിയമമായിരിക്കും ബലത്തിലിരിക്കുക.

4. വിവിധ സാംസ്ഥാനിക ജനകീയഗവർമ്മെണ്ടുകൾക്ക്, ഓരോ പ്രദേശത്തേയും യഥാർത്ഥസ്ഥിതികൾക്കനുസരിച്ചും പ്രസിദ്ധീകൃതമായ രേഖകളിലെ തത്വങ്ങൾക്കനുരോധമായും വർഗ്ഗങ്ങളുടെ വകതിരിവിനെ സംബന്ധിച്ച് വിശേഷാൽ (Supplementary) രേഖകൾ കൂട്ടിച്ചേർക്കാവുന്നതാണ്. എന്നാൽ അങ്ങിനെ കൂട്ടിച്ചേർക്കാവുന്ന രേഖകൾ രജിസ്ട്രേഷനുവേണ്ടി ഗവർമ്മെണ്ടു് അഡ്മിനിസ്ട്രേഷൻ കൌൺസിലിനു സമർപ്പിക്കേണ്ടതാണ്.

# I. നാട്ടിൻപുറത്തുള്ള വർഗ്ഗങ്ങളുടെ പദവിയെ എങ്ങിനെ വിശകലനം ചെയ്യണം.

## 1. ജന്മി

ഭൂമിയുടെ ഉടമസ്ഥതയുള്ളവനും ജോലി ചെയ്യാതിരിക്കുകയോ സഹായക (Supplementary) ജോലികളിൽ മാത്രമേർപ്പെടുകയോ ചെയ്യുന്നവനും ഉപജീവനത്തിനു ചൂഷണത്തെ ആശ്രയിക്കുന്നവനുമായ ഒരുവനെ ജന്മിയായി തരംതിരിക്കണം. ജന്മികളുടെ ചൂഷണം പ്രധാനമായും പാട്ടവും അതോടുകൂടിയുള്ള പണം പലിശക്കു കൊടുക്കലും കൂലിവേലയെടുപ്പിക്കലും അഥവാ ഇതിനോടെല്ലാമൊരുമിച്ചുള്ള വ്യാവസായികവും കച്ചവടപരവുമായ ഏർപ്പാടുകൾ നടത്തലും, എന്നീ രൂപങ്ങളിലാണ്. എന്നാൽ ജന്മികൾ കൃഷിക്കാരെ ചൂഷണംചെയ്യുന്നതിൻെറ പ്രധാനരൂപം കൃഷിക്കാരിൽനിന്നു പിരിക്കുന്ന ഭൂമിയുടെ പാട്ടമാണ്. പൊതുസംഘങ്ങളുടെ വകയായ ഭൂമികളുടെ നടത്തിപ്പും സ്കൂൾ വക ഭൂമിയിൽനിന്നു പാട്ടം പിരിക്കുന്നതുംകൂടി പാട്ടത്തിൻെറ രൂപത്തിലുള്ള ചൂഷണത്തിൽ പെടും.

പാപ്പരായിട്ടും ജോലിചെയ്യാൻ കഴിവുണ്ടായിട്ടും ജോലിചെയ്യാതിരിക്കുന്നവരും സാധാരണ ഇടത്തരം കൃഷിക്കാരനേക്കാൾ നല്ല നിലയിൽ കഴിയുന്നവരുമായ ചില പൊളിഞ്ഞ ജന്മികളെ ജന്മികൾ എന്ന വർഗ്ഗത്തിൽതന്നെ പെടുത്തണം.

യുദ്ധത്തലവന്മാരും, ഉദ്യോഗസ്ഥമേധാവികളും പ്രാദേശിക താൻപ്രമാണികളും ദുഷ്ടരായ മാന്യന്മാരുമാണ് ജന്മിവർഗ്ഗത്തിൻെറ രാഷ്ട്രീയ പ്രതിനിധികൾ; ജന്മികൾക്കിടയിൽ പ്രത്യേകിച്ചും ക്രൂരരും ദുഷ്ടരുമായവരാണിവർ. (ധനികകൃഷിക്കാർക്കിടയിലും ചെറിയ പ്രാദേശിക താൻപ്രമാണികളും ദുഷ്ടരായ മന്യന്മാരുമുണ്ട്)

പാട്ടം പിരിക്കുകയും ജന്മികളുടെ ഭൂസ്വത്തു മാനേജു ചെയ്യുകയും ഉപജീവനത്തിനു ജന്മികളുടെ കർഷകചൂഷണത്തെ ആശ്രയിക്കുകയും സാധാരണ ഇടത്തരം കൃഷിക്കാരനേക്കാൾ മെച്ചമായ നിലയിൽ ജീവിക്കുകയും ചെയ്യുന്ന ഒരുവനെ ജന്മിയുടെ രീതിയിൽ തന്നെ കണക്കാക്കണം.

## ഗവർമ്മെണ്ടു അഡ്മിനിസ്ട്രേഷൻ കൌൺസിൽ അംഗീകരിച്ച വിശേഷാൽ (സപ്ലിമെൻററി) തീരുമാനങ്ങൾ

(എ) ജന്മികളിൽനിന്നു വളരെ ഭൂമി പാട്ടത്തിനേൽക്കുകയും സ്വയം ജോലിചെയ്യാതെ അതു കീഴ്ക്കുടിയാന്മാർക്കു പാട്ടത്തിനു കൊടുക്കുകയും സാധാരണ ഇടത്തരം കർഷകനെക്കാൾ നല്ല നിലയിൽ ജീവിക്കുകയും ചെയ്യുന്ന ഒരുവനെ ഒരു കീഴ്ജന്മിയായി തരംതിരിക്കണം. കീഴ്ജന്മികളെ ജന്മികളെപ്പോലെതന്നെ കണക്കാക്കണം. ഏതാനും ഭൂമി കൃഷിചെയ്യുന്ന ഒരു കീഴ്ജന്മിയെ ഒരു ധനികകൃഷിക്കാരന്റെ രീതിയിൽ കണക്കാക്കണം.

(ബി) വിപ്ലവസമരത്തിൽ പങ്കെടുത്ത പട്ടാളക്കാരും, രക്തസാക്ഷികളുടെ ആശ്രിതരും തൊഴിലാളികളും, ഉദ്യോഗസ്ഥന്മാരും, തൊഴിൽക്കാരും, കൊണ്ടുനടന്നു വില്പനക്കാരും മററും, മററു ജോലികളിലേർപ്പെട്ടിരിക്കകൊണ്ടോ ജോലിചെയ്യാൻ കഴിവില്ലാത്തതുകൊണ്ടോ തുച്ഛഭൂമികൾ പാട്ടത്തിനു കൊടുക്കുന്നുവെങ്കിൽ അവരെ ജന്മികളുടെ വർഗ്ഗത്തിൽ പെടുത്തിക്കൂടാ. അവരുടെ വർഗ്ഗസ്വഭാവം നിർണ്ണയിക്കേണ്ടതു് അവരുടെ ജോലികൾക്കനുസരിച്ചാണു്, അഥവാ അവരെ ചെറുതരം ഭൂദായകന്മാരായി കണക്കാക്കാം, അവരുടെ ഭൂമിയെ കാർഷികപരിഷ്കാരനിയമത്തിന്റെ 5-ാം നിയമമനുസരിച്ചു കൈകാര്യം ചെയ്യണം.

(സി) മററതെങ്കിലും ജോലിയിൽനിന്നു വരവുണ്ടായിരിക്കയും അതേസമയത്തു് ഒരു പ്രദേശത്തുള്ള ഓരോ ജന്മികുടുംബത്തിന്റെയും ശരാശരി ഭൂമിയുടെ വലുപ്പത്തിൽ കവിഞ്ഞ വലിയ

കാർഷികഭൂമി പാട്ടത്തിനു കൊടുക്കുകയും ചെയ്യുന്ന ഒരുവൻെറ വർഗ്ഗപദവി നിർണ്ണയിക്കേണ്ടതു് അയാളുടെ പ്രധാന വരവിനത്തിനനുസരിച്ചായിരിക്കണം. അയാളെ ഒന്നുകിൽ മറെറാരു വർഗ്ഗത്തിൽ പെട്ടവനും അതോടൊപ്പം ഒരു ജന്മിയുമായോ അല്ലെങ്കിൽ ഒരു ജന്മിയും അതോടൊപ്പം മറെറാരു വർഗ്ഗത്തിൽ പെട്ടവനുമായോ കണക്കാക്കണം. അയാളുടെ മററ ജോലികാംക്ക പ്രത്യക്ഷത്തിലുപയോഗിക്കുന്ന ഭൂമിയും സ്വത്തും കണ്ടുകെട്ടിക്കൂടാ.

(ഡി) വിവിധസ്ഥലങ്ങളിലെ ജന്മികുടുംബത്തിൻെറ ശരാശരി ഭൂസ്വത്തു്, അനേകം കൌണ്ടികളെ ഒരു ഘടകമായെടുത്തു തട്ടിച്ചുനോക്കിയും ഒരു പ്രത്യേക ഭരണപരജില്ല * യിലേയോ കൌണ്ടിയിലേയോ ജനകീയഗവർമ്മെണ്ടു് സാംസ്ഥാനിക ജനകീയഗവമ്മെണ്ടിനു സമർപ്പിക്കുകയും അതിൻെറ അനുമതി ലഭിക്കുകയും ചെയ്തതിനുശേഷവും മാത്രമേ നിർണ്ണയിക്കാൻ പാടുള്ളു.

## 2. ധനികകൃഷിക്കാരൻ

ഒരു ധനികകൃഷിക്കാരൻ സാമാന്യേന ഭൂമിയുടമസ്ഥനാണു്. എന്നാൽ കൃഷിചെയ്യുന്ന ഭൂമിയിൽ ഒരു ഭാഗം മാത്രം സ്വന്തമായിട്ടുള്ളവരും ബാക്കി ഭാഗം പാട്ടത്തിനേറെറിരിക്കുന്നവരുമായ ധനികകൃഷിക്കാരുമുണ്ടു്. ഒട്ടുംതന്നെ ഭൂമി സ്വന്തമായില്ലാത്തവരും മുഴുവനും പാട്ടത്തിനു വാങ്ങിയിട്ടുള്ളവരുമായ ധനികകൃഷിക്കാരുമുണ്ടു്. ഒട്ടുംതന്നെ ഭൂമി സ്വന്തമായില്ലാത്തവരും മുഴുവനും പാട്ടത്തിനു വാങ്ങിയിട്ടുള്ളവരുമായ ധനികകൃഷിക്കാരുമുണ്ടു്. പൊതുവേ പറഞ്ഞാൽ, ധനികകൃഷിക്കാർക്കു കൂടുതൽ നല്ല ഉല്പാദനോപകരണങ്ങളും കുറെ മൂലധനവും സ്വന്തമായുണ്ടു്, അവർ സ്വയം അദ്ധ്വാനത്തിൽ പങ്കെടുക്കുകയും ചെയ്യുന്നു, എന്നാൽ തങ്ങളുടെ ഉപജീവന

---

* ഒരു പ്രത്യേക ഭരണപരജില്ല സാംസ്ഥാനികപടിയിൽ താണതും അനേകം കൌണ്ടികളടങ്ങുന്നതുമായ ഒരു ഭരണപരമായ ഘടകമാണു്.

മാസ്സത്തിൻെറ ഒരു ഭാഗത്തിന്ന അഥവാ പ്രധാന ഭാഗത്തിന്ന അവർ എപ്പോഴും ചൂഷണത്തെ ആശ്രയിക്കുന്നവരാണ്. ധനികകൃഷിക്കാർ നടത്തുന്ന ചൂഷണം പ്രധാനമായും കൂലിവേലയുടെ രൂപത്തിലാണ് (ദീർഘകാലത്തേക്ക കൂലിവേലക്കാരെ വാടകക്കു വാങ്ങുക). ഇതിന്നുംപുറമേ അവർ തങ്ങളുടെ ഭൂമിയുടെ ഒരു ഭാഗം പാട്ടത്തിന്ന കൊടുക്കുകയോ പണം കടംകൊടുക്കുകയോ, വ്യാവസായികവും കച്ചവടപരവുമായ സംരംഭങ്ങറം നടത്തുകയോ ചെയ്യുന്നു. ധനികകൃഷിക്കാരിലധികംപേരും പൊതുസംഘടനകളുടെ വകയായ ഭൂമികളുടെ കാര്യക്കാരന്മാരുമാണ്. ചിലർ ധാരാളം ഫലപുഷ്ടിയുള്ള ഭൂമിയുടെ ഉടമസ്ഥരാണ്, അവർ കൂലിവേലക്കാരെ കൂട്ടാതെ സ്വയം അദ്ധ്വാനിക്കുന്നു. എന്നാൽ അവർ പാട്ടത്തിൻേറയും പലിശയുടേയും രൂപത്തിൽ കൃഷിക്കാരെ ചൂഷണംചെയ്യുന്നു. അങ്ങിനെയുള്ളവരേയും ധനികകൃഷിക്കാരെപ്പോലെതന്നെ കണക്കാക്കണം. ധനികകൃഷിക്കാർ നടത്തുന്ന ചൂഷണത്തിന് ഒരു സ്ഥിരമായ സ്വഭാവമുണ്ട്, അവരിൽ, പലരുടേയും ഉപജീവനമാർഗ്ഗം പ്രധാനമായും അങ്ങിനെയുള്ള ചൂഷണമാണ്.

### ഗവർമ്മെണ്ടു അഡ്മിനിസ്ട്രേഷൻ കൌൺസിൽ അംഗീകരിച്ചിട്ടുള്ള വിശേഷാൽ തീരുമാനങ്ങറം

(എ) ഒരു ധനികകൃഷിക്കാരൻ പാട്ടത്തിന്ന കൊടുത്തിട്ടുള്ള ഭൂമിയുടെ വിസ്തീണ്ണം അയാളും കൂലിക്കാരുംകൂടി കൃഷിചെയ്യുന്ന ഭൂമിയുടെ വലുപ്പത്തിൽ കവിഞ്ഞതാണെങ്കിൽ അയാളെ അദ്ധജന്മിരീതിയിലുള്ള ഒരു ധനികകൃഷിക്കാരനായി കണക്കാക്കണം. ധനികകൃഷിക്കാരുടേയോ അദ്ധജന്മി രീതിയിലുള്ള ധനികകൃഷിക്കാരുടേയൊ ഭൂമിയും മററു സ്വത്തുക്കളും കാഷികപരിഷ്കാരനിയമത്തിലെ 6-ാം നിയമമനുസരിച്ച കൈകാര്യം ചെയ്യണം.

(ബി) ഒരു ജന്മികുടുംബത്തിൽ ഏതാനുമംഗങ്ങറം കൊല്ലം മുഴുവനും അധികവും കാഷികജോലിയിലേപ്പെട്ടുകയും അതേസമയ

 12575

ത്ത് എതാനും ഭൂമി കൂലിക്കാരെക്കൂട്ടി കൃഷിചെയ്യുകയും ചെയ്യുമ്പോൾ, ആ കുടുംബത്തിന്റെ ഭൂമിയിൽ അധികഭാഗവും പാട്ടത്തിനുകൊടുക്കുകയും അങ്ങിനെ പാട്ടത്തിനുകൊടുക്കുന്ന ഭൂമിയുടെ വലുപ്പം അതു സ്വന്തമായും കൂലിക്കാരെക്കൂട്ടിയും കൃഷിചെയ്യുന്ന ഭൂമിയുടെ മൂന്നിരട്ടിയോ അതിലധികമോ ആവുകയും ചെയ്യുന്നപക്ഷം (ഉദാഹരണത്തിനു ആ കുടുംബം പാട്ടത്തിനു കൊടുത്തിട്ടുള്ള ഭൂമി 150 ഏക്രയും, സ്വന്തമായും കൂലിക്കാരെക്കൂട്ടിയും കൃഷിചെയ്യുന്നതു 50 ഏക്രവിൽ കുറവുമാകണന്നിരിക്കട്ടെ), അഥവാ ആ കുടുംബത്തിനു വളരെ ഭൂമിയുണ്ടായിരിക്കയും അതു പാട്ടത്തിനു കൊടുത്തിട്ടുള്ള ഭാഗം സ്വന്തമായും കൂലിക്കാരെക്കൂട്ടിയും കൃഷിചെയ്യുന്ന ഭാഗത്തിന്റെ രണ്ടിരട്ടിയിലധികം വരികയും ചെയ്യുന്നപക്ഷം (ഉദാഹരണത്തിനു, പാട്ടത്തിനു കൊടുത്തിട്ടുള്ളതു 400 ഏക്രവും സ്വന്തമായോ കൂലിക്കാരെക്കൂട്ടിയോ കൃഷിചെയ്യുന്നതു 100 ഏക്രവിൽ കുറവുമാണെന്നിരിക്കട്ടെ) ആ കുടുംബത്തെ ഒരു ജന്മികുടുംബമായി തരംതിരിക്കണം, ധനികകൃഷിക്കാരന്റെ കുടുംബമായി ഗണിച്ചുകൂടാ.

അങ്ങിനെയുള്ള ഒരു കുടുംബത്തിന്റെ ഭൂമിയും മററു സ്വത്തുക്കളും കാർഷികപരിഷ്കാരനിയമത്തിന്റെ 2-ാം നിയമമനുസരിച്ച് കൈകാര്യം ചെയ്യണം. എന്തിരുന്നാലും, ആ കുടുംബം സ്വന്തമദ്ധ്വാനംകൊണ്ടു കൃഷിചെയ്തിരുന്ന ഭാഗം, വേണ്ടപ്പെട്ട നീക്കുപോക്കുകൾക്കുശേഷം, അതിനുതന്നെ പൊതുവേ കൈവശംവെക്കാവുന്നതാണ്. അദ്ധ്വാനത്തിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ വർഗ്ഗപദവി നിർണ്ണയിക്കുമ്പോൾ കുടുംബത്തിൽ അവർക്കു മേധാവിത്വനിലയല്ലാ കീഴ്നിലയാണുള്ളതെങ്കിൽ, അദ്ധ്വാനത്തിൽ പങ്കെടുക്കാത്ത മററു കുടുംബാംഗങ്ങളിൽ നിന്നവരെ വേർതിരിക്കാൻവേണ്ടി അവരേയും വേലക്കാരായി പരിഗണിക്കേണ്ടതാണ്.

## 3. ഇടത്തരം കൃഷിക്കാരൻ

ഇടത്തരം കൃഷിക്കാരിൽ അനേകം പേർ ഭൂമിയുടമസ്ഥരാണ്. ചിലർക്കു കൃഷിചെയ്യുന്ന ഭൂമിയുടെ ഒരു ഭാഗം മാത്രമേ സ്വ

ന്തമായുള്ള, ബാക്കിഭാഗം പാട്ടത്തിനാണ്. ചിലക്ക് ഭൂമി സ്വന്തമായില്ല, മുഴുവനും പാട്ടത്തിനായിരിക്കും. ഇടത്തരം കൃഷിക്കാൎക്ക് ഏതാനും കാൎഷികോപകരണങ്ങൾ സ്വന്തമായുണ്ട്. ഇടത്തരം കൃഷിക്കാർ ഉപജീവനത്തിനു മൊത്തമായോ പ്രധാനമായോ സ്വന്തം അദ്ധ്വാനത്തെ ആശ്രയിക്കുന്നവരാണ്. പൊതുവേ അവർ മററുള്ളവരെ ചൂഷണം ചെയ്യുന്നില്ല. അവരിലനേകം പേർ പാട്ടത്തിൻെറയും പലിശയുടേയും രൂപത്തിൽ മററുള്ളവരാൽ ചെറിയതോതിൽ ചൂഷണം ചെയ്യപ്പെട്ടുന്നവരാണ്. എന്നാൽ സാമാന്യേന അവർ സ്വന്തം അദ്ധ്വാനശക്തിയെ വില്ക്കുന്നില്ല. ഇടത്തരം കൃഷിക്കാരിൽ ചിലർ (ഭേദപ്പെട്ട ഇടത്തരം കൃഷിക്കാർ) ഒരു ചെറിയ തോതിൽ ചൂഷണം നടത്തുന്നു, എന്നാൽ അത്തരം ചൂഷണം സ്ഥിരസ്വഭാവമുള്ളതല്ല, അതിൽനിന്നുള്ള വരവ് അവരുടെ പ്രധാന ഉപജീവനമാൎഗ്ഗമല്ല. ഇങ്ങനെയുള്ളവരെ ഇടത്തരം കൃഷിക്കാരുടെ വൎഗ്ഗമായി തിരിക്കണം.

## 4. ദരിദ്ര (സാധു) കൃഷിക്കാരൻ

ദരിദ്രകൃഷിക്കാൎക്ക് അപൎയ്യാപ്തമായ കാൎഷികോപകരണങ്ങളും കൃഷിചെയ്യുന്ന ഭൂമിയുടെ ഒരു ഭാഗവും സ്വന്തമായുണ്ട്. ചിലക്ക് ഒട്ടുംതന്നെ ഭൂമിയുണ്ടാവില്ല, ഏതാനും ചില കാൎഷികോപകരണങ്ങൾ മാത്രമുണ്ടാവും. പൊതുവിൽ അവൎക്ക് കൃഷിഭൂമി പാട്ടത്തിനു വാങ്ങണം, പാട്ടം, കടപ്പലിശ, ഒരു പരിമിതമായ തോതിൽ കൂലിവേല എന്നീ രൂപങ്ങളിലുള്ള ചൂഷണം അവരനുഭവിക്കുന്നു. ഇങ്ങനെയുള്ളവരെ ദരിദ്രകൃഷിക്കാരുടെ വൎഗ്ഗമായി തിരിക്കണം.

പൊതുവേ ഇടത്തരം കൃഷിക്കാൎക്ക് അവരുടെ അദ്ധ്വാനശക്തി വില്ക്കേണ്ടതില്ല, എന്നാൽ ദരിദ്രകൃഷിക്കാൎക്ക് കുറെക്കാലത്തേയ്ക്കു അദ്ധ്വാനശക്തി വില്ക്കേണ്ടിവരുന്നു. ഇടത്തരം കൃഷിക്കാരേയും ദരിദ്രകൃഷിക്കാരേയും വേർതിരിക്കുന്നതിനുള്ള അടിസ്ഥാനം ഇതാണ്.

### 5. തൊഴിലാളി

തൊഴിലാളികൾക്ക (പാട്ടത്തു പണിയുന്നവരുൾപ്പെടെ) പൊതുവിൽ ഭൂമിയോ കാർഷികോപകരണങ്ങളോ ഇല്ല. അവരിൽ ചിലൎക്ക വളരെ കുറച്ചു ഭൂമിയും അപൂർവ്വം ഉപകരണങ്ങളുമുണ്ട്. അവർ ഉപജീവനത്തിന മൊത്തമായോ പ്രധാനമായോ ആശ്രയിക്കുന്നതു് സ്വന്തം അദ്ധ്വാനശക്തിയുടെ വില്പനയെയാണ്. ഇവരെ തൊഴിലാളികളുടെ വർഗ്ഗമായി തിരിക്കണം.

—:*:—

# II കാർഷികപരിഷ്കാരത്തിൽനിന്നു ത്ഭവിക്കുന്ന ചില പ്രശ്നങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ

ഭൂമിവിതരണത്തിനും പരിശോധനയ്ക്കുംവേണ്ടിയുള്ള സമരത്തിനിടയ്ക്ക് അനേകം പ്രായോഗികപ്രശ്നങ്ങൾ തല പൊന്തിച്ചിട്ടുണ്ട്. അത്തരം പ്രശ്നങ്ങളെസംബന്ധിച്ച മുൻ പ്രമാണങ്ങളിൽ വ്യക്തമായ വ്യവസ്ഥകൾ വേണ്ടത്രയോ ഒട്ടുംതന്നെയോ ഇല്ലായ്കയാലോ ഗവൎമ്മെണ്ടുദ്യോഗസ്ഥന്മാർ അങ്ങിനെയുള്ള ഏതെങ്കിലും വ്യവസ്ഥകളെ തെറ്റായി വ്യാഖ്യാനിച്ചതുകൊണ്ടോ കാർഷികപരിഷ്കാരം നടപ്പാക്കുന്നതിനിടയിൽ തെറ്റുകൾ ചെയ്തിട്ടുണ്ട്. കാർഷികസമരത്തെ ശരിയായ നിലയിൽ വളൎത്തുന്നതിനും ഈ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള തെറ്റുകൾ തിരുത്തുന്നതിനും തടയുന്നതിനുമായി ജനകീയ കമ്മീസ്സാർമാരുടെ കൌൺസിൽ, "നാട്ടിൻപുറത്തുള്ള വർഗ്ഗങ്ങളുടെ നിലയെ എങ്ങിനെ വിശകലനം ചെയ്യണം" (ജന്മികൾ, ധനികകൃഷിക്കാർ, ഇടത്തരം കൃഷിക്കാർ, ദരിദ്രകൃഷിക്കാർ തൊഴിലാളികൾ എന്നീ വർഗ്ഗങ്ങളുടെ നില നിർണ്ണയിക്കുന്ന

തിനടിസ്ഥാനമായ തത്വങ്ങളെ സംബന്ധിച്ച്) എന്ന രേഖ യംഗീകരിക്കുന്നതിനു പുറമേ, ഇതോടെ താഴെ പറയുന്ന തീരുമാന ങ്ങൾ ചെയ്യുന്നു:

## 1. അദ്ധ്വാനവും സഹായക (Supplementary) അദ്ധ്വാനവും

സാധാരണ പരിതഃസ്ഥിതികളിൽ, ഒരു കുടുംബാംഗം ഒരു കൊല്ലത്തിന്റെ മൂന്നിലൊന്നു സമയം പ്രധാന (Essential) അദ്ധ്വാനത്തിലേർപ്പെടുന്നപക്ഷം ആ കുടുംബത്തെ ഒരു പ്രവൃത്തി ചെയ്യുന്ന കുടുംബമായി കണക്കാക്കാം. ഒരു കുടുംബാംഗം ഒരു കൊല്ലത്തിന്റെ മൂന്നിലൊന്നിൽ കുറഞ്ഞ സമയം പ്രധാന അദ്ധ്വാനത്തിലേർപ്പെടുന്നപക്ഷം. അഥവാ അയാൾ ഒരു കൊല്ലത്തിന്റെ മൂന്നിലൊരുഭാഗം സമയം ജോലി ചെയ്യുകയും പക്ഷേ അതു അപ്രധാന അദ്ധ്വാനമായിരിക്കയും ചെയ്യുന്നപക്ഷം, ആ കുടുംബത്തെ സഹായക (Supplementary) അദ്ധ്വാനം ചെയ്യുന്ന ഒരു കുടുംബമായി കണക്കാക്കാം.

## വിശദീകരണം

താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

(1) ധനികകൃഷിക്കാർ അദ്ധ്വാനിക്കുന്നു, ജന്മികൾ അദ്ധ്വാനിക്കുന്നില്ല, അഥവാ സഹായകപ്രവൃത്തികൾ മാത്രം ചെയ്യുന്നു. ആകയാൽ ധനികകൃഷിക്കാരേയും ജന്മികളേയും വേർതിരിക്കുന്നതിനു അദ്ധ്വാനമാണ് അടിസ്ഥാനമാനദണ്ഡം

(2) പ്രവൃത്തി ചെയ്യുന്ന ഒരു കുടുംബത്തിൽ ഒരാൾ അദ്ധ്വാനത്തിലേർപ്പെട്ടിരിക്കണമെന്നതാണ് മാനദണ്ഡമായി വെച്ചിട്ടുള്ളത്. അനേകം അംഗങ്ങളുള്ള ഒരു കുടുംബത്തിൽ ഒരാൾ അദ്ധ്വാനിക്കുന്നുവെങ്കിൽ ആ കുടുംബത്തെ പ്രവൃത്തി ചെയ്യുന്ന ഒരു കുടുംബമായി കണക്കാക്കണം. രണ്ടു പേരോ അഥവാ എല്ലാ അംഗ

ങ്ങളുമോ അദ്ധ്വാനിക്കാത്ത ഒരു കുടുംബത്തെ പ്രവൃത്തി ചെയ്യുന്ന ഒരു കുടുംബമായി കണക്കാക്കിക്കൂടെന്നു ചിലർക്കഭിപ്രായമുണ്ട്. അതു ശരിയല്ല.

(3) അദ്ധ്വാനസമയത്തിന്റെ മാനദണ്ഡം ഒരു കൊല്ലത്തിന്റെ മൂന്നിലൊന്നായി അതായത് നാലുമാസം, നിശ്ചയിച്ചിരിക്കുന്നു. അദ്ധ്വാനത്തേയും സഹായക അദ്ധ്വാനത്തേയും വേർതിരിക്കുന്ന രേഖ (അതായത് ധനികകൃഷിക്കാരേയും ജന്മികളെയും വേർതിരിക്കുന്ന രേഖ) ഒരുവൻ നാലുമാസക്കാലമോ അതിൽ കുറഞ്ഞ സമയമോ പ്രധാന അദ്ധ്വാനത്തിലേർപ്പെട്ടിട്ടുള്ളതെന്നതാണ്. കൊല്ലത്തിൽ പാതിയും പ്രധാന അദ്ധ്വാനം ചെയ്തിട്ടുള്ളവരെ ചിലർ സഹായകജോലി ചെയ്യുന്നവരായി കണക്കാക്കുന്നു. ഇതു ശരിയല്ല.

(4) പ്രധാന അദ്ധ്വാനമെന്നുവെച്ചാൽ, ഉഴുക, വിതയ്ക്കുക, കൊയ്യുക, കാർഷികോല്പാദനത്തിലുള്ള മററു പ്രധാന ജോലികൾ ചെയ്യുക എന്നാണർത്ഥം.

(5) അപ്രധാന അദ്ധ്വാനം എന്നുവെച്ചാൽ കളപറിക്കുക, പച്ചക്കറി നട്ടുവളർത്തുക, കന്നുകാലികളെ നോക്കുക തുടങ്ങി കാർഷികോല്പാദനത്തിന്റെ രണ്ടാംകിടയിലുള്ള പലതരം സഹായകജോലികളെന്നാണർത്ഥം.

(6) ധനികകൃഷിക്കാരേയും ജന്മികളേയും വേർതിരിക്കുന്നതിന്റെ അടിസ്ഥാനം അദ്ധ്വാനമാണ്. ദീർഘകാലത്തേയ്ക്കു കൃഷിത്തൊഴിലാളികളെ കൂലിക്കു നിർത്തുകയല്ലാതെ, താൻ സ്വയം പ്രധാന അദ്ധ്വാനം ചെയ്യാത്ത ഒരുവൻ കൃഷിയുടെ ചുമതലയെല്ലാം വഹിക്കുകയും പാട്ടം, കടപ്പലിശ, തുടങ്ങിയവയുടെ രൂപത്തിലുള്ള ചൂഷണങ്ങൾ നടത്താതിരിക്കുകയും ചെയ്യുമെന്നിരുന്നാൽക്കൂടി അവനെ ഒരു ജന്മിയായി കണക്കാക്കണം.

(7) ഒരു ജന്മിയുടെ വർഗ്ഗനില നിർണ്ണയിക്കാനാവശ്യമായ കാലാവധിയെ സംബന്ധിച്ചാണെങ്കിൽ, ഒരു പ്രദേശം മോചിപ്പി

ക്കപ്പെട്ടതുമുതൽ തുടൎച്ചയായി മൂന്നുകൊല്ലം ജന്മിയുടെ നിലയിൽ ജീവിച്ച ഒരുവനെ ജന്മിയായി തരംതിരിക്കണം.

അദ്ധ്വാനത്തിന്റെയും സഹായകഅദ്ധ്വാനത്തിന്റെയും പ്രശ്നങ്ങളിൽ ഭൂവിതരണത്തിനും പരിശോധനയ്ക്കുമിടയിൽ പല തെററുകളും ചെയ്തിട്ടുണ്ട്. അദ്ധ്വാനത്തെ സഹായകഅദ്ധ്വാനമായി തെററിദ്ധരിച്ച് ചിലരെ തെററായി ജന്മികളുടെ വൎഗ്ഗത്തിൽ പെടുത്തിയിട്ടുണ്ട്; സഹായകഅദ്ധ്വാനത്തെ അദ്ധ്വാനമായി തെററിദ്ധരിച്ച് മററു ചിലരെ തെററായി ധനികകൃഷിക്കാരുടെ വൎഗ്ഗമായി തിരിച്ചിട്ടുണ്ട് ഇതിന്റെ കാരണം കഴിഞ്ഞ കാലത്ത് ജന്മികളെയും ധനികകൃഷിക്കാരേയും വേർതിരിക്കുവാനു വ്യക്തമായ ഒരടിസ്ഥാനമില്ലാതിരുന്നതാണ്. മുകളിൽ പറഞ്ഞിട്ടുള്ള നിയമങ്ങൾ പ്രയോഗിച്ചാൽ അങ്ങിനെയുള്ള തെററുകളുണ്ടാവില്ല.

എന്നാൽ അങ്ങിനെയുള്ള നിയമങ്ങൾ സാധാരണ പരിതഃസ്ഥിതികൾക്ക മാത്രമേ പററു: പ്രത്യേക പരിതഃസ്ഥിതികളിൽ വ്യത്യസ്തനടപടികളെടുക്കണം. അങ്ങിനെയുള്ള പ്രത്യേക പരിതഃസ്ഥിതികൾ രണ്ടുതരത്തിലുണ്ട്.

ഒന്നാമത്ത്, ഒരംഗം പ്രവൃത്തിയെടുക്കുന്ന ഒരു വലിയ ജന്മികുടുംബമുണ്ടെന്നിരിക്കട്ടെ. ഇവിടെ, 100 പിക്കൾ (ഒരളവ്—പ) ധാന്യം പാട്ടം പിരിക്കുകയും 1000 വെള്ളി ഡോളറിലധികം പലിശയ്ക്കു കൊടുക്കുകയും ചെയ്ത് പാട്ടവും പലിശയും കൊണ്ടു മററുള്ളവരെ കഠിനമായി ചൂഷണംചെയ്യുന്ന ഒരുവന്റെ ഉദാഹരണമാണുള്ളത്. അയാളുടെ കുടുംബവും അതിന്റെ ചിലവും ചെറുതാണെങ്കിൽ ഏതെങ്കിലുമൊരു കുടുംബാംഗം കൊല്ലത്തിൽ നാലു മാസത്തിലധികം കാലം പ്രധാന അദ്ധ്വാനം ചെയ്യുന്നുവെന്നിരുന്നാൽ പോലും, അയാളെ ഒരു ധനികകൃഷിക്കാരനായിട്ടല്ല, ജന്മിയായിട്ടാണ് തിരിക്കേണ്ടത്. എന്നാൽ ആ കുടുംബവും അതിന്റെ ചിലവും വളരെ വലുതാണെങ്കിൽ ഒരു കുടുംബം പ്രധാന അദ്ധ്വാനം ചെയ്യുന്നപക്ഷം 100 പിക്കൾ ധാന്യം പാട്ടം പിരിക്കുകയും 1000

വെള്ളി ഡോളർ പലിശക്കു കൊടുക്കുകയും ചെയ്യുന്നുണ്ടെങ്കിൽക്കൂടി, അയാളെ ഒരു ധനികകൃഷിക്കാരനായി തരംതിരിക്കണം.

രണ്ടാമത്, ചൂഷണം നടത്തുന്നതുകൊണ്ട് ഒരു ജന്മിയായി കണക്കാക്കേണ്ടവനും ജീവിതസ്ഥിതി നോക്കുമ്പോൾ അങ്ങിനെ കണക്കാക്കിക്കൂടാത്തവനുമായ ഒരാളുണ്ടെന്നിരിക്കട്ടെ. ഇവിടെ ധനികകൃഷിക്കാരനോ ഇടത്തരം കൃഷിക്കാരനോ ആയിരുന്നിട്ട് വിമോചനത്തിന്നു വളരെക്കാലങ്ങൾക്കുമുമ്പ്, പ്രധാന അദ്ധ്വാനം ചെയ്തിരുന്ന കുടുംബാംഗം സുഖക്കേടുപിടിച്ചു മരിച്ചതുകൊണ്ട്, ഭൂമി മുഴുവനും പാട്ടത്തിന്നു കൊടുക്കുകയോ കൂലിക്കാരെക്കൊണ്ടു കൃഷിചെയ്യിക്കുകയോ ചെയ്യേണ്ടിവരികയും അതിൻഫലമായി തന്റെ കുടുംബം പ്രവൃത്തിചെയ്യാതെ ജീവിച്ചുവരികയും ചെയ്ത ഒരുവന്റെ ഉദാഹരണമാണുള്ളത്. അങ്ങിനെയുള്ള ഒരുവനെ ഒരു ജന്മിയായി തരംതിരിക്കുന്നതു ശരിയല്ല. അയാളുടെ വർഗ്ഗനിർണ്ണയം ചെയ്യുന്നത് പൂർവ്വനിലയനുസരിച്ചായിരിക്കണം.

ഇതാ മറെറാരുദാഹരണം. പേരിന്നു ഇപ്പോഴും ജന്മിയാണെങ്കിലും യഥാർത്ഥത്തിൽ തന്റെ ഭൂമിയെല്ലാം മററാരാൾക്കു കൈമാററം ചെയ്യുകയും, ചില്ലറ ചൂഷണം മാത്രം നടത്തുകയും സഹായകഅദ്ധ്വാനം സ്വയം ചെയ്യുകയും, ഒരു കൃഷിക്കാരനേക്കാൾ മോശമായ നിലയിൽ ജീവിക്കുകയും ചെയ്യുന്ന ഒരുവനെ ഒരു കൃഷിക്കാരനെപ്പോലെ കണക്കാക്കണം.

മേല്പറഞ്ഞ പ്രത്യേക ഉദാഹരണങ്ങളെല്ലാം, ചില പ്രദേശങ്ങളിൽ നടന്ന ഭൂവിതരണത്തിനും പരിശോധനകൾക്കുമിടയിൽ അവഗണിക്കപ്പെട്ടിരുന്നു. അതു ശരിയല്ല.

## ഗവർമ്മെണ്ട് അഡ്മിനിസ്ട്രേഷൻ കൌൺസിൽ അംഗീകരിച്ച വിശേഷാൽ തീരുമാനങ്ങൾ

(എ) 15 അംഗങ്ങളിലധികമുള്ള ഒരു വലിയ കുടുംബം പ്രവൃത്തിയെടുക്കുന്നതായി കണക്കാക്കണമെങ്കിൽ അതിലെ പ്രവൃത്തി

യെടുക്കാൻ കഴിവുള്ള ആകെ അംഗങ്ങളുടെ മൂന്നിലൊരുഭാഗം ഒരു കൊല്ലത്തിൻെറ മൂന്നിലൊന്നുകാലം പ്രധാന അദ്ധ്വാനം ചെയ്യുന്നതായിരിക്കണം.

(ബി) മുകളിൽ പ്രസ്താവിച്ചവിധം പ്രധാന അദ്ധ്വാനം ചെയ്യുക എന്നുവെച്ചാൽ കാഷികോല്പാദനത്തെ സംബന്ധിച്ച പ്രധാന ജോലികൾ ചെയ്യുക എന്നത്ഥമാണ്. സാധാരണ പരിതഃസ്ഥിതികളിൽ ധനിക കൃഷിക്കാരിൽനിന്നു ജന്മിമാരെ വേർതിരിക്കുന്നതിനുള്ള അടിസ്ഥാന മാനദണ്ഡം ഇതാണ്. ഒരു ജന്മികുടുംബത്തിലെ ഒരംഗം മറേറതെങ്കിലും തൊഴിലിലേർപ്പെട്ടിരിക്കുമ്പോഴും അതിനെ ഒരു പ്രധാന പ്രവൃത്തി ചെയ്യുന്ന കുടുംബമായി കണക്കാക്കാം. എന്നിരുന്നാലും, അങ്ങിനെയുള്ള ഒരുവൻെറ വഗ്ഗനിണ്ണയം ചെയ്യേണ്ടതു് അയാളുടെ തൊഴിലിൻെറ സ്വഭാവമനുസരിച്ചാണ്, അയാളുടെ വഗ്ഗനിലയ്ക്കനുസരണമായിട്ടാണയാളോടു പെരുമാറേണ്ടതും. ഉദാഹരണത്തിനു, ഒരു ജന്മികുടുംബത്തിലെ ഒരംഗം വൈദ്യവൃത്തിയിലേർപ്പെട്ടിരിക്കുന്നപക്ഷം അയാളെ ഒരു ഡോക്ടറുടേയോ വാദ്ധ്യാരുടേയോ നിലയിൽ കണക്കാക്കണം.

## 2. ഭേദപ്പെട്ട ഇടത്തരം കൃഷിക്കാരൻ

ഭേദപ്പെട്ട ഇടത്തരം കൃഷിക്കാർ ഇടത്തരം കൃഷിക്കാരുടെ ഒരു ഭാഗമാണ്. അവർ ജീവിക്കുന്നതു് സാധാരണ ഇടത്തരം കൃഷിക്കാരേക്കാൾ ഭേദപ്പെട്ട നിലയിലാണ്. പൊതുവിൽ അവർ ചെറിയ തോതിൽ ചൂഷണം നടത്തുന്നു. അത്തരം ചൂഷണത്തിൽനിന്നുള്ള വരവ് ആകെ കുടുംബത്തിൻെറ വാർഷികവരവിൻെറ 15 ശതമാനത്തിൽ കൂടരുതു്.

ചില പരിതഃസ്ഥിതികളിൽ ഇടത്തരം കൃഷിക്കാരൻ നടത്തുന്ന ചൂഷണത്തിൽനിന്നുള്ള വരവു 15 ശതമാനത്തിൽ കവിയുകയും 30 ശതമാനത്തിൽ കവിയാതിരിക്കുകയും ചെയ്യുന്നതായാലും, ഇടത്തരം കൃഷിക്കാരുടെ ജനസാമാന്യത്തിനു വിരോധമില്ലെങ്കിൽ

അയാളെ ഭേദപ്പെട്ട ഇടത്തരം കൃഷിക്കാരനായി കണക്കാക്കാവുന്നതാണ്.

ജനാധിപത്യനിയമത്തിൻകീഴിൽ ഭേദപ്പെട്ട ഇടത്തരം കൃഷിക്കാരുടെ താല്പര്യങ്ങൾക്ക സാധാരണ ഇടത്തരം കൃഷിക്കാൎക്ക ലഭിക്കുന്ന അതേ സംരക്ഷണം നൽകണം.

## വിശദീകരണം

താഴെ പറയുന്ന കാൎയ്യങ്ങൾ ശ്രദ്ധിക്കണം:

(1) ഭേദപ്പെട്ട ഇടത്തരം കൃഷിക്കാർ ഇടത്തരം കൃഷിക്കാരുടെ ഒരു ഭാഗമാണ്, പക്ഷേ ആദ്യം പറഞ്ഞ കൂട്ടർ രണ്ടാമതു പറഞ്ഞ കൂട്ടരേക്കാൾ നല്ല നിലയിൽ ജീവിക്കുന്നുവെന്നതാണ് വ്യത്യാസം. ആദ്യം പറഞ്ഞ കൂട്ടർ പൊതുവേ ഒരു ചെറിയ തോതിൽ ചൂഷണവും നടത്തുന്നു, രണ്ടാമതു പറഞ്ഞ കൂട്ടർ പൊതുവേ അതു ചെയ്യുന്നില്ല.

(2) ഭേദപ്പെട്ട ഇടത്തരം കൃഷിക്കാർ ധനികകൃഷിക്കാരിൽനിന്നും വേർതിരിയുന്നതു് ഒരു ഭേദപ്പെട്ട ഇടത്തരം കൃഷിക്കാരന്റെ ചൂഷണത്തിൽനിന്നുള്ള വരവു അയാളുടെ കുടുംബത്തിന്റെ വാർഷികവരവിന്റെ 15 ശതമാനത്തിൽക്കവിയാതിരിക്കുമ്പോൾ ഒരു ധനികകൃഷിക്കാരന്റേതു അതിൽക്കവിയുന്നു എന്നതിലാണ്. വൎഗ്ഗനിലയിലുള്ള യഥാൎത്ഥ വ്യത്യാസം കണക്കാക്കുവാൻ അത്തരമൊരു മാനദണ്ഡം ആവശ്യമാണ്."

(3) ഭേദപ്പെട്ട ഇടത്തരം കൃഷിക്കാരന്റെ ചെറിയതോതിലുള്ള ചൂഷണമെന്നുവെച്ചാൽ കന്നാലിമേച്ചുവരുന്നോരേയും വല്ലപ്പോഴുമൊക്കെയോ, മാസശമ്പളത്തിനോ ഉള്ള കൂലിക്കാരേയും വെക്കുക, ചെറിയ തുകകൾ കടം കൊടുക്കുയോ ഭൂപണയത്തിന്മേൽ ചെറുകടങ്ങൾ കൊടുക്കുകയോ ചെയ്യുക, സ്കൂളിനുപയോഗിക്കുന്ന ഭൂമിയിൽനിന്നു ചെറിയ തുകകൾ പാട്ടമായി പിരിക്കുകയോ തുണ്ടുഭൂമികൾ പാട്ടത്തിനു കൊടുക്കുകയോ ചെയ്യുക എന്നൊക്കെയാണൎത്ഥം.

എന്നിരുന്നാലും, അങ്ങിനെയുള്ള ചൂഷണത്തിൽനിന്നുള്ള വരവു അയാളുടെ കുടുംബത്തിന്റെ പ്രധാന ഉപജീവനമാർഗ്ഗമായിരിക്കരുതു്. മററു വാക്കുകളിൽ പറഞ്ഞാൽ, അതു് കുടുംബത്തിന്റെ ആകെയുള്ള വാർഷികവരവിന്റെ 15 ശതമാനത്തിൽ കൂടരുതു്; കുടുംബത്തിന്റെ മുഴുവൻ പ്രധാന ഉപജീവനമാർഗ്ഗം അവരുടെ സ്വന്തം അദ്ധ്വാനമായിരിക്കയും വേണം.

(4) വിമോചനത്തിനു തൊട്ടുമുമ്പുള്ള കാലഘട്ടത്തിൽ ഒരു സ്ഥലത്തു് അതേഘട്ടത്തിൽ ധനികകൃഷിക്കാർ നടത്തിയിരുന്ന അതേ തോതിലുള്ള ചൂഷണം നടത്തിയിരുന്നവരെ, അങ്ങിനെയുള്ള ചൂഷണത്തിന്റെ കാലം രണ്ടുകൊല്ലത്തിൽ കവിയാത്തപക്ഷം, ഭേദപ്പെട്ട ഇടത്തരം കൃഷിക്കാരെപ്പോലെ കണക്കാക്കണം.

(5) ചില പരിതഃസ്ഥിതികളിൽ, ചൂഷണത്തിൽനിന്നുള്ള വരവു് ആകെ വാർഷികവരവിന്റെ 15 ശതമാനത്തിൽ കവിയുകയും 30ശതമാനത്തിൽ കൂടാതിരിക്കുകയും ചെയ്യുന്ന ഒരു കുടുംബത്തെ കർഷകജനസാമാന്യത്തിനു വിരോധമില്ലെങ്കിൽ ഒരു ധനികകർഷകകുടുംബമായിത്തന്നെ തരംതിരിക്കാം "ചില പരിതഃസ്ഥിതികൾ" എന്നതുകൊണ്ടു്, ചൂഷണത്തിൽനിന്നുള്ള വരവു 15ശതമാനത്തിൽ കൂടുതലാണെങ്കിലും ഒരു വലിയ കുടുംബമാകയാലോ, അതിൽ അദ്ധ്വാനിക്കാൻ കഴിവുള്ളവർ ചുരുക്കമാകയാലോ, മലവെള്ളം, ഉണക്കു്, ക്ഷാമം, രോഗം, അല്ലെങ്കിൽ മരണം എന്നിവമൂലം നേരിട്ട കഷ്ടതയാലോ അതു സുഭിക്ഷമായല്ലാ ജീവിക്കുന്നതു് എന്നിങ്ങനെയുള്ള ഉദാഹരണങ്ങളാണുദ്ദേശിക്കുന്നതു്. അങ്ങിനെയുള്ള പരിതഃസ്ഥിതികളിൽ അങ്ങിനെയുള്ള ഒരു കുടുംബത്തിന്റെ ചൂഷണത്തിൽനിന്നുള്ള വരവു് ആകെ വാർഷികവരവിന്റെ 30ശതമാനത്തിൽ കവിയാത്തപക്ഷം അതിനെ ഒരു ധനിക കർഷകകുടുംബമായിട്ടല്ല, ഇടത്തരം കർഷകകുടുംബമായിട്ടാണു തരംതിരിക്കേണ്ടതു്.

ഭേദപ്പെട്ട ഇടത്തരം കൃഷിക്കാർ നാട്ടിൻപുറത്തെ ജനസംഖ്യയിൽ ഒരു ഗണ്യമായ ഭാഗം വരും. ഭൂമിവിതരണത്തിനും പരി

ശോധനയ്ക്കുമിടയിൽ പല സ്ഥലങ്ങളിലും ഭേദപ്പെട്ട ഇടത്തരം കൃഷിക്കാരെ ധനികകൃഷിക്കാരായി കണക്കാക്കിയിരുന്നു. ഇതു ശരിയല്ല. മിക്ക ഉദാഹരണങ്ങളിലും ഭേദപ്പെട്ട ഇടത്തരം കൃഷിക്കാരുടെ താല്പര്യങ്ങളിന്മേലാണ് കയ്യേറ്റമുണ്ടായിട്ടുള്ളത്. ഈ തെറ്റ ഉടനടി തിരുത്തണം.

## ഉദാഹരണങ്ങൾ

(1) ഒരു കുടുംബത്തിൽ ഭക്ഷണം കഴിക്കാൻ ആറംഗങ്ങളുണ്ട്, രണ്ടാളെ അദ്ധ്വാനിക്കുന്നുള്ളു. ആ കുടുംബത്തിന്റെ വകയായി 50 പിക്കൾ ധാന്യമുല്പാദിപ്പിക്കാൻ കഴിവുള്ള ഭൂമിയുണ്ട്, പക്ഷെ അതിൽനിന്നു യഥാർത്ഥത്തിലുണ്ടാവുന്നത് 35 പിക്കൾ ധാന്യമാണ്. ഒരു പിക്കൾ ധാന്യത്തിന് നാലുവെള്ളി ഡോളർ നിരക്കുവിലയനുസരിച്ച് 35 പിക്കളിൽനിന്നുള്ള വരവു 140 വെള്ളി ഡോളറാണ്. ആ ഭൂമി മുഴുവനും കുടുംബാംഗങ്ങൾതന്നെയാണു കൃഷി ചെയ്യുന്നത്. ആ കുടുംബത്തിനു അഞ്ചുമുറികളും ഒരു കാളയും ആണ്ടിൽ 12 വെള്ളി ഡോളർ വരുമാനമുള്ള ഒരു ജലാശയവുമുണ്ട്. കൃഷിയിലും പന്നിവളർത്തലിലും * അപ്രധാനഭക്ഷ്യങ്ങളിലും കൂടി ആ കുടുംബത്തിന്റെ ആണ്ടൊന്നുക്കുള്ള വരുമാനം ഉദ്ദേശം 10 വെള്ളി ഡോളറാണ്. നാലുകൊല്ലമായി ആ കുടുംബം മൂന്നു പിക്കൾ ധാന്യം 50 ശതമാനം ആണ്ടു പലിശക്കു (അഥവാ ആറു വെള്ളി ഡോളർ വിലയുള്ള ഒന്നര പിക്കൾ ധാന്യത്തിനു) കടംകൊടുക്കുന്നു. അഞ്ചുകൊല്ലമായി അതു 100 വെള്ളി ഡോളറും 25ശതമാനം പലിശക്കോ അല്ലെങ്കിൽ 25 ഡോളറിനോ കടം കൊടുക്കുന്നു.

തീരുമാനം: ഈ കുടുംബം ഉപജീവനത്തിനു പ്രധാനമായും സ്വന്തം പ്രയത്നത്തെ ആശ്രയിക്കുന്നു. അതിന്റെ സ്വന്തം ഉ

---

* Non-Staple Food

ല്ലാനേം 250 വെള്ളി ഡോളറിനുമേൽവരും. അതു് കടപ്പലിശയുടെ രൂപത്തിൽ മററുള്ളവരെ ചൂഷണം ചെയ്യുന്നു. എന്നാൽ ചൂഷണത്തിൽനിന്നുള്ള വാർഷികവരവു 31 വെള്ളിനാണ്യം മാത്രമാണ്, അതു ആകെ വരവിൻെറ 15 ശതമാനത്തിൽ കുറവാണ്. കുടുംബച്ചിലവെല്ലാം കഴിച്ച് കുറച്ചു മിച്ചമുണ്ട്. കുടുംബം ഒരുവിധം ഭേദമായികഴിയുന്നു. പക്ഷെ ചൂഷണത്തിൻെറ തോതു് വലുതല്ലാത്തതുകൊണ്ടു അതിനെ ഒരു ഭേദപ്പെട്ട ഇടത്തരം കർഷക കുടുംബമായിട്ടാണ്, ഒരു ധനികകർഷക കുടുംബമായിട്ടല്ല തരം തിരിക്കേണ്ടതു്.

(2) ഒരു കുടുംബം അഞ്ചംഗങ്ങളെ പോററണം, ഒരാൾ മുഴുവൻ സമയവും മറെറാരാൾ പകുതി സമയവും അദ്ധ്വാനിക്കുന്നു. 25 പിക്കൾ ധാന്യം വിളയാൻ സാദ്ധ്യതയുള്ളതും യഥാർത്ഥത്തിൽ 17 പിക്കൾ ധാന്യം വിളയുന്നതുമായ ഭൂമി അതിനുണ്ട്. 75 പിക്കൾ ധാന്യം വിളയാൻ സാദ്ധ്യതയുള്ളതും യഥാർത്ഥത്തിൽ 42 പിക്കൾ ധാന്യം വിളയുന്നതുമായ ഭൂമി അതു മററുള്ളവരിൽനിന്നു പാട്ടത്തിനു വാങ്ങുന്നു. പത്തുകൊല്ലമായി ആണ്ടിനാൽ 25 പിക്കൾ ധാന്യം അതിനു പാട്ടം കൊടുത്തു വരുന്നു. അപ്രധാനഭക്ഷ്യക്കൃഷിയിലും പന്നിവളർത്തലിലും കൂടി അതിൻെറ വാർഷികവരുമാനം 60 വെള്ളിഡോളറാണ്. ഒരു കന്നാലിച്ചെറുക്കനെ മൂന്നു കൊല്ലമായി അതു നിർത്തിവരുന്നു. നാലുകൊല്ലമായി അതു് 60 വെള്ളി ഡോളർ 30 ശതമാനം അഥവാ 18 വെള്ളി ഡോളർ പലിശക്കു കൊടുത്തുവരുന്നു. ആ കുടുംബത്തിനു അഞ്ചു മുറികളും ഒരു കാളയും ആണ്ടൊന്നുക്ക് 30 പിക്കൾ കുരു വിളയുന്ന ഒരു കുരു വൃക്ഷത്തോട്ടവുമുണ്ട്.

തീരുമാനം: ഈ കുടുംബം ഉപജീവനത്തിനു സ്വന്തം അദ്ധ്വാനശക്തിയാണ് പ്രധാനമായും ആശ്രയിക്കുന്നതു്. അതല്പമായേ മററുള്ളവരെ ചൂഷണം ചെയ്യുന്നുള്ളു, ആണ്ടിൽ കഷ്ടിച്ച് 20 വെള്ളിഡോളർ (ഇതിൽ ഒരു കന്നാലിച്ചെറുക്കനെ നിർത്തുന്നതും

ഷണം കടം കൊടുക്കൽ എന്നതുമുൾപ്പെടും) അതേസമയത്ത് ഈ കുടുംബം ആണ്ടിൽ 25 പിക്കുൾ ധാന്യം വരുന്ന പാട്ടത്തിന്റെ രൂപത്തിൽ മററുള്ളവരാൽ ചൂഷണം ചെയ്യപ്പെടുന്നു. എല്ലാ കുടുംബച്ചിലവും കഴിച്ചു വളരെക്കുറച്ചേ ബാക്കിയുള്ളു. ഈ കുടുംബത്തെ ഒരു സാധാരണ ഇടത്തരം കർഷകകുടുംബമായിട്ടാണ്, ഒരു മെച്ചപ്പെട്ട ഇടത്തരം കർഷകകുടുംബമായിട്ടല്ല തരം തിരിക്കേണ്ടത്,

## 3. ധനികകൃഷിക്കാരന്റെ ചൂഷണം— അതിന്റെ കാലദൈർഘ്യവും തോതും

ഒരു പ്രദേശത്തിന്റെ വിമോചനത്തിനു മൂന്നുകൊല്ലം മുമ്പു മുതൽ സ്വന്തമായി ഉല്പാദനം നടത്തുകയും തന്റെ കുടുംബത്തിന്റെ ഉപജീവനത്തിന്റെ ഒരു ഭാഗത്തിന്നോ പ്രധാന ഭാഗത്തിന്നോ ചൂഷണത്തെ ആശ്രയിക്കുകയും അത്തരം ചൂഷണത്തിൽനിന്നുള്ള വരവ് അയാളുടെ കുടുംബത്തിന്റെയാകെ ആണ്ടൊന്നുക്കുള്ള ആകെ വരവിന്റെ 15 ശതമാനത്തിലധികമായിരിക്കുകയും ചെയ്യുന്ന ഒരുവനെ ഒരു ധനികകൃഷിക്കാരനായി തരം തിരിക്കണം.

ചില പരിതഃസ്ഥിതികളിൽ ചൂഷണത്തിൽനിന്നുള്ള വരവ് ആകെ വരവിന്റെ 15 ശതമാനത്തിലധികവും 30 ശതമാനത്തിൽ കവിയാത്തതുമുള്ള ഒരുവനെ, ബഹുജനങ്ങൾക്ക വിരോധമില്ലെങ്കിൽ ഒരു മെച്ചപ്പെട്ട ഇടത്തരം കൃഷിക്കാരനായി, ധനികകൃഷിക്കാരനായല്ല, തരം തിരിക്കാം.

### വിശദീകരണം

താഴെ പറയുന്നവ ശ്രദ്ധിക്കണം:

(1) ചൂഷണത്തിന്റെ കാലദൈർഘ്യം കണക്കാക്കേണ്ടതു് ഒരു പ്രദേശത്തിന്റെ വിമോചന സമയം മുതൽക്കാണ്, മററെതെങ്കിലും സമയം മുതൽക്കല്ല. 'പഴയ കണക്കുകൾ'' തീർക്കാനാ

ഗ്രഹിക്കുന്ന ചിലർക്കു വളരെക്കാലം മുമ്പുമുതൽക്കുള്ള ചൂഷണത്തിന്റെ അടിസ്ഥാനത്തിൽ വർഗ്ഗനില നിർണ്ണയിക്കണമെന്നുണ്ട്. ഇതു ശരിയല്ല.

(2) ധനിക കൃഷിക്കാരന്റെ വർഗ്ഗനില നിർണ്ണയിക്കുന്നതിനുള്ള ചൂഷണകാലദൈർഘ്യത്തിന്റെ മാനദണ്ഡം തുടർച്ചയായ മൂന്നു കൊല്ലമാണ്. ചൂഷണത്തിന്റെ കാലം മൂന്നു കൊല്ലത്തിൽ കുറവാണെങ്കിൽ, അഥവാ അതു് തുടർച്ചയല്ലാതെയുള്ള മൂന്നു കൊല്ലമാണെങ്കിൽ, അങ്ങിനെയുള്ള ഒരുവനെ, അയാളുടെ ചൂഷണത്തിന്റെ തോതു്, അതേ കാലഘട്ടത്തിൽ ഒരു ധനികകൃഷിക്കാരന്റേതിനോടു തുല്യമാണെങ്കിലും ശരി, ഒരു ഭേദപ്പെട്ട ഇടത്തരം കൃഷിക്കാരനായിട്ടാണു തരം തിരിക്കേണ്ടതു്.

(3) ഒരുവന്റെ ചൂഷണത്തിൽനിന്നുള്ള വരവ് അയാളുടെ കുടുംബത്തിന്റെ മുഴുവൻ ആകെയുള്ള വാർഷികവരവിന്റെ 15 ശതമാനത്തിൽ കവിയുന്നെങ്കിൽ മാത്രമേ അയാളെ ഒരു ധനികകൃഷിക്കാരനായി തരം തിരിച്ചുകൂട്ടു. ചൂഷണത്തിൽനിന്നുള്ള വരവു ആകെ വാർഷികവരവിന്റെ 15 ശതമാനത്തിൽ കുറവാണെങ്കിൽ, അയാളുടെ ചൂഷണകാലം മൂന്നോ അതിലധികമോ തുടർച്ചയായി കൊല്ലങ്ങളായാലും ശരി അയാളെ ഒരു ധനികകൃഷിക്കാരനായിട്ടല്ലാ, ഭേദപ്പെട്ട ഇടത്തരം കൃഷിക്കാരനായിട്ടാണ് തരം തിരിക്കേണ്ടതു്.

(4) "കുടുംബത്തിന്റെ മുഴുവൻ ആകെയുള്ള വാർഷികവരവ്" എന്നതുകൊണ്ടു, മുഴുവൻ കുടുംബവും ഉല്പാദിപ്പിക്കുന്നതിന്റെ ആകെ വിലയും മററുള്ളവരെ ചൂഷണം ചെയ്യുന്നതിൽനിന്നുള്ള വരവും കൂടി എന്നാണർത്ഥമാക്കുന്നതു്. ഉദാഹരണത്തിനു ഒരു മുഴുവൻ കുടുംബം ഒരാണ്ടിൽ ഉല്പാദിപ്പിക്കുന്ന സാധനങ്ങളുടെ വില 400 വെള്ളിഡോളറും മററുള്ളവരെ ചൂഷണം ചെയ്തു ലഭിക്കുന്നത് 100 വെള്ളിഡോളറമാണ്, അപ്പോഴം ആകെ വരവ് 500 വെള്ളിഡോളർ ആണ്. ചൂഷണത്തിൽനിന്നുള്ള വരവ് ആകെ വര

വിൻെറ 20 ശതമാനമാകയാൽ അത്തരമൊരു കുടുംബത്തെ ഒരു ധനികകർഷകകുടുംബമായി തരംതിരിക്കണം.

ഉദാഹരണങ്ങൾ

(1) ഒരു കുടുംബം 11 അംഗങ്ങളെ പോററണം, അതിൽ രണ്ടു പേർ അദ്ധ്വാനിക്കുന്നു. ആ കുടുംബത്തിന്നു 160 പിക്കൾ ധാന്യം വിളയിക്കാൻ കഴിവുള്ളതും യഥാർത്ഥത്തിൽ 120 പിക്കൾ ധാന്യം (480 വെള്ളിഡോളർ വിലക്കുള്ളത്) വിളയുന്നതുമായ ഭൂമിയുണ്ട്. ആണ്ടിൽ 30 വെള്ളിഡോളർ വരവുള്ള രണ്ടു തേയില ത്തോട്ടങ്ങളും ആണ്ടിൽ 15 വെള്ളി ഡോളർ വരവുള്ള ഒരു ജലാശയവും അതിന്റെ വകയിലുണ്ട്. അപ്രധാനഭക്ഷ്യസാധനകൃഷിയിലും പന്നിവളർത്തലിലും കൂടി ആണ്ടൊന്നുക്കുള്ള വരവ് ഉദ്ദേശം 150 വെള്ളിഡോളറാണ്. വിമോചനത്തിന്നു ഏഴു കൊല്ലം മുമ്പ് മുതൽ അതൊരു ദീർഘകാലവേലക്കാരനെ നിർത്തിവരികയും ആണ്ടിൽ 60 വെള്ളി ഡോളർ വിലക്കുള്ള അയാളുടെ മിച്ചാദ്ധ്വാനം ചൂഷണംചെയ്യുകയും ചെയ്യുന്നു. വിമോചനത്തിനു മുമ്പുള്ള അഞ്ചുകൊല്ലക്കാലം അതു 250 വെള്ളി ഡോളർ ആണ്ടിൽ 30 ശതമാനം (അല്ലെങ്കിൽ 75 വെള്ളി ഡോളർ) പലിശക്കു കൊടുത്തു വരുന്നു.

തീരുമാനം: ഈ കുടുംബം സ്വന്തമായി അദ്ധ്വാനിക്കുന്നു. പക്ഷേ, അതൊരു ദീർഘകാലവേലക്കാരനെ നിർത്തുകയും, വലിയ തുകകൾ കടം കൊടുക്കുകയും, ചൂഷണത്തിൽനിന്നുള്ള അതിൻെറ വരവു മുഴവൻ കുടുംബത്തിൻെറ ആകെ വരവിൻെറ 15 ശതമാനത്തിലധികമായിരിക്കയും ചെയ്യുന്നു. അതൊരു വലിയ കുടുംബമാണെങ്കിലും കുടുംബച്ചിലവെല്ലാം കഴിച്ച് ഗണ്യമായ മിച്ചമുണ്ടാകുന്നു അതുകൊണ്ട് ഈ കുടുംബത്തെ ഒരു ധനികകർഷക കുടുംബമായി തരംതിരിക്കണം.

(8) ഒരു കുടുംബം മൂന്നു പേരെ പോററണം, ഒരു കുടുംബാംഗം നാലുമാസക്കാലം പ്രധാന അദ്ധ്വാനം ചെയ്യുന്നു. ആ കുടുംബത്തിനു 60 പിക്കൾ ധാന്യം വിളയാവുന്ന ഭൂമിയുണ്ടു്, 30 പിക്കൾ ധാന്യം വിളയാവുന്നതും യഥാർത്ഥത്തിൽ 18 പിക്കൾ ധാന്യം വിളയുന്നതുമായ ഭൂമി അതു സ്വന്തമായി കൃഷി ചെയ്യുന്നു. 30 പിക്കൾ ധാന്യം വിളയാവുന്ന ഭൂമി അതു പാട്ടത്തിനു കൊടുക്കുകയും അഞ്ചുകൊല്ലമായി ആണ്ടൊന്നുക്കു 12 പിക്കൾ ധാന്യം പാട്ടം പിരിക്കുകയും ചെയ്തുവരുന്നു. അതു് സാധാരണയായി കൊല്ലത്തിൽ 20 ദിവസത്തേക്കു ഒരു ഹ്രസ്വകാല വേലക്കാരനെ നിർത്തുന്നു. അതിന്റെ വകയായ കാളയെ ആണ്ടിൽ രണ്ടു പിക്കൾ ധാന്യത്തിനു് കൂലിക്കു കൊടുക്കുന്നു. മൂന്നു കൊല്ലമായിട്ടു് അതു് 120 വെള്ളി ഡോളർ 30 ശതമാനം (അഥവാ 36 വെള്ളി ഡോളർ) പലിശക്കു കൊടുത്തുവരുന്നു.

തീരുമാനം: ഈ കുടുംബത്തിന്റെ ചൂഷണത്തിൽനിന്നുള്ള വരവു അതിന്റെ സ്വന്തം അദ്ധ്വാനത്തിൽനിന്നുള്ള വരവിൽക്കവിയുന്നു. എന്നാൽ ഒരു കുടുംബാംഗം നാലുമാസക്കാലം പ്രധാന അദ്ധ്വാനം ചെയ്യുന്നതുകൊണ്ടു് അത്തരമൊരു കുടുംബത്തെ ഒരു ധനികകർഷകകുടുംബമായി തരംതിരിക്കണം.

## ഗവമ്മേണ്ടിന്റെ അഡ്മിനിസ്ട്രേഷൻ കൌൺസിൽ അംഗീകരിച്ച വിശേഷാൽ തീരുമാനങ്ങൾ

(എ) മുൻപറഞ്ഞ 2ഉം 3ഉം വകുപ്പുകൾക്കനുസരിച്ച്, ധനികകൃഷിക്കാരും മേലെപ്പെട്ട ഇടത്തരം കൃഷിക്കാരും തമ്മിലുള്ള വിഭജനരേഖ, ചൂഷണത്തിൽനിന്നുള്ള വരവു മുഴുവൻ കുടുംബത്തിന്റെ ആകെ വാർഷികവരവിന്റെ 15 ശതമാനത്തിൽ കൂടുതലുണ്ടോ ഇല്ലയോ എന്നതിലാണ് കിടക്കുന്നത്. ചൂഷണത്തിൽനിന്നുള്ള വരവു മുഴുവൻ കുടുംബത്തിന്റെ ആകെ വാർഷികവരവിന്റെ 25 ശതമാനത്തിൽ കൂടുതലുണ്ടോ ഇല്ലയോ എന്നാക്കി അതിവിടെ മാററി

യിരിക്കുന്നു. ചൂഷണത്തിൽനിന്നുള്ള വരവു ആകെ വാർഷികവരവിന്റെ 25 ശതമാനത്തിൽ കവിയാത്ത ഒരുവനെ ഒരിടത്തരം കൃഷിക്കാരനായോ ഭേദപ്പെട്ട ഇടത്തരം കൃഷിക്കാരനായോ തരംതിരിക്കണം.

(ബി) കണക്കാക്കാനുള്ള എളുപ്പത്തിനുവേണ്ടി താഴെ പറയുന്ന ഉപാധികൾ വെക്കുന്നതാവശ്യമാണ്:

(1) സ്ഥിരമായും ഒരു ദീർഘകാലവേലക്കാരനെ കൂലിക്കു നിർത്തുകയോ മററു രൂപത്തിലുള്ള ചൂഷണം നടത്തുകയോ ചെയ്യുന്ന ഒരുവനെ, ആ ചൂഷണത്തിൽനിന്നുള്ള വരവ് കൂലിക്കു നിർത്തുന്ന ഒരു ദീർഘകാലവേലക്കാരനിൽനിന്നുള്ള വരവിനോടു തുല്യമോ അതിൽ കുറവോ ആണെങ്കിൽ, ഒരു ധനികകൃഷിക്കാരനായി തരംതിരിച്ചുകൂടാ.

2 സ്ഥിരമായും രണ്ടു ദീർഘകാല വേലക്കാരെ കൂലിക്കു നിർത്തുകയോ മററു രൂപത്തിലുള്ള ചൂഷണം നടത്തുകയോ ചെയ്യുന്ന ഒരുവനെ ആ ചൂഷണത്തിൽനിന്നുള്ള വരവ് രണ്ടു് ദീർഘകാല വേലക്കാരെ കൂലിക്കു നിർത്തുന്നതിൽ നിന്നുള്ള വരവിനോടു തുല്യമോ അതിൽ കൂടുതലോ ആണെങ്കിൽ, ഒരു ധനികകൃഷിക്കാരനായി പൊതുവെ തരംതിരിക്കണം. എന്നാൽ ഇതുപോലുള്ള ഒരു കുടുംബത്തിനു അനേകം പേരെ പോററേണ്ടിവരികയും അതൊട്ടുംതന്നെ ഭേദപ്പെട്ട നിലയിലല്ലാതിരിക്കുകയും ചെയ്യുന്നപക്ഷം അതിനെ ഒരു ധനികകർഷക കുടുംബമായി തരംതിരിച്ചുകൂടാ.

3. സ്ഥിരമായും മററുരൂപങ്ങളിലുള്ള ചൂഷണം നടത്തുന്ന ഒരു കുടുംബമാണെങ്കിൽ, ആ ചൂഷണത്തിൽനിന്നുള്ള വരവ് ഒരു ദീർഘകാലവേലക്കാരനെ നിർത്തുന്നതിൽനിന്നുള്ള വരവിൽ കൂടുതലും എന്നാൽ രണ്ടു ദീർഘകാലവേലക്കാരെ നിർത്തുന്നതിൽനിന്നുള്ള വരവിൽ കുറവുമാവുന്നപക്ഷം, ആ കുടുംബത്തിന്റെ ചൂഷണത്തിൽനിന്നുള്ള വരവ് ആകെ വരവിന്റെ 25 ശതമാനത്തിൽ കൂടുതലുണ്ടോ എന്നു് നിർണ്ണയിക്കുവാൻ നിഷ്കർഷയായി കണക്കു

ട്ടി നോക്കണം. അങ്ങിനെ കൂടുതലുള്ളപക്ഷം ആ കുടുംബത്തെ ഒരു ധനികകർഷക കുടുംബമായി തരം തിരിക്കണം. കൂടുതലില്ലെങ്കിൽ അതിനെ ഒരിടത്തരം കർഷകകുടുംബമായോ ഒരു ഭേദപ്പെട്ട ഇട ത്തരം കർഷകകുടുംബമായോ തരം തിരിക്കണം.

4. പലതരം ജോലികാം ചെയ്യുന്നവരേയും മാസാടിസ്ഥാ നത്തിൽ നിൎത്തുന്നവരേയും കൊല്ലത്തിൽ 120 ദിവസത്തേയ്ക്കു നി ൎത്തുന്നതു് ഒരു ദീർഘകാലവേലക്കാരനെ നിൎത്തുന്നതിനു തുല്യമാ യി കണക്കാക്കാം.

5. ഒരു കുടുംബം നടത്തുന്ന ചൂഷണത്തിന്റെ തോതു കണ ക്കാക്കുമ്പോാം, ആ കുടുംബം മററുള്ളവരെ ചൂഷണംചെയ്തു ലഭിക്കു ന്ന വരവും മററുള്ളവർ ആ കുടുംബത്തെ ചൂഷണംചെയ്യുണ്ടാവു ന്ന വരവും തമ്മിൽ തട്ടിച്ചുനോക്കാൻ ശ്രദ്ധിക്കണം.

## 4. പിന്തിരിപ്പൻ ധനികകൃഷിക്കാരൻ

വിമോചനത്തിനുമുമ്പും പ്രത്യേകിച്ചും അതിനുശേഷവും ഗുരു തരമായ എതിർവിപ്ലവപ്രവൎത്തനങ്ങളിലേർപ്പെട്ടിട്ടുള്ള ധനികകൃ ഷിക്കാരനെ ഒരു പിന്തിരിപ്പൻ ധനികകൃഷിക്കാരനായി തരംതിരി ക്കണം. അത്തരം പിന്തിരിപ്പൻ ധനികകൃഷിക്കാരുടേയും ആ എ തിർവിപ്ലവപ്രവൎത്തനങ്ങളിൽ പങ്കെടുത്ത അവരുടെ കുടുംബാംഗ ങ്ങളുടേയും ഭൂമിയും മററു സ്വത്തുക്കളും കണ്ടുകെട്ടണം.

മേല്പറഞ്ഞ തത്വം പിന്തിരിപ്പൻ മുതലാളിമാൎക്കും ബാധക മാണ്.

### വിശദീകരണം

താഴെ പറയുന്നതു ശ്രദ്ധിക്കണം:

1. ഗുരുതരമായ എതിർവിപ്ലവപ്രവൎത്തനങ്ങളിൽ ഏർപ്പെ ട്ട ധനികകൃഷിക്കാരെ മാത്രമേ പിന്തിരിപ്പൻ ധനികകൃഷിക്കാരാ യി തരം തിരിക്കാൻ പാടുള്ളൂ. ഉദാഹരണത്തിനു, വിപ്ലവത്തിനി

ളക്ക തൊഴിലാളികളേയും കൃഷിക്കാരേയും കൂട്ടക്കൊല ചെയ്യാൻ പട്ടാളത്തെ നയിച്ചവർ, ജനാധിപത്യപരമായ ഗവമ്മെണ്ടിന്നെതിരായി വാശിയോടെ പോരാടിയവർ, പ്രത്യേകിച്ചും വിമോചനത്തിനുശേഷം, എതിർ വിപ്ലവഗ്രൂപ്പുകളും സംഘടനകളും രൂപീകരിക്കുന്നതിൽ മററുള്ളവരെ നയിച്ചുകൊണ്ടിരിക്കുകയോ അല്ലെങ്കിൽ കൊല, ശത്രുവിനുവേണ്ടിയുള്ള ചാരപ്രവൃത്തി, ശത്രു സൈന്യങ്ങൾക്ക വഴികാട്ടികളായുള്ള വളണ്ടിയർ സേവനം, കൊമിന്താങ്ങിനെ സഹായിക്കാനായി ശത്രുപക്ഷത്തേയ്ക്കു് ഒളിച്ചു ചാടൽ തുടങ്ങിയ ഗുരുതരമായ എതിർവിപ്ലവപ്രവത്തനങ്ങൾ ഒററയ്ക്കു നടത്തുകയൊ, അല്ലെങ്കിൽ ഭൂമി പരിശോധിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന പ്രസ്ഥാനത്തേയും സാമ്പത്തികനിമ്മാണത്തെയും സജീവമായും സ്ഥിരമായും അട്ടിമറിക്കുകയോ ചെയ്തിട്ടുള്ളവർ എതിർ വിപ്ലവപ്രവത്തനങ്ങളിൽ പങ്കെടുത്തെങ്കിലും അവയിൽ നേതൃത്വപരമോ പ്രധാന പങ്കോ വഹിച്ചിട്ടില്ലാത്ത ധനികകൃഷിക്കാരുടെ ഭൂമിയും മററു സ്വത്തുക്കളും കണ്ടുകെട്ടരുതു്.

2. പിന്തിരിപ്പൻ ധനികകൃഷിക്കാരുടെ കുടുംബാംഗങ്ങളിൽ, അത്തരം ഗുരുതരമായ എതിർ വിപ്ലവപ്രവത്തനങ്ങളിൽ പങ്കെടുത്തവരുടെ ഭൂമിയും മററു സ്വത്തുക്കളും മാത്രമേ കണ്ടുകെട്ടാവൂ. ബാക്കിയുള്ളവരുടെ ഭൂമിയും മററു സ്വത്തുക്കളും കണ്ടുകെട്ടരുതു്.

(3) ഉപജീവനം തേടി താല്ക്കാലികമായി ശത്രുപക്ഷത്തേയ്ക്കു കടന്ന ധനികകൃഷിക്കാർ എതിർ വിപ്ലവകാരികളല്ല, അവരെ എതിർവിപ്ലവകാരികളായ ധനികകൃഷിക്കാരായി കണക്കാക്കിക്കൂടാ.

(4) മുകളിൽ പറഞ്ഞ തത്വം പിന്തിരിപ്പൻ മുതലാളിമാക്കും പൂണ്ണമായും ബാധകമാണ്.

കഴിഞ്ഞ കാലത്തു് അനേകം സ്ഥലങ്ങളിൽ ഗുരുതരമായ എതിർവിപ്ലവപ്രവത്തനങ്ങളി ലേപ്പെട്ടിട്ടില്ലാത്ത ധനികകൃഷിക്കാരുടെ ഭൂമിയും മററു സ്വത്തുക്കളും കണ്ടുകെട്ടിയിരുന്നു ഇതിനുംപുറ

മേ, എതിർവിപ്ലവപ്രവൎത്തനങ്ങളിൽ പങ്കെടുത്തിട്ടില്ലാത്ത ധനിക കൃഷികകുടുംബാംഗങ്ങളുടെ ഭൂമിയും മററു സ്വത്തുക്കളുംകൂടി കണ്ടുകെട്ടിയിരുന്നു ഇതു തെററാണ്. ഈ തെററുകൾ ഭൂമി കണ്ടുകെട്ടലും വിതരണവും സംബന്ധിച്ച കിയാങ്ങ്സി ചട്ടങ്ങളിലെ 3-ാം നിയമത്തിൻെറ ഫലമായിരുന്നു; അതിങ്ങനെ വ്യവസ്ഥചെയ്തു: "എതിർവിപ്ലവസംഘടനകളിൽ ചേരുന്ന ധനികകൃഷിക്കാരുടെ മുഴുവൻ കുടുംബത്തിൻെറ സ്വത്തും കണ്ടുകെട്ടണം." നേതൃത്വം വഹിച്ചവരേയും അനുയായികളായിരുന്നവരേയും തമ്മിൽ വേർതിരിക്കാൻ അതിനു കഴിഞ്ഞില്ല, യഥാൎത്ഥത്തിൽ പങ്കെടുത്തവരേയും പങ്കെടുക്കാതിരുന്നവരേയും തമ്മിലും അതു വേർതിരിച്ചില്ല കുടുംബാംഗങ്ങളുടെ പ്രശ്നത്തെസംബന്ധിച്ച് പ്രസ്തുത നിയമത്തിൻെറ ഉത്തരഭാഗം ഇങ്ങനെ വ്യവസ്ഥ ചെയ്തു: "എതിർവിപ്ലവസംഘടനകളിൽ ചേരാതിരിക്കുകയോ എതിർവിപ്ലവപ്രവൎത്തനങ്ങളിലേർപ്പെടാതിരിക്കുകയോ ചെയ്യുവരും അങ്ങിനെ പ്രവൎത്തിച്ച തങ്ങളുടെ കുടുംബാംഗങ്ങളുമായുള്ള ബന്ധം വേർപെടുത്തിയവരുമായ കുടുംബാംഗങ്ങളുടെ ഭൂമി, പ്രാദേശികബഹുജനങ്ങൾ തടസ്ഥം പറഞ്ഞില്ലെങ്കിൽ അവൎക്കു തിരിച്ചുകൊടുക്കാവുന്നതാണ്." എന്നിരുന്നാലും ആദ്യം മുഴുവൻ കുടുംബത്തിൻെറ സ്വത്തും കണ്ടുകെട്ടുകയും പിന്നീട് അതിൻെറ ഒരു ഭാഗം തിരിച്ചുകൊടുക്കുകയും ചെയ്യുന്ന ഈ നടപടി ശരിയല്ല. അതുകൊണ്ട് പ്രസ്തുത നിയമം ഇപ്പോഴത്തെ ചട്ടങ്ങൾക്കനുസരണമായി ഭേദപ്പെടുത്തേണ്ടതാവശ്യമാണ്. ഇതിനുംപുറമേ, കഴിഞ്ഞ കാലത്ത് പിന്തിരിപ്പൻ മുതലാളികളെന്നതിൻെറ നിർവ്വചനം ചില ഉദാഹരണങ്ങളിൽ ന്യായമായ പരിധികൾക്കപ്പുറം കൊണ്ടുപോയി. അതിൻെറ ഫലം ചില വ്യവസായസ്ഥാപനങ്ങളെ തെററായി കണ്ടുകെട്ടുകയായിരുന്നു. ഇതും ശരിയല്ല.

ഉദാഹരണം

ഒരു കുടുംബം ഒമ്പതംഗങ്ങളെ പോറേറണ്ടതുണ്ട്; ഒരു കുടുംബാംഗം അദ്ധ്വാനം ചെയ്യുന്നു, മറെറാരു കുടുംബാംഗം സഹായ

ക അദ്ധ്വാനവും ചെയ്യുന്നു. 160 പിക്കാം ധാന്യമുൽപാദിപ്പിക്കാൻ കഴിവുള്ള ഭൂമി അതിനുണ്ട്. 80 പിക്കാം ധാന്യം വിളയാവുന്നതും യഥാൎത്ഥത്തിൽ 56 പിക്കാം ധാന്യം വിളയുന്നതുമായ ഭൂമി അതു കൃഷിചെയ്യുന്നു. പത്തുകൊല്ലമായി 80 പിക്കാം ധാന്യം വിളയാവുന്നതായ ഭൂമി അതു പാട്ടത്തിനു കൊടുത്തുവരുന്നു, അതിൽനിന്നു ആണ്ടിൽ 30 പിക്കാം ധാന്യം പാട്ടം വാങ്ങുന്നു. ആ കുടുംബത്തിന്റെ വകയായി അഞ്ചു കുന്നിൻപുറങ്ങളുണ്ട്, അവയിൽനിന്നു ആണ്ടിൽ 70 വെള്ളി ഡോളർ വരവുണ്ട്. അതു സ്ഥിരമായി ഒരു ദീൎഘകാലവേലക്കാരനെ കൂലിക്കു നിൎത്തുന്നു. മൂന്നുകൊല്ലം അതു് 25 ശതമാനം പലിശക്കു 425 വെള്ളി ഡോളർ കടംവാങ്ങിക്കൊണ്ടിരുന്നു; അഞ്ചുകൊല്ലക്കാലം അതു് 30 ശതമാനം പലിശക്കു് 380 വെള്ളി ഡോളർ കടംകൊടുത്തുകൊണ്ടിരുന്നു. ഒരു കുടുംബാംഗം, രണ്ടുകൊല്ലക്കാലം "രാജ്യരക്ഷാസൈന്യ"ത്തിലെ ഒരു കമ്പനിയുടെ കമാണ്ടറായിരുന്നു. അയാൾ ചോപ്പുപട്ടാളത്തിനെതിരായി അഞ്ചു യുദ്ധങ്ങളിൽ പങ്കെടുത്തു. മറെറാരു കുടുംബാംഗം ഒരു കൊല്ലക്കാലം "എ. ബി. സംഘ" ആൻറി ബോൾഷെവിക്ക് സംഘത്തിലെ ഒരംഗമായിരുന്നു. എന്നാൽ അയാൾ സംഘത്തിലെ ഒരു പ്രധാന മെമ്പറോ സജീവമെമ്പറോ ആയിരുന്നില്ല. മററു കുടുംബാംഗങ്ങളെ സംബന്ധിച്ചിടത്തോളം എതിർവിപ്ലവപ്രവൎത്തനത്തിന്റെ യാതൊരു തെളിവുമില്ല.

തീരുമാനം: ഈ കുടുംബത്തെ ഒരു ധനിക കൎഷകകുടുംബമായി തരംതിരിക്കണം. അതിലെ ഒരംഗം ഗുരുതരമായ എതിർവിപ്ലവപ്രവൎത്തനങ്ങളിലേർപ്പെട്ടിട്ടുണ്ട്. അയാൾ ഒരു പിന്തിരിപ്പൻ ധനികകൃഷിക്കാരനാണ്, അതുകൊണ്ടയാളുടെ സ്വത്തു കണ്ടുകെട്ടണം. ബാക്കി കുടുംബാംഗങ്ങളുടെ സ്വത്തു് കണ്ടുകെട്ടരുതു്. മറെറാരു കുടുംബാംഗം "എ. ബി. സംഘ"ത്തിൽ ചേൎന്നിട്ടുണ്ടെങ്കിലും അതിലെ ഒരു പ്രധാന മെമ്പറോ സജീവമെമ്പറോ ആയിരുന്നില്ല. അയാളുടെ സ്വത്തു കണ്ടുകെട്ടരുതു്.

## ഗവമ്മേണ്ടു അഡ്മിനിസ്ട്രേഷൻ കൌൺസിൽ അംഗീകരിച്ച വിശേഷാൽ തീരുമാനങ്ങൾ

ഈ വകുപ്പിലെ വ്യവസ്ഥകൾ ജന്മിവസ്തുത്തിൻേറയും മററ വസ്തുക്കളുടേയുമിടയിലുള്ള അക്രമികൾക്ക ബാധകമാണ്.

## 5. ധനിക കൃഷിക്കാൎക്ക സ്വന്തമാക്കിവെയ്ക്കാവുന്ന ഭൂമിയും കെട്ടിടങ്ങളും കന്നുകാലികളും കാൎഷികോപകരണങ്ങളും

നിയമങ്ങളുടേയും ഗവമ്മേണ്ടു കല്പനകളുടേയും പരിധിക്കുള്ളിൽ ധനിക കൃഷിക്കാൎക്ക, കാർഷികപരിഷ്ക്കാരത്തിനിടയിൽ തങ്ങളുടെ ഉടമസ്ഥാവകാശം സ്ഥാപിച്ചുകിട്ടിയ ഭൂമിയും കെട്ടിടങ്ങളും കന്നുകാലികളും കാർഷികോപകരണങ്ങളും ഇഷ്ടംപോലെ വിനിയോഗിക്കുവാനുള്ള അനിയന്ത്രിതമായ അവകാശമുണ്ടായിരിക്കും.

### വിശദീകരണം

1. ഈയിടെ ചില പ്രദേശങ്ങളിൽ തൊഴിലാളികളും കൃഷിക്കാരും സാധുക്കളായ കൂലിവേലക്കാരും തങ്ങളുടെ ഭൂമിയും കെട്ടിടങ്ങളും കന്നുകാലികളും കാർഷികോപകരണങ്ങളും ന്യായമായും ധനികകൃഷിക്കാരുടെ വകയായ ഭൂമിയും കെട്ടിടങ്ങൾക്കും കന്നുകാലികൾക്കും കാഷികോപകരണങ്ങൾക്കുംവേണ്ടി കൈമാററം ചെയ്യുകയുണ്ടായി. വസ്തുവും വളവുംപോലും കൈമാററം ചെയ്യുതിൻെറ ഉദാഹരണങ്ങളുണ്ട് ഇതു ശരിയല്ല

2. ഭൂപ്രശ്നത്തെ ശരിയായ നിലയിൽ പരിഹരിക്കുകയും ധനികകൃഷിക്കാൎക്ക വിതരണം ചെയ്യപ്പെട്ട ഭൂമി അഭിവൃദ്ധിപ്പെടുത്തുകയും കൂടുതൽ വിളവുള്ള ഭൂമിയാക്കിത്തീക്കുകയും ചെയ്യതിനുശേഷം അങ്ങിനെയുള്ള ഭൂമിയുമായി വെച്ചു മാറുവാൻ യാതൊരാക്ഷേപവും... യാതൊരാളും അനുവദിച്ചുകൂടാ. ധനികകൃഷിക്കാർ വാങ്ങിയ കന്നുകാലി

കളും കാർഷികോപകരണങ്ങളും കെട്ടിടങ്ങളും, ആവശ്യത്തിൽകൂടുതലായാലും ശരി, കണ്ടുകെട്ടുകയോ കൈമാററം ചെയ്യുകയോ ചെയ്യരുത്.

## ഗവർമ്മെണ്ടു അഡ്മിനിസ്ട്രേഷൻ കൌൺസിൽ സ്വീകരിച്ച വിശേഷാൽ തീരുമാനങ്ങൾ

ഈ വകുപ്പിലെ വ്യവസ്ഥകൾ ജന്മികൾക്കും ബാധകമാണ്.

## 6. പൊളിഞ്ഞ ജന്മി

വിമോചനത്തിനു മുമ്പായി, ചൂഷണത്തിനുപയോഗിച്ചിരുന്ന തൻെറ ഭൂമിയും മററു സ്വത്തുക്കളും മുഴുവനുമോ പ്രധാനഭാഗമോ നഷ്ടപ്പെടുകയും, പണിയെടുക്കാൻ കഴിവുണ്ടെങ്കിലും അദ്ധ്വാനിക്കാതിരിക്കുകയും സാധാരണ ഇടത്തരം കൃഷിക്കാരേക്കാൾ നല്ല നിലയിൽ ജീവിക്കുകയും ചെയ്യുന്ന ഒരു ജന്മിയെ ഒരു പൊളിഞ്ഞ ജന്മിയായി തരം തിരിക്കണം. അത്തരം പൊളിഞ്ഞ ജന്മികൾ ജന്മിവർഗ്ഗത്തിൻെറ ഒരു ഭാഗമായി നില നില്ക്കുന്നു.

എന്നിരുന്നാലും, പൊളിഞ്ഞതിനുശേഷം ഒരു കൊല്ലക്കാലം പ്രധാന ഉപജീവനമാർഗ്ഗമായി സ്വന്തം അദ്ധ്വാനത്തെ ആശ്രയിച്ചിട്ടുള്ള ജന്മിമാരുടെ വർഗ്ഗനില ഭേദപ്പെടുത്തണം. പൊളിഞ്ഞതിനുശേഷം തൻെറ ഉപജീവനത്തിൻെറ ഒരു ഭാഗത്തിനു സ്വന്തം പ്രയത്നത്തെ ആശ്രയിച്ച ഒരു ജന്മിയെ, ആ ഭാഗത്തിൽ നിന്നുള്ള വരവു അയാളുടെ വാർഷികജീവിതച്ചിലവിൻെറ മൂന്നിലൊന്നു വരുമെങ്കിൽ, ഒരു ധനികകൃഷിക്കാരനായി കണക്കാക്കാം.

## വിശദീകരണം

1. ഭാഗികമായി പൊളിഞ്ഞ ജന്മികളെ പൊളിഞ്ഞ ജന്മികളായി തരം തിരിച്ചതിൻെറ ഉദാഹരണങ്ങളുണ്ടായിട്ടുണ്ട്. ഇതു

ശരിയല്ല. കാരണം, അത്തരം ജന്മികൾക്ക് അവരുടെ സ്വത്തിന്റെ ഒരു ഭാഗം കൈവശമുണ്ട്, അതവർ ചൂഷണത്തിനുപയോഗിക്കുന്നു—ചൂഷണത്തിൽനിന്നുള്ള വരവിൽ മാത്രമാണു വ്യത്യാസമുള്ളത്.

2. പൊളിഞ്ഞതിനുശേഷം ഒരു കൊല്ലക്കാലം പ്രധാന അദ്ധ്വാനം ചെയ്യുവരാ പൊളിഞ്ഞ ജന്മികളായി തരം തിരിച്ചതിന്റെ ഉദാഹരണങ്ങളുണ്ടായിട്ടുണ്ട്. ഇതു കൂടുതൽ വലിയ തെറ്റാണ്. പൊളിഞ്ഞതിനുശേഷം, ജന്മി ഒരു കൊല്ലക്കാലം (വിമോചനത്തിനു മുമ്പ്) പ്രധാന അദ്ധ്വാനം ചെയ്തുകൊണ്ടു അയാൾ തന്റെ വർഗ്ഗനിലയെ ഒരു ജന്മിയുടേതിൽനിന്ന് ഒരു തൊഴിലാളിയുടേതോ, കൃഷിക്കാരന്റേതോ സാധു കൂലിവേലക്കാരന്റേതോ നിലയിലേക്കു മാറ്റിക്കഴിഞ്ഞിരിക്കുന്നു.

3. പൊളിഞ്ഞതിനുശേഷം ഭാഗികമായി അദ്ധ്വാനത്തിലേർപ്പെട്ടിട്ടുള്ള ജന്മികളെ ജന്മികളായിത്തന്നെ കണക്കാക്കിവന്നതിന്റെ ഉദാഹരണങ്ങളുണ്ടായിട്ടുണ്ട്. ഇതു ശരിയല്ല. കാരണം, അത്തരം ആളുകൾ അവരുടെ സ്വന്തം പ്രയത്നംകൊണ്ടു തങ്ങളുടെ കുടുംബത്തിന്റെ വാർഷികജീവിതച്ചിലവിന്റെ മൂന്നിലൊന്നു നേടുന്നുവെങ്കിൽ അവരെ ധനികകൃഷിക്കാരായിട്ടാണ് കണക്കാക്കേണ്ടത്.

## 7. സാധു കൂലിവേലക്കാരൻ

തൊഴിലാളികളും കൃഷിക്കാരുമൊഴിച്ച്, ഉപജീവനത്തിനു അഥവാ അതിന്റെ പ്രധാനഭാഗത്തിനു സ്വന്തം അദ്ധ്വാനത്തെ ആശ്രയിക്കുകയോ ജീവിതച്ചിലവുകൾക്കുള്ള വഹ നേടാൻവേണ്ടി തങ്ങളുടെ പരിമിതമായ ഉല്പാദനോപകരണങ്ങളുടെ കൈകാര്യകർത്തൃത്വത്തെ (management) ആശ്രയിക്കുകയോ ചെയ്യുന്നവരെ, അവർക്കു സ്ഥിരമായ തൊഴിലൊന്നുമില്ലാതിരിക്കുകയും ബുദ്ധിമുട്ടി ജീവിതം നയിക്കുകയും ചെയ്യുന്ന പക്ഷം, സാധുകൂലിവേലക്കാരാ-

യി തരംതിരിക്കണം. നാട്ടിൻപുറങ്ങളിലും ചെറിയ പട്ടണങ്ങളിലും സാധു കൂലിവേലക്കാർക്കിടയിലുള്ള തൊഴിലില്ലാത്തവർക്ക് ഭൂമി കൊടുക്കണം.

വിശദീകരണം

(1) പാവപ്പെട്ട കൂലിവേലക്കാർ നഗരങ്ങളിൽ ഒരു ഗണ്യമായ സംഖ്യ വരും: അതുപോലെതന്നെ നാട്ടിൻപുറങ്ങളിലും ചെറിയ പട്ടണങ്ങളിലും കുറെയുണ്ട്. അവർ പല തൊഴിലുകളുമെടുക്കുന്നു, അവയിൽ ചിലതു സ്ഥിരമല്ല, ഓരോ കാലത്തും സമയത്തും മാറിമാറിയിരിക്കും. സാധു കൂലിവേലക്കാരുടെ ജീവിതം വളരെ കഷ്ടതനിറഞ്ഞതാണ്; അവരുടെ വരവ് മിക്കപ്പോഴും ചിലവിനു മതിയാവില്ല.

(2) തൊഴിലാളികളും കൃഷിക്കാരുമൊഴിച്ചു, സ്വതന്ത്ര ഉല്പാദകന്മാരുടെ നിലയിലുള്ള എല്ലാവരും, തൊഴിലുകളിലേർപ്പെട്ടവരും കൊണ്ടുനടന്നു വില്പനക്കാരും, കീഴ്ശമ്പളക്കാരില്ലാത്ത ചില്ലറ ഷാപ്പുടമസ്ഥന്മാരും മററദ്ധ്വാനിക്കുന്നവരും, അവർക്കു സ്ഥിരമായ ജോലികളില്ലാതിരിക്കുകയും ബുദ്ധിമുട്ടി ജീവിതം നയിക്കുകയും ചെയ്യുന്നപക്ഷം, സാധുകൂലിവേലക്കാരുടെ വകുപ്പിലുൾപ്പെടും.

## 8. ബുദ്ധിജീവി

ബുദ്ധിജീവികളെ സ്വയം ഒരു വർഗ്ഗമായി കണക്കാക്കരുത്. ബുദ്ധിജീവികളുടെ വർഗ്ഗോല്പത്തി (ഏതു വർഗ്ഗത്തിൽനിന്നു വരുന്നു എന്നതു്) നിർണ്ണയിക്കേണ്ടതു് അവരുടെ കുടുംബസ്ഥിതിക്കനുസരിച്ചാണ്. ബുദ്ധിജീവികളുടെ സ്വന്തം വർഗ്ഗനില നിർണ്ണയിക്കേണ്ടതു് അവരുടെ വരവിന്റെ പ്രധാനഭാഗം നേടാൻ അവരുപയോഗിക്കുന്ന മാർഗ്ഗങ്ങൾക്കനുസരിച്ചാണ്.

ജന്മിവർഗ്ഗത്തിലോ മുതലാളിവർഗ്ഗത്തിലോ നിന്നു വരുന്ന ബുദ്ധിജീവികൾക്കെല്ലാം, അവർ ജനാധിപത്യപരമായ ഗവമ്മെണ്ടിന്റെ നിയമങ്ങളനുസരിക്കുന്നപക്ഷം, ഗവർമ്മെണ്ടു ജോലികൾ

കൊടുക്കണം; അദ്ധ്വാനിക്കുന്ന ജനങ്ങളെ നിന്ദിക്കുന്ന അവരുടെ തെററായ ആശയങ്ങളെ പരിഹരിക്കാനുള്ള വിദ്യാഭ്യാസവും അവക്കു കൊടുക്കണം.

ബുദ്ധിജീവികൾ മററു ജനങ്ങളെ ചൂഷണംചെയ്യാത്ത പ്രവൃത്തികൾ ചെയ്യുമ്പോൾ—ഉദാഹരണത്തിനു അദ്ധ്യാപകന്മാർ, പത്രാധിപന്മാർ, പത്രപ്രവർത്തകന്മാർ, ക്ലാർക്കുകൾ, എഴുത്തുകാർ, കലാകാരന്മാർ—അവരെ ബുദ്ധിവേലക്കാരായി (Brain Workers) കണക്കാക്കണം; ജനാധിപത്യപരമായ ഗവർമ്മെണ്ടു അവക്കു നിയമസംരക്ഷണം നൽകുകയും വേണം.

## വിശദീകരണം

(1) ഈയ്യിടെ ചില പ്രദേശങ്ങളിൽ ബുദ്ധിജീവികളെ ബഹിഷ്കരിക്കയുണ്ടായി. ഇതു ശരിയല്ല. ജന്മിവർഗ്ഗത്തിൽനിന്നും മുതലാളിവർഗ്ഗത്തിൽനിന്നും വരുന്നവരും ജനാധിപത്യപരമായ ഗവർമ്മെണ്ടിന്റെ ജോലിയിൽ സഹകരിക്കാനിഷ്ടമുള്ളവരുമായ ബുദ്ധിജീവികളെക്കൊണ്ടു പ്രവർത്തിപ്പിക്കേണ്ടതു് ജനകീയവിപ്ലവത്തിനു സഹായകരമായ ഒരു നയമാണ്. അവർ ജനാധിപത്യപരമായ ഗവർമ്മെണ്ടിനുവേണ്ടി പണിയെടുക്കുമ്പോൾ, അവരുടെ ഉപജീവനപ്രശ്നങ്ങളെ പരിഹരിക്കാനുള്ള നടപടികളെടുക്കണം.

(2) ബുദ്ധിജീവികളുടെ വർഗ്ഗോല്പത്തി നിർണ്ണയിക്കേണ്ടതു് അവരുടെ കുടുംബത്തിന്റെ പദവി നോക്കിയാണ്. ഉദാഹരണത്തിനു ഒരു ജന്മികുടുംബത്തിൽനിന്നു വരുന്നവൻ ജന്മിവർഗ്ഗത്തിൽനിന്നുത്ഭവിച്ചവനാണ്; ഒരു ധനിക കർഷകകുടുംബത്തിൽനിന്നും വരുന്നവൻ ധനിക കർഷകവർഗ്ഗത്തിൽനിന്നുത്ഭവിച്ചവനാണ്; ഒരിടത്തരം കർഷകകുടുംബത്തിൽനിന്നും വരുന്നവൻ ഇടത്തരം കർഷകവർഗ്ഗത്തിൽനിന്നുത്ഭവിച്ചവനാണ്; അങ്ങിനെ, മററും. ബുദ്ധിജീവികളുടെ സ്വന്തം വർഗ്ഗനില നിർണ്ണയിക്കേണ്ടതു്, അവരുടെ വരവിന്റെ പ്രധാനഭാഗം എങ്ങിനെയുണ്ടാകുന്നു എന്നതിനെ ആശ്ര

യിച്ചാണ്. ഉദാഹരണത്തിനു ഒരു ജന്മിയെപ്പോലെ ഉപജീവനം നേടുന്നവൻ ഒരു ജന്മിയാണ്; ഒരു മുതലാളിയെപ്പോലെ ഉപജീവനം നേടുന്നവൻ ഒരു മുതലാളിയാണ്; ഒരു തൊഴിൽക്കാരനെപ്പോലെ ഉപജീവനം നേടുന്നവൻ ഒരു തൊഴിൽക്കാരനാണ്; ഒരു ക്ലാക്കിനെപ്പോലെ ഉപജീവനം നേടുന്നവൻ ഒരു ക്ലാക്കാണ്. ഒരു പട്ടാളക്കാരനെപ്പോലെ ഉപജീവനം നേടുന്നവൻ ഒരു പട്ടാളക്കാരനാണ്; അങ്ങിനെ മററും. ഉപജീവനത്തിൻെറ പ്രധാനഭാഗത്തിന്നു തൻെറ കുടുംബത്തെ ആശ്രയിക്കുന്ന ഒരു ബുദ്ധിജീവിയുടെ നില ആ കുടുംബത്തിൻെറ നിലയനുസരിച്ചാണു നിണ്ണയിക്കേണ്ടതു്. ബുദ്ധിജീവികളെ തനിച്ച് ഒരു പ്രത്യേക വഗ്ഗമായി കണക്കാക്കുന്നതു് തെററാണ്. വേലക്കാരുടെ വിദ്യാഭ്യാസം സിദ്ധിച്ച കുട്ടികളെ ("ബി. എ. ക്കാരെ"ന്നു വിളിക്കപ്പെടുന്നവർ) അനഭിലഷണീയമായ ഒരു വഗ്ഗനിലയുള്ളവരായി കണക്കാക്കുന്നതു് അതിഘലരെ തെററാണ്.

(3) അദ്ധ്യാപകന്മാരുടേയും വൈദ്യന്മാരുടേയും ജോലി അപ്രധാനമായി കണക്കാക്കാതിരിക്കുന്നതും തെററാണ്.

## ഗവർമ്മെണ്ടു അഡ്മിനിസ്ട്രേഷൻ കൌൺസിൽ അംഗീകരിച്ച വിശേഷാൽ തീരുമാനങ്ങൾ

(എ) സ്ഥാപനങ്ങളുടേയും വ്യവസായങ്ങളുടേയും സ്കൂറവക സ്കൂളുകളുടേയും സ്റ്റാഫിലോ അഥവാ പരസ്പരസഹായസംഘങ്ങളുടേയോ സാകാര്യവ്യക്തികളുടേയോ ശമ്പളക്കാരനായോ ജോലി നോക്കുകയും ഉപജീവനത്തിന്നു പൂണ്ണമായോ പ്രധാനമായോ ശമ്പളത്തെ ആശ്രയിക്കുകയും ചെയ്യുന്ന ഒരുവനെ ഉദ്യോഗസ്ഥനായി തരംതിരിക്കണം. ഉദ്യോഗസ്ഥന്മാർ തൊഴിലാളിവഗ്ഗത്തിൻെറ ഒരു ഭാഗമാണ്.

(ബി) സ്ഥാപനങ്ങളോ വ്യവസായങ്ങളോ സ്കൂറവക സ്കൂളുകളോ അഥവാ പരസ്പരസഹായസംഘങ്ങളോ സാകാര്യവ്യ

ക്തികളോ ബുദ്ധിപരമായ ജോലിയ്ക്കേർപ്പെടുത്തുന്നവരും ഉപജീവനത്തിന്നു പൂർണ്ണമായോ പ്രധാനമായോ, എഞ്ചിനീയർമാർ, പ്രൊഫസ്സർമാർ, വിദഗ്ദ്ധന്മാർ എന്നീ നിലയ്ക്കു തങ്ങൾക്കു കിട്ടുന്ന ഉയന്ന ശമ്പളത്തെ ആശ്രയിക്കുന്നവരുമായ, സാങ്കേതികവൈദഗ്ദ്ധ്യവും പ്രത്യേക വിജ്ഞാനവും നേടിയ ബുദ്ധിജീവികളെ ഉയന്ന ഉദ്യോഗസ്ഥന്മാരായി തരംതിരിക്കണം. അവരുടെ വർഗ്ഗനില സാധാരണ ഉദ്യോഗസ്ഥന്മാരുടേതുതന്നെയായിരിക്കും എന്നാൽ സഹകായ്യസാമ്പത്തികസ്ഥാപനങ്ങളിലും വ്യവസായങ്ങളിലുമുള്ള മാനേജുമെണ്ടിന്റെ പ്രതിനിധികളെ ഉദ്യോഗസ്ഥന്മാരായി തരംതിരിച്ചുകൂടാ.

(സി) മുമ്പ് കെരമിന്താങ്ങ് ഗവമ്മെണ്ടിന്റെ വിവിധപടിയിലുള്ള ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരെ ഉദ്യോഗസ്ഥവർഗ്ഗത്തിൽ ഉൾപ്പെടുത്തിക്കൂടാ. വിമോചനത്തിനുശേഷം, പ്രധാന ഉപജീവനമാർഗ്ഗമായി മററു ജോലികളിലേർപ്പെട്ടവരുടെ വർഗ്ഗനില അവരുടെ ഓരോരുത്തരുടേയും ജോലികൾക്കനുസരിച്ചു നിർണ്ണയിക്കണം.

## 9. മടിയൻ

വിമോചനത്തിനല്പം മുമ്പായി, പിന്തിരിപ്പൻ ഗവർമ്മെണ്ടിന്റെയോ, ജന്മി–നാടൻ മുതലാളി വർഗ്ഗങ്ങളുടേയോ മർദ്ദനത്തിന്റേയും ചൂഷണത്തിന്റേയും ഫലമായി തങ്ങളുടെ തൊഴിലുകളോ ഭൂമിയോ നഷ്ടപ്പെട്ടവരും തുടർച്ചയായി മൂന്നുകൊല്ലക്കാലം പ്രധാന ഉപജീവനമാർഗ്ഗമായി അനാശാസ്യരീതികൾ കൈക്കൊണ്ടിട്ടുള്ളവരുമായ തൊഴിലാളികളേയും കൃഷിക്കാരേയും മററുള്ളവരേയുമാണ് മടിയന്മാരായി ഗണിക്കേണ്ടതു്. (സാധാരണയായി അവരെ തെണ്ടികളെന്നാണു വിളിക്കുന്നതു്.)

മടിയന്മാരോടുള്ള ജനാധിപത്യഗവമ്മെണ്ടിന്റെ നയം, അവരിൽ ഭൂരിപക്ഷത്തെ വേണ്ട വഴിയിലേയ്ക്കു കൊണ്ടുചരികയും പിന്തിരിപ്പൻ ശക്തികളുമായി കൂട്ടുകൂടി എതിർവിപ്ലവത്തിൽ സജീവ

മായി പങ്കെടുക്കുന്നവരെ എതിൎക്കുകയുമാണ്. സാധാരണ മടിയന്മാരെ വേണ്ട വഴിയിലേയ്ക്കു കൊണ്ടുവരുന്നതിന്റെ പ്രധാന രീതി അവൎക്കു ഭൂമിയും വേലയും കൊടുത്തു് അവരെ ഉല്പാദനപ്രവൃത്തിയിലേയ്ക്കു മടക്കിക്കൊണ്ടുവരികയാണ്. എന്നിരുന്നാലും നാട്ടിൻപുറത്തു താമസിക്കുന്നവൎക്കും ഭൂമി സ്വയം കൃഷി ചെയ്യാൻ കഴിവുള്ളവൎക്കും മാത്രമേ ഭൂമി കൊടുക്കാവൂ.

## വിശദീകരണം

1. പ്രധാന ഉപജീവനമാൎഗ്ഗമായി അനാശാസ്യരീതികൾ കൈക്കൊള്ളുക എന്നു വെച്ചാൽ, മോഷണം, കവൎച്ച, ചതി, യാചന, ചൂതുകളി, വ്യഭിചാരം എന്നിവയിൽനിന്നു ലഭിക്കുന്ന അനാശാസ്യമായ വരവുകൊണ്ടു് ജീവിക്കുക എന്നാണൎത്ഥം.

കുറച്ചൊക്കെ അനാശാസ്യമായ വരവുള്ളവരെങ്കിലും അതു പ്രധാന ഉപജീവനമാൎഗ്ഗമല്ലാത്ത, ജോലിയുള്ളവരോ ഭാഗികമായി ജോലിയുള്ളവരോ ആയ എല്ലാവരേയും തെണ്ടികളുടെ ലിസ്റ്റിൽ പെടുത്തിയതിന്റെ ഉദാഹരണങ്ങളുണ്ടു്. ഇതു ശരിയല്ല. ചൂതുകളി, കഞ്ചാവുവലി, വേശ്യാലയഗമനം തുടങ്ങിയ ചീത്ത സ്വഭാവങ്ങൾ ശീലിച്ച തൊഴിലാളികളേയും കൃഷിക്കാരേയും പാവപ്പെട്ട കൂലിവേലക്കാരേയും തെണ്ടികളുടെ ലിസ്റ്റിൽ പെടുത്തുന്നതു് അതിലും വലിയ തെററാണ്.

2. ചില പ്രദേശങ്ങളിൽ എതിൎവിപ്ലവത്തിൽ സജീവമായി പങ്കെടുക്കുന്ന മടിയന്മാൎക്കിടയിലെ നേതാക്കന്മാരെ (നായകന്മാരെന്നു പറയപ്പെടുന്നവർ) ശിക്ഷിക്കുന്നതിനു പകരം അവൎക്കു ഭൂമി കൊടുക്കുന്നു. ഇതു ശരിയല്ല. ചില പ്രദേശങ്ങളിൽ സാധാരണ മടിയന്മാരുടെ ഭൂമിക്കുള്ള അപേക്ഷ നിരസിക്കപ്പെടുന്നു. ഇതും ശരിയല്ല.

## 10. മതോപജീവി

വിമോചനത്തിനു തൊട്ടുമുമ്പുള്ള മൂന്നു കൊല്ലക്കാലം, ചാതി

രികാം, പുരോഹിതന്മാർ, സന്യാസികാം * താവോയിസ്റ്റുകാം തഴ്ന്നതരം താവോയിസ്റ്റുകാം, ലക്ഷണം പറയുന്നവർ, കൈനോട്ടക്കാർ, ഭക്തന്മാർ എന്നിങ്ങനെയുള്ള മതപരവും അന്ധവിശ്വാസപരവുമായ തൊഴിലുകളിൽനിന്നു തങ്ങളുടെ വരവിൻെറ പ്രധാനഭാഗമുണ്ടാക്കിയ എല്ലാവരേയും, മതപരവും അന്ധവിശ്വാസപരവുമായ തൊഴിലുകൊണ്ടുപജീവിക്കുന്നവരായി തരംതിരിക്കണം.

## 11. ജന്മിവർഗ്ഗത്തിൽനിന്നും ധനികകൃഷിക്കാരിൽനിന്നും വരുന്ന ചോപ്പുപട്ടാളക്കാരനും അവൻെറ ഭൂമിയും.

ജന്മിവർഗ്ഗത്തിൽനിന്നോ ധനികകൃഷിക്കാരിൽ നിന്നോ വരുന്ന എല്ലാ ചോപ്പുപട്ടാളക്കാക്കും (അവർ കമാണ്ടർമാരായാലും സാധാരണ ഭടന്മാരായാലും) അവരുടെ ആശ്രിതക്കും, അവർ തൊഴിലാളികളുടേയും കൃഷിക്കാരുടേയും താല്പര്യത്തിനുവേണ്ടി ഉറച്ചുനിന്നു സമരം ചെയ്യുന്ന പക്ഷം, ഭൂവിതരണത്തിൽ പങ്കിനു അവകാശമുണ്ട്.

### വിശദീകരണം

1. ചുവപ്പുപട്ടാളത്തിനുള്ള പ്രത്യേക പരിഗണനയെ സംബന്ധിച്ച പട്ടങ്ങളുടെ 1-ാം വകുപ്പിൽ പറയുന്നു: "ജനാധിപത്യഗവമ്മെണ്ടിൻെറ അധികാരാതിത്തിക്കു കീഴിലുള്ള പ്രദേശങ്ങളിൽ വീടുള്ളവരായ എല്ലാ ചുവപ്പുപട്ടാളക്കാക്കും അവരുടെ ആശ്രിതക്കും യഥാക്രമം തങ്ങളുടെ പ്രദേശങ്ങളിലുള്ള പാപ്പരായ കൃഷിക്കാരോടൊപ്പം ഭൂമി, കെട്ടിടങ്ങാം, കാട്ടുകാം, ജലാശയങ്ങാം എന്നിവയുടെ വിതരണത്തിൽ തുല്യമായ പങ്കു പററാവുന്നതാണ്." ഈ നിയമം എല്ലാ ചുവപ്പു പട്ടാളക്കാക്കും ബാധകമാണ്. എന്നാൽ ഈയിടെ ചില പ്രദേശങ്ങളിൽ സാമൂഹ്യ ഉല്പത്തിയെമാത്രം പരിഗണിക്കുകയും രാഷ്ട്രീയപ്രവത്തനങ്ങളെ അവഗണിക്കുക

---

* ചൈനീസ് തത്വജ്ഞാനിയായ ലിയോസിയുടെ അനുയായികാം—പ.

യും ചെയ്യിരിക്കുന്നു. ഇതിൻെറ ഫലമായി, ജന്മിവർഗ്ഗത്തിൽ നി ന്നോ ധനികകൃഷിക്കാരിൽനിന്നോ വന്ന ചുവപ്പുപടയാളികാംക്ക വിതരണം ചെയ്യപ്പെട്ട ഭൂമി, അവർ തൊഴിലാളികളുടേയും കൃഷി ക്കാരുടേയും താല്പര്യങ്ങരംക്കവേണ്ടി ഉറച്ചുനിന്നു പോരാടുന്നുണ്ടെ ന്നിരിക്കിലും വീണ്ടും കണ്ടുകെട്ടുന്നിടയായി. ഇതു ശരിയല്ല.

2. ചുവപ്പുപട്ടാളക്കാരുടെ ആശ്രിതരിൽ മാതാപിതാക്കരം, ഭാര്യ, ആൺമക്കരം, പെൺമക്കരം, പതിനാറു വയസ്സിൽ താഴെ യുള്ള സഹോദരന്മാരും സഹോദരികളും ഉരംപ്പെട്ടും. മററു കുടും ബാംഗങ്ങരംക്ക അത്തരം അവകാശങ്ങളുണ്ടായിരിക്കയില്ല.

## ഗവർമ്മേണ്ടു അഡ്മിനിസ്ട്രേഷൻ കൌൺസിൽ അംഗീകരിച്ച വിശേഷാൽ തീരുമാനങ്ങരം

ഈ പദ്ധതിയിലെ വ്യവസ്ഥകരം ജനകീയവിമോചനസേനയി ലെ എല്ലാം കമാണ്ടർമാൎക്കും ഭടന്മാൎക്കും ബാധകമാണ്; വിപ്ലവ ത്തിൻെറ പക്ഷത്തേയ്ക്കു ചേരിമാറിയിട്ടുള്ള കമാണ്ടർമാൎക്കും ഭടന്മാ ൎക്കും, ജനകീയവിമോചനസേനയിൽ അവരെ പുനസ്സംഘടിപ്പി ച്ച തിയ്യതി മുതൽ ഇതു ബാധകമാണ്. ഇവരെയെല്ലാം വിപ്ലവപ രമായ സൈന്യത്തിലെ ഭടന്മാരായി തരം തിരിക്കണം.

## 12. ധനികകൎഷകകുടുംബത്തിലോ ജന്മികുടും ബത്തിലോ നിന്നു വരുന്ന തൊഴിലാളി

ധനികകർഷക കുടുംബത്തിൽനിന്നോ ജന്മി കുടുംബത്തിൽ നിന്നോ വരുന്ന തൊഴിലാളികരംക്കും അവരുടെ ഭാര്യമാൎക്കും കുട്ടി കരംക്കും തൊഴിലാളികളുടെ വർഗ്ഗനിലയുണ്ടായിരിക്കണം. മററു കു ടുംബാംഗങ്ങളെ ജന്മികളായോ ധനികകൃഷിക്കാരായോ കണക്കാ ക്കണം.

### വിശദീകരണം

(1) വിമോചനത്തിനു തൊട്ടു മുമ്പായി ജന്മികുടുംബത്തിലേ യോ ധനികകൎഷകകുടുംബത്തിലേയോ ഒരംഗം ഒരു കൊല്ലക്കാലം

തൻെറ അദ്ധ്വാനശക്തി വിററുവെങ്കിൽ അയാളെ ഒരു തൊഴിലാളിയായി തരംതിരിക്കണം. പ്രസ്തുത അംഗത്തേയും അയാളുടെ ഭാൎയ്യയേയും കുട്ടികളേയും തൊഴിലാളികളായി കണക്കാക്കണം. അയാളുടെ കുടുംബത്തിലെ മററംഗങ്ങളെ ജന്മികളായോ ധനികകൃഷിക്കാരായോ കണക്കാക്കണം, തൊഴിലാളികളുടെ അവകാശങ്ങൾക്ക അവൎക്കൎഹതയില്ല. ആ കുടുംബത്തിൽ മറേറതെങ്കിലും വൎഗ്ഗനിലയിലുള്ള അംഗങ്ങളുണ്ടെങ്കിൽ അവരെ അവരവരുടെ നിലയ്ക്കനുസരിച്ച് കണക്കാക്കണം. ഉദാഹരണത്തിന്ന ഒരു കുടുംബത്തിൽ ഒരാൾ നാട്ടിൻപുറത്ത് മൂന്നു കൊല്ലക്കാലം തൻെറ പ്രധാന ഉപജീവനമാൎഗ്ഗമായി പാട്ടത്തേയും കടപ്പലിശയേയും ആശ്രയിച്ചിട്ടുണ്ടെങ്കിൽ അയാൾ ഒരു ജന്മിയാണ്. മറെറാരാൾ ഒരു കൊല്ലക്കാലം പ്രധാന ഉപജീവനമാൎഗ്ഗമായി തൻെറ അദ്ധ്വാനശക്തിയുടെ വില്പനയെ ആശ്രയിച്ചിട്ടുണ്ടെങ്കിൽ അയാൾ ഒരു തൊഴിലാളിയാണ്.

വേറൊരാൾ ടൌണിൽ ഒരു ചെറിയ നിൎമ്മാണശാല നടത്തുന്നു, താൻതന്നെ നിൎമ്മിക്കുകയും വിററഴിക്കുകയും ചെയ്യുന്നു, ഒരു കൊല്ലക്കാലം തൻെറ പ്രധാന ഉപജീവനമാൎഗ്ഗമായി അയാളിതിനെ ആശ്രയിച്ചു, പ്രസ്തുതവ്യക്തി ഒരു സ്വതന്ത്ര ഉല്പാദകനാണ്. ഒരു പ്രത്യേക ഘട്ടത്തിൽ ഉപജീവനം നേടാനുപയോഗിക്കുന്ന മാൎഗ്ഗത്തിൻെറ സ്വഭാവമനുസരിച്ച് ഓരോരുത്തൻേറയും വൎഗ്ഗനില നിൎണ്ണയിക്കണം. ഓരോരുത്തൻേറയും വൎഗ്ഗനിലയനുസരിച്ചായിരിക്കും ജനാധിപത്യഗവൎമ്മേണ്ടിൻെറ നിയമങ്ങൾക്കു കീഴിൽ അയാളോടുള്ള പെരുമാററം.

(2) തുണ്ടുഭൂമികളുടെ ഉടമസ്ഥന്മാരായ നാട്ടിൻപുറത്തെ തൊഴിലാളികളും, സ്വതന്ത്രഉല്പാദകന്മാരും, അദ്ധ്യാപകന്മാരും വൈദ്യന്മാരുമുണ്ട്. നാട്ടിൻപുറത്തു കഴിഞ്ഞുകൂടാൻ നിവൃത്തിയില്ലാതെ, അവർ ഉപജീവനം തേടി മറെറവിടെയെങ്കിലും പോവുകയും തങ്ങളുടെ തുണ്ടുഭൂമികൾ പാട്ടത്തിന്നു കൊടുക്കുകയും ചെയ്യു

മ്പോൾ, പ്രധാന ഉപജീവനമാർഗ്ഗമായി അവർ പാട്ടത്തെ ആശ്രയിക്കാത്തപക്ഷം അവരെ ജന്മികളായി കണക്കാക്കിക്കൂടാ.

### 13. ജന്മിയോ ധനികകൃഷിക്കാരനോ മുതലാളിയോ തൊഴിലാളി, കർഷകൻ, പാവപ്പെട്ട കൂലിവേലക്കാരൻ എന്നിവർക്കിടയിൽനിന്നോ, രണ്ടാമതു പറഞ്ഞ കൂട്ടർ ആദ്യം പറഞ്ഞ കൂട്ടർക്കിടയിൽനിന്നോ വിവാഹം കഴിച്ചാൽ അവരുടെ വർഗ്ഗനില.

1. ജന്മിയോ ധനികകൃഷിക്കാരനോ മുതലാളിയോ തൊഴിലാളികളേയോ കൃഷിക്കാരേയോ പാവപ്പെട്ട കൂലിവേലക്കാരേയോ അഥവാ മറിച്ചോ വിവാഹം കഴിച്ചാൽ അവരുടെ വർഗ്ഗനില നിർണ്ണയിക്കേണ്ടതു്, അവരുടെ ആദ്യത്തെ വർഗ്ഗനിലയനുസരിച്ചും അവരുടെ ജീവിതപരിതഃസ്ഥിതികൾക്കനുസരിച്ചും വിവാഹം നടന്നതു് വിമോചനത്തിനു മുമ്പോ പിമ്പോ എന്നു നോക്കിയുമാണു്.

2. വിവാഹം നടന്നതു് വിമോചനത്തിനു മുമ്പാണെങ്കിൽ: ജന്മികളുടേയോ ധനികകൃഷിക്കാരുടേയോ മുതലാളികളുടെയോ കുടുംബങ്ങളിലെ സ്ത്രീകൾ തൊഴിലാളികളെയോ കൃഷിക്കാരേയോ പാവപ്പെട്ട കൂലിവേലക്കാരേയോ വിവാഹം ചെയ്യുകയും ഒരു കൊല്ലക്കാലം പ്രധാന ഉപജീവനമാർഗ്ഗമായി അദ്ധ്വാനത്തിലേർപ്പെടുകയും ചെയ്താൽ അവർ തൊഴിലാളികളുടേയോ കർഷകരുടേയോ പാവപ്പെട്ട കൂലിവേലക്കാരുടേയോ വർഗ്ഗനിലയുള്ളതായി അംഗീകരിക്കണം. അദ്ധ്വാനം ചെയ്യാതിരിക്കുകയോ ഒരു കൊല്ലത്തിൽ കുറവായ കാലം അദ്ധ്വാനിക്കുകയോ ചെയ്തിട്ടുള്ളവർ അവരുടെ പഴയ വർഗ്ഗനിലതന്നെയുണ്ടായിരിക്കും.

തൊഴിലാളികളുടേയോ കൃഷിക്കാരുടേയോ പാവപ്പെട്ട കൂലിവേലക്കാരുടേയോ കുടുംബങ്ങളിലെ സ്ത്രീകൾ ജന്മികളേയോ ധനികകൃഷിക്കാരേയോ മുതലാളികളേയോ വിവാഹം കഴിക്കുകയും

അവരോടൊന്നിച്ച് അതേനിലയിലുള്ള ജീവിതം മൂന്നുകൊല്ലക്കാലം നയിക്കുകയും ചെയ്താൽ അവർ ജന്മികളുടേയോ, ധനികകൃഷിക്കാരുടെയോ മുതലാളികളുടേയോ വർഗ്ഗനിലയുള്ളതായി അംഗീകരിക്കണം. ജന്മികളേയോ ധനികകൃഷിക്കാരേയോ മുതലാളികളേയോപോലെ ജീവിച്ചിട്ടില്ലാത്തവർ (അതായത് പ്രധാന ഉപജീവനമാർഗ്ഗമായി സ്വന്തം അദ്ധ്വാനത്തെ ആശ്രയിച്ചിട്ടുള്ളവർ) അഥവാ മൂന്നുകൊല്ലത്തിൽ കുറഞ്ഞകാലം ജന്മികളേയോ ധനികകൃഷിക്കാരേയോ മുതലാളികളെയോപോലെ ജീവിച്ചിട്ടുള്ളവർ അവരുടെ പഴയ വർഗ്ഗനിലതന്നെയുണ്ടായിരിക്കുന്നതാണ്.

3. വിമോചനത്തിനുശേഷമാണു വിവാഹം നടന്നതെങ്കിൽ: ജന്മികളേയോ ധനികകൃഷിക്കാരേയോ മുതലാളികളേയോ വിവാഹം ചെയ്ത തൊഴിലാളികളുടേയോ കൃഷിക്കാരുടേയോ സാധുകൂലിവേലക്കാരുടേയോ കുടുംബത്തിൽപ്പെട്ട സ്ത്രീകൾ അവരുടെ പഴയ വർഗ്ഗനില ഉണ്ടായിരിക്കുന്നതാണ്. തൊഴിലാളികളെയോ കൃഷിക്കാരേയോ സാധു കൂലിവേലക്കാരേയോ വിവാഹംചെയ്ത ജന്മികളുടേയോ ധനികകൃഷിക്കാരുടേയോ മുതലാളികളുടേയോ കുടുംബത്തിൽപെട്ടവർ, അവർ അദ്ധ്വാനിക്കുകയും ഒരു കൊല്ലക്കാലം പ്രധാന ഉപജീവനമാർഗ്ഗമായി അതിനെ ആശ്രയിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ തൊഴിലാളികളുടേയോ കൃഷിക്കാരുടേയോ സാധുകൂലിവേലക്കാരുടേയോ വർഗ്ഗനിലയുള്ളതായംഗീകരിക്കണം. അദ്ധ്വാനത്തിലേപ്പെടാത്തവരും ഒരു കൊല്ലത്തിൽ കുറഞ്ഞകാലം അദ്ധ്വാനിച്ചിട്ടുള്ളവരും അവരുടെ പഴയ വർഗ്ഗനില ഉണ്ടായിരിക്കുന്നതാണ്.

4. മുൻപറഞ്ഞ മൂന്നു നിയമങ്ങളും, വിമോചനത്തിനുമുമ്പ് ജന്മികൾക്കോ ധനികകൃഷിക്കാർക്കോ മുതലാളികൾക്കോ വില്ക്കപ്പെട്ട തൊഴിലാളികളുടേയോ കൃഷിക്കാരുടേയോ സാധു കൂലിവേലക്കാരുടേയോ കുട്ടികൾക്കും, വിമോചനത്തിനുമുമ്പു ജന്മികളോ ധനികകൃഷിക്കാരോ മുതലാളികളോ തൊഴിലാളികളുടേയോ കൃഷിക്കാരു

ടേയോ സാധു കൂലിവേലക്കാരുടേയോ മക്കളെ, അഥവാ മറിച്ചോ, ദത്തെടുത്തിട്ടുണ്ടെങ്കിലവക്കും ബാധകമാണ്.

5. വിമോചനത്തിനുമുമ്പ്, തൊഴിലാളികളുടേയോ കൃഷിക്കാരുടേയോ സാധുകൂലിവേലക്കാരുടേയോ മക്കളെ ജന്മികളോ ധനികകൃഷിക്കാരോ മുതലാളികളോ അഥവാ മറിച്ചോ ദത്തെടുത്തതുസംബന്ധിച്ചാണെങ്കിൽ, ജന്മികളോ ധനികകൃഷിക്കാരോ മുതലാളികളോ ദത്തെടുത്ത തൊഴിലാളികളുടേയാ കൃഷിക്കാരുടേയോ സാധുകൂലിവേലക്കാരുടേയോ മക്കാം അവരുടെ വളത്തച്ഛന്മാരുടെ കൂടെ അതേനിലയിൽ അഞ്ചുകൊല്ലക്കാലം ജീവിച്ചാൽ അവക്കു ആ വളത്തച്ഛന്മാരുടെ വർഗ്ഗനിലതന്നെയുണ്ടായിരിക്കും അവർ, വളത്തച്ഛന്മാരുടെ അതേനിലയില്ല, നേരെമറിച്ച് അവരുടെ സ്വന്തം മാതാപിതാക്കളുടെ നിലയിലാണ് ജീവിച്ചുവന്നതെങ്കിൽ അവക്കു അവരുടെ സ്വന്തം വർഗ്ഗനിലയുണ്ടായിരിക്കുന്നതാണ്. തൊഴിലാളികളോ കൃഷിക്കാരോ സാധു കൂലിവേലക്കാരോ ദത്തെടുത്ത ജന്മികളുടേയോ ധനികകൃഷിക്കാരുടേയോ മുതലാളികളുടേയോ മക്കാം തങ്ങളുടെ വളത്തച്ഛന്മാരുടെ നിലയിൽ ജീവിക്കുകയും ഒരു കൊല്ലക്കാലം അദ്ധ്വാനിക്കുകയും ചെയ്താൽ അവക്കു അവരുടെ വളത്തച്ഛന്മാരുടെ വർഗ്ഗനിലയുണ്ടായിരിക്കുന്നതാണ്. അവർ അദ്ധ്വാനിക്കാതിരിക്കുകയും അവരുടെ വളത്തച്ഛന്മാരുടെ അതേനിലയിൽ ജീവിക്കാതെ സ്വന്തം മാതാപിതാക്കന്മാരുടെ നിലയിൽ ജീവിച്ചുവരികയും ചെയ്താൽ അവക്കു അവരുടെ പഴയ വർഗ്ഗനില ഉണ്ടായിരിക്കുന്നതാണ്.

### വിശദീകരണം

ഇവിടെ "അദ്ധ്വാന"ത്തിൽ വീട്ടുവേലയുമുൾപ്പെടും.

## ഗവർമ്മേണ്ട് അഡ്മിനിസ്ട്രേഷൻ കൌൺസിൽ അംഗീകരിച്ച വിശേഷാൽ തീരുമാനങ്ങൾ

ഈ വകുപ്പിലെ 2-ാം നിയമത്തിൽ, വിമോചനത്തിനു മുമ്പു തൊഴിലാളികളുടേയോ കൃഷിക്കാരുടേയോ സാധുകൂലിവേലക്കാരു

ടേയോ കുടുംബങ്ങളിലെ സ്ത്രീകൾ ജന്മികളേയോ ധനികകൃഷിക്കാരേയോ മുതലാളികളേയോ വിവാഹം കഴിക്കുകയും മൂന്നു കൊല്ലത്തിൽ കുറഞ്ഞ കാലം അതേ നിലയിൽ ജീവിക്കുകയും ചെയ്താൽ അവൎക്കു അവരുടെ പഴയ വൎഗ്ഗനില ഉണ്ടായിരിക്കുമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. വിമോചനത്തിന്നുശേഷം ജന്മികളെ വിവാഹം ചെയ്യുവൎക്കു അവരുടെ പഴയ വൎഗ്ഗനിലയുണ്ടായിരിക്കും. എന്നാൽ, ധനികകൃഷിക്കാരേയോ മുതലാളിയേയോ വിവാഹം ചെയ്യുകയും ഒരു കൊല്ലക്കാലം അവരോടുകൂടി അതേ നിലയിൽ ജീവിക്കുകയും ചെയ്താൽ അവൎക്കു ധനികകൃഷിക്കാരുടേയോ മുതലാളികളുടേയോ വൎഗ്ഗനിലയുള്ളതായി അംഗീകരിക്കണം.

ഈ വകുപ്പിലെ 8-ാം നിയമത്തിൽ; വിമോചനത്തിനുശേഷം ജന്മികളേയോ ധനികകൃഷിക്കാരേയോ മുതലാളികളേയോ വിവാഹം ചെയ്ത സ്ത്രീകൾക്കു അവരുടെ പഴയ വൎഗ്ഗനില ഉണ്ടായിരിക്കുമെന്നു വ്യവസ്ഥചെയ്തിരിക്കുന്നു. ഇപ്പോൾ ഈ വ്യവസ്ഥയുടെ പ്രയോഗത്തിൽ ജന്മികളെ വിവാഹം ചെയ്യുവൎക്കു അവരുടെ പഴയ വൎഗ്ഗനിലയുണ്ടായിരിക്കും. മുതലാളികളേയോ ധനികകൃഷിക്കാരേയോ വിവാഹം ചെയ്യുകയും അവരോടൊന്നിച്ചു അതേ നിലയിൽ ഒരു കൊല്ലക്കാലം ജീവിക്കുകയും ചെയ്തിട്ടുള്ളവൎക്കു മുതലാളികളുടേയോ ധനികകൃഷിക്കാരുടേയോ വൎഗ്ഗനിലയുള്ളതായി അംഗീകരിക്കണം.

## 14. ജന്മിയോ ധനികകൃഷിക്കാരനോ അതേസമയത്തു തന്നെ കച്ചവടക്കാരനോ വ്യവസായിയോ ആണെങ്കിൽ

(1) ജന്മികളായിരിക്കുന്ന അതേ സമയത്തുതന്നെ വ്യവസായികളോ കച്ചവടക്കാരോ ആയവരുടെ വകയായ ഭൂമിയും കെട്ടിടങ്ങളും അവയോടനുബന്ധിച്ച മററു സ്വത്തുക്കളും കണ്ടുകെട്ടണം; എന്നാൽ വ്യാവസായികവും അഥവാ കച്ചവടപരവുമായ ഏൎപ്പാടുകളും ഫാക്ടറി കെട്ടിടങ്ങളും കച്ചവടസ്ഥലങ്ങളും താമസിക്കുന്ന

വീടുകളും അത്തരം ഏർപ്പാടുകളുമായി ബന്ധപ്പെട്ട മററു സ്വത്തുക്കളും കണ്ടുകെട്ടിക്കൂടാ.

(2) ധനികകൃഷിക്കാരായിരിക്കുന്ന അതേ സമയത്തുതന്നെ വ്യവസായികളോ കച്ചവടക്കാരോ ആയവരുടെ വകയായ ഭൂമിയും കെട്ടിടങ്ങളും അവയോടുചേർന്ന മററു സ്വത്തുക്കളും ധനികകൃഷിക്കാരുടെ സ്വത്തുക്കളും ധനികകൃഷിക്കാരുടെ സ്വത്തുക്കളെപ്പോലെ കണക്കാക്കണം. എന്നാൽ വ്യാവസായികവും അഥവാ കച്ചവടപരവുമായ ഏർപ്പാടുകളും ഫാക്ടറി കെട്ടിടങ്ങളും കച്ചവടസ്ഥലങ്ങളും താമസിക്കുന്ന വീടുകളും അത്തരം ഏർപ്പാടുകളോടു ബന്ധപ്പെട്ട മററു സ്വത്തുക്കളും വ്യവസായികളുടേയോ കച്ചവടക്കാരുടേയോ വകയായ സ്വത്തുക്കളെപ്പോലെ കണക്കാക്കണം.

## 15. പൊതുസംഘങ്ങളുടെ വകയായ ഭൂമിയുടെ മാനേജ്മെണ്ട്

പൊതുസംഘങ്ങളുടെ വകയായ ഭൂമിയുടെ മാനേജ്മെണ്ട് ഒരു ചൂഷണപ്രവൃത്തിയാണ്. എന്നാൽ അത്തരം മാനേജ്മെണ്ട് ജന്മികളോ ധനികകൃഷിക്കാരോ മുതലാളികളോ നടത്തുന്നതും തൊഴിലാളികളോ കൃഷിക്കാരോ സാധു കൂലിവേലക്കാരോ നടത്തുന്നതും തമ്മിൽ വ്യത്യാസം കല്പിക്കണം.

### വിശദീകരണം

പൊതുസംഘങ്ങളുടെ വക ഭൂമിയുടെ മാനേജ്മെണ്ട് എന്നു വെച്ചാൽ പൂർവ്വികന്മാരെ കുടിയിരുത്തിയിട്ടുള്ള കൊട്ടിലുകൾ, ദേവാലയങ്ങൾ, സമാജങ്ങൾ, സംഘങ്ങൾ എന്നിവയുടെ വകയായ ഭൂമിയും മററു സ്വത്തുക്കളുമെന്നാണർത്ഥം. ഈ സമ്പ്രദായം നാട്ടിൻപുറത്തെ നാടുവാഴിചൂഷണത്തിൻെറ രൂപങ്ങളിലൊന്നാണെന്നതിന്നു സംശയമില്ല. ഈ സമ്പ്രദായത്തിൻെറ ഫലമായി, ജന്മിവർഗ്ഗത്തിൻേറയും ധനികകൃഷിക്കാരുടേയും അധീനത്തിലായിത്തീർന്ന

വളരെയധികം ഭൂമികളുടേയും മററു സ്വത്തുക്കളുടേയും കേന്ദ്രീകൃതമായ ഉടമസ്ഥത നാടുവാഴിചൂഷണത്തിന്റെ മുഖ്യരൂപങ്ങളിലൊന്നാണ്. നാടുവാഴിചൂഷണത്തിലൂടെ വലിയ വരവുണ്ടാകുന്ന അപൂർവ്വംപേരാൽ നിയന്ത്രിക്കപ്പെടുന്ന അത്തരം സംഘടനകളെ കൈകാര്യം ചെയ്യുന്നതു് അവയുടെ മാനേജുമെണ്ടിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വർഗ്ഗനിലയെ നിർണ്ണയിക്കുന്നതിൽ ഒരു ഘടകമായിരിക്കണം. എന്നിരുന്നാലും അത്തരം സംഘടനകളിൽ ചിലതു് അപൂർവ്വം പേരാലല്ലാ നിയന്ത്രിക്കപ്പെടുന്നതു്, അവയുടെ ചുമതല വഹിക്കുന്നവർക്കു ആ മാനേജുമെണ്ടിൽനിന്നു ഒരു വരവുണ്ടാകാൻ സാദ്ധ്യവുമല്ല. മററു ചിലവ താരതമ്യേന ചെറുതാണ്, അവയെ മാനേജ് ചെയ്യുന്നതു് തൊഴിലാളികളും കൃഷിക്കാരും സാധുകൂലിവേലക്കാരും മാറിമാറിയാണ്, അവയിൽ വളരെ കുറച്ചേ ചൂഷണമുള്ളു. അങ്ങിനെയുള്ളവയുടെ കാര്യാന്വേഷണം മാനേജുമെണ്ടിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വർഗ്ഗനില നിർണ്ണയിക്കുന്നതിൽ ഒരു ഘടകമായിക്കൂടാ. മാനേജുമെണ്ടിൽ പങ്കെടുക്കുന്ന എല്ലാവരേയും ജന്മികളോ ധനികകൃഷിക്കാരോ മുതലാളികളോ ആയി കണക്കാക്കണമെന്നു ചിലർ അഭിപ്രായപ്പെടുന്നു. ഇതു ശരിയല്ല.

—:*:—

# III. ഗവർമ്മെണ്ടു അഡ്മിനിസ്ട്രേഷൻ കൌൺസിൽ അംഗീകരിച്ച ചില പുതിയ തീരുമാനങ്ങൾ

ഭാവിയിൽ കാർഷികപരിഷ്കാരം ശരിയായ നിലയിൽ നടത്തുവാൻവേണ്ടി, നാട്ടിൻപുറത്തെ വർഗ്ഗനിലയെ എങ്ങിനെ നിശ്ച

ഖനം ചെയ്യണം,' 'കാംഷികപരിഷ്ക്കാരത്തിൽനിന്നുത്ഭവിക്കുന്ന ചില പ്രശ്നങ്ങളെസംബന്ധിച്ച തീരുമാനങ്ങൾ' എന്നീ രണ്ടു രേഖകളിൽ വ്യവസ്ഥചെയ്തിട്ടുള്ള തത്വങ്ങൾക്കുപുറമേ, ഗവമ്മെണ്ടു അഡ്മിനിസ്ട്രേഷൻ കൌൺസിൽ ഇതിനാൽ താഴെ പറയുന്ന തീരുമാനങ്ങൾ ചെയ്യുന്നു.

1. ചെറിയ കൈത്തൊഴിൽക്കാരായ ഉല്പാദകന്മാർ: കുറച്ചു ചില പണിയായുധങ്ങളും ചെറിയ വക്ഷോപ്പുകളും അല്പം അസംസ്കൃതപദാൎത്ഥങ്ങളുമെന്നമട്ടിലുള്ള ഉല്പാദനോപകരണങ്ങൾ കൈവശമുള്ളവരും സ്വന്തമായി കൈവേലകൊണ്ടുള്ള സ്വതന്ത്രമായ ഉല്പാദനത്തിലേർപ്പെട്ടുന്നവരും ഉപജീവനമാർഗ്ഗമായി പൂർണ്ണമായോ പ്രധാനമായോ തങ്ങളുണ്ടാക്കിയ സാധനങ്ങളുടെ വില്പനയെ ആശ്രയിക്കുന്നവരുമായ ആളുകളെ ചെറിയ കൈത്തൊഴിൽക്കാരായ ഉല്പാദകന്മാരായോ സ്വതന്ത്ര ഉല്പാദകന്മാരായോ തരംതിരിക്കണം. ചെറിയ കൈത്തൊഴിൽക്കാരായ ഉല്പാദകന്മാർ പൊതുവേ വേലക്കാരെ കൂലിക്കെടുക്കുന്നില്ല. ചിലപ്പോൾ അവർ സഹായികളെയോ പണിപഠിക്കുന്നവരെയോ (Apprentices) കൂലിക്കു നത്താറുണ്ട്, അവരുടെ സേവനം സഹായകസ്വഭാവമുള്ളതാണ്. എന്നാൽ അവർ പ്രധാന ഉപജീവനമാൎഗ്ഗമായി സ്വന്തം കൈത്തൊഴിലദ്ധ്വാനത്തെയാണ് പ്രധാനമായും ആശ്രയിക്കുന്നതു്. ഈ ചെറിയ കൈത്തൊഴിൽക്കാരായ ഉല്പാദകന്മാൎക്കു ഇടത്തരം കൃഷിക്കാരോടു സദൃശമായ ഒരു സാമൂഹ്യനിലയുണ്ടായിരിക്കണം.

2. കൈത്തൊഴിൽക്കാരായ മുതലാളികൾ: കുറെയധികം പണിയായുധങ്ങളും വക്ഷോപ്പുകളും അസംസ്കൃതപദാൎത്ഥങ്ങളുമെന്ന മട്ടിലുള്ള മൂലധനം കൈവശമുള്ളവരും കൈവേലകൊണ്ടുള്ള ഉല്പാദനം നടത്തുവാൻ വേലക്കാരേയും പണിപഠിക്കുന്നവരേയും കൂലിക്കു നിത്തുന്നവരും അങ്ങിനെ കിട്ടുന്ന ലാഭത്തെ ആശ്രയിച്ചു ഉപജീവനം കഴിക്കുന്നവരുമായ ആളുകളെ കൈത്തൊഴിൽക്കാരായ മുതലാളികളായി തരംതിരിക്കാം. ചെറിയ കൈത്തൊഴിൽക്കാരായ

ഉല്പാദകന്മാർ സഹായികളേയും പണിപഠിക്കുന്നവരേയും മാത്രമേ കൂലിക്കു നിൎത്തുന്നുള്ളു, അവരുടെ അദ്ധ്വാനം തങ്ങളുടെ സ്വന്തം അദ്ധ്വാനത്തിന്നു സഹായകമാണ്. കൈത്തൊഴിൽക്കാരായ മുതലാളികളാവട്ടെ, വേലക്കാരേയും പണിപഠിക്കുന്നവരേയും കൂലിക്കെടുക്കുന്നതു് സഹായകാദ്ധ്വാനത്തിന്നല്ല, നേരെമറിച്ച് ലാഭത്തിന്നുവേണ്ടിയാണ്. ചെറിയ കൈത്തൊഴിൽക്കാരായ ഉല്പാദകന്മാരും കൈത്തൊഴിൽക്കാരായ മുതലാളികളും തമ്മിലുള്ള പ്രധാന വ്യത്യാസമിതാണ്.

3. കൈത്തൊഴിൽക്കാർ: യാതൊരു ഉല്പാദനോപകരണങ്ങളും കൈവശമില്ലാത്തവരും അഥവാ അപൂൎവ്വം ചില പണിയായുധങ്ങൾ മാത്രമുള്ളവരും, തങ്ങളുടെ അദ്ധ്വാനശക്തിയെ ഉപഭോക്താക്കൾക്കോ, കൈത്തൊഴിൽക്കാരായ മുതലാളികൾക്കോ ചെറിയ കൈത്തൊഴിൽക്കാരായ ഉല്പാദകന്മാൎക്കോ വില്ക്കുന്നവരും, കൂലികൊടുക്കുന്നവൎക്കുവേണ്ടി കൈവേലകൊണ്ടുല്പാദനം നടത്തുവരും ഉപജീവനത്തിന്നു പൂൎണ്ണമായോ പ്രധാനമായോ കൂലിയെ ആശ്രയിക്കുന്നവരുമായ ആളുകളെ കൈത്തൊഴിൽക്കാരായി തരംതിരിക്കണം. കൈത്തൊഴിൽക്കാൎക്കു തൊഴിലാളികളുടേയും കൃഷിത്തൊഴിലാളികളുടേയും അതേ സാമൂഹ്യനിലയുണ്ടായിരിക്കണം.

4. തൊഴിൽക്കാർ: ഉപജീവനത്തിന്നു മററുള്ളവരെ ചൂഷണം ചെയ്യാതെ തങ്ങളുടെ സ്വതന്ത്രമായ തൊഴിലുകളെ ആശ്രയിക്കുന്ന വൈദ്യന്മാർ, അദ്ധ്യാപകന്മാർ, വക്കീലന്മാർ, പത്രപ്രവൎത്തകന്മാർ, എഴുത്തുകാർ കലാകാരന്മാർ എന്നിങ്ങനെയുള്ള എല്ലാവരേയും തൊഴിൽക്കാരായി തരംതിരിക്കണം. തങ്ങളുടെ തൊഴിലുകൾ നടത്താനായി ഈ തൊഴിൽക്കാർ ചിലപ്പോൾ സഹായികളെ കൂലിക്കെടുക്കുന്നു, ചിലപ്പോൾ വീട്ടുജോലിയിൽ സഹായിക്കാനാളെയെന്നുംവരാം. അങ്ങിനെ ആളുകളെ വേലയ്ക്കു നിൎത്തുന്നതുകൊണ്ടു അവരെ ചൂഷകന്മാരുടെ തരത്തിൽ കണക്കാക്കരുത്. ഇക്കൂട്ടർ സ്വതന്ത്രമായി തൊഴിലെടുക്കാതെ ഗവൺമെണ്ടിന്റേയോ

സ്വകാര്യസംഘടനകളുടേയോ കീഴിൽ ജോലിനോക്കുന്നപക്ഷം അവരെ ഉദ്യോഗസ്ഥന്മാരായി തരംതിരിക്കണം.

(5) ചെറുകിടവ്യാപാരികളും കൊണ്ടുനടന്നുവില്പനക്കാരും: മൂലധനമില്ലാത്തവരും അഥവാ അല്പം മാത്രം മൂലധനമുള്ളവരും കച്ചവടക്കാരിൽനിന്നോ ചെറുകിട ഉല്പാദകന്മാരിൽനിന്നോ സാധനങ്ങൾ വിലക്കു വാങ്ങുകയും അവയെ ഉപഭോക്താക്കൾക്കു വില്ക്കുകയും ചെയ്യുന്നവരും വേലക്കാരേയോ സഹായികളേയോ കൂലിക്കു നിർത്താത്തവരും സാധനങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യുന്നതിൽ സ്വന്തം അദ്ധ്വാനത്തെ ആശ്രയിച്ച് മുഴുവനുമായോ പ്രധാനമായോ ഉപജീവിക്കുന്നവരുമായ ആളുകളെ ചെറുകിട വ്യാപാരികളായി തരംതിരിക്കണം. സ്ഥിരമായി നാട്ടുചുററി സഞ്ചരിക്കുന്ന ചെറുകിട വ്യാപാരികളെ കൊണ്ടുനടന്നു വില്പനക്കാരെന്നു വിളിക്കുന്നു.

(6) കച്ചവടമുതലാളികൾ അഥവാ കച്ചവടക്കാർ: കച്ചവടമൂലധനം കൈവശമുള്ളവരും വേലക്കാരേയോ സാധനങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യുന്ന പണിക്കു ഷോപ്പ്അസിസ്റ്റണ്ടുകളേയോ നിർത്തുന്നവരും അതിൽനിന്നുണ്ടാവുന്ന ലാഭത്തെ ആശ്രയിച്ച് പൂർണ്ണമായോ പ്രധാനമായോ ഉപജീവനം കഴിക്കുന്നവരുമായ ആളുകളെ വ്യാപാരമുതലാളികളോ അഥവാ കച്ചവടക്കാരോ ആയി തരംതിരിക്കണം.

(7) വിദ്വാന്മാരായ മാന്യന്മാർ: ചിയാങ്ങ് കൈഷേക്കിന്റെ പിന്തിരിപ്പൻ ഭരണത്തേയും സാമ്രാജ്യത്വപരമായ ആക്രമണത്തേയും എതിർക്കുകയും ജനകീയജനാധിപത്യത്തിന്റേയും ജനകീയജനാധിപത്യസർവ്വാധിപത്യത്തിന്റേയും കാർഷികപരിഷ്കാരത്തിന്റേയും താല്പര്യത്തെ സഹായിക്കുകയും ചെയ്തിട്ടുള്ള, ജന്മിവർഗ്ഗത്തിലെ ചില വ്യക്തികളാണിവർ. അവരുടെ ഭൂമികളും മററു സ്വത്തുക്കളും കാർഷികപരിഷ്കാരനിയമത്തിനും സംഗതമായ മററു നിയമങ്ങൾക്കും കല്പനകൾക്കുമനുസരിച്ചു വിനിയോഗം ചെയ്യ

പ്പെട്ടണമെന്നിരുന്നാലും, വിദ്വാന്മാരായ മാന്യന്മാക്ക് രാഷ്ട്രീയമായും സാമ്പത്തികമായും പരിഗണന നൽകുകയും കാർഷികപരിഷ്ക്കാരത്തിന്റെയും ജനകീയഗവമ്മേണ്ടുകളുടേയും അഥവാ ജനകീയസംഘടനകളുടേയും പ്രവൃത്തികളിൽ അവരെ സഹകരിപ്പിക്കുകയും വേണം.

(8) വിപ്ലവകാരികളായ രക്തസാക്ഷികളുടെ ആശ്രിതർ: 1911ലെ വിപ്ലവത്തിനുശേഷം മരിച്ച രക്തസാക്ഷികളുടേയും യുദ്ധത്തിൽ കൊല്ലപ്പെട്ടവരുടേയും ജാപ്പുവിരുദ്ധ യുദ്ധത്തിലും ജനകീയവിമോചനയുദ്ധത്തിലും മരിച്ചവരുടേയും മാതാപിതാക്കൾ, വിധവകൾ അഥവാ വിധവന്മാർ, കുട്ടികൾ, 16 വയസ്സിൽ താഴെയുള്ള സഹോദരീസഹോദരന്മാർ എന്നിവരെയാണിതിൽ സൂചിപ്പിക്കുന്നത്. കാഷികപരിഷ്കാരനിയമത്തിൽ സൂചിപ്പിച്ചിട്ടുള്ള മററുള്ളവരുടെ (പട്ടാളക്കാർ, ജനകീയഗവമ്മേണ്ടിന്റെയും ജനകീയസംഘടനകളുടേയും ജോലിക്കാർ—പ്രസം) ആശ്രിതർ മേൽപ്രസ്താവിച്ച കുടുംബാംഗങ്ങൾതന്നെയാണ്.

(9) കുട്ടികളുടേയും ശിശുക്കളുടേയും വിദ്യാത്ഥികളുടേയും കുടുംബനില: 18 വയസ്സിൽ താഴെയുള്ള കുട്ടികളുടേയും ശിശുക്കളുടേയും സ്കൂളിൽ പോകുന്ന ബാലവിദ്യാത്ഥികളുടേയും വഗ്ഗനില പൊതുവേ നിണ്ണയിച്ചുകൂടാ, എന്നാൽ അവരുടെ കുടുംബനില നിണ്ണയിക്കണം. കാഷികപരിഷ്കാരത്തിന്റെ സമയത്ത് ഒരു കുടുംബതലവനെ വേറെയാക്കാം. അങ്ങിനെ വരുമ്പോൾ അവരുടെ വഗ്ഗനില നിണ്ണയിക്കണം.

(10) പ്രാദേശിക താൻപ്രമാണികൾ: ഒരു പ്രദേശത്ത് മദ്ദനം നടത്തുവാൻ ചിന്തിരിപ്പൻശക്തിയെ ആശ്രയിക്കുകയോ സംഘടിപ്പിക്കുകയോ ചെയ്യുക, ജനങ്ങളെ മർദ്ദിക്കുവാനും കൊള്ളയടിക്കുവാനുമായി ശക്തിയോ തങ്ങളുടെ സ്വാധീനമോ ഉപയോഗിക്കുക, അതിൻഫലമായി ജനങ്ങൾക്കു വളരെ ജീവനും സ്വത്തും നഷ്ടപ്പെടുക എന്നിങ്ങനെയുള്ള അക്രമങ്ങൾ ചെയ്തിട്ടുള്ളതിനു തക്ക

-തായ തെളിവുകളുള്ളവരെയാണിതിൽ സൂചിപ്പിക്കുന്നത്. ജനങ്ങാം കുററാരോപണം ചെയ്യുന്ന പ്രാദേശിക താൻപ്രമാണികളെ ജനകീയക്കോടതിയിൽ വിചാരണചെയ്യണം.

(11) ജന്മികളുടെ വർഗ്ഗനിലയിലുള്ള മാററങ്ങാം: കാർഷികപരിഷ്കാരത്തിൻെറ പൂർത്തീകരണത്തിനുശേഷം ഗവമ്മേണ്ടിൻെറ നിയമങ്ങളേയും കല്പനകളേയും എപ്പോഴും അനുസരിക്കുകയും ഉല്പാദനപ്രവൃത്തിയിലോ മറേറതെങ്കിലും ജോലിയിലോ ഏർപ്പെട്ട് സ്വയം ബുദ്ധിമുട്ടിപ്പണിയെടുക്കുകയും തുടച്ചയായി അഞ്ചുകൊല്ലക്കാലം യാതൊരു പിന്തിരിപ്പൻ കൃത്യങ്ങാംക്കും കുററക്കാരനാവാതിരിക്കുകയും ചെയ്തിട്ടുള്ള ജന്മികളുടെ വർഗ്ഗനില, തൊഴിലാളികളുടെ നിലയിലേക്കോ, അഥവാ അവരേർപ്പെട്ടിട്ടുള്ള അദ്ധ്വാനത്തിൻേറയോ തൊഴിലിൻേറയോ സ്വഭാവമനുസരിച്ച് മററുള്ളവരുടെ നിലയിലേക്കോ ഹിസിയാങ്ങ് ജനപ്രതിനിധിസമ്മേളനത്തിൻെറ തീരുമാനം മൂലവും കൌണ്ടി ജനകീയഗവമ്മേണ്ടിൻെറ അനുമതിയോടുകൂടിയും, മാററാവുന്നതാണ്.

ഉല്പാദനപ്രവൃത്തിയിലോ മറേറതെങ്കിലും തൊഴിലിലോ ഏർപ്പെട്ടു ബുദ്ധിമുട്ടിപ്പണിയെടുക്കാത്തവക്കും ഏതെങ്കിലും പിന്തിരിപ്പൻപ്രവൃത്തിമൂലം കുററക്കാരായവക്കും, അഥവാ ജനകീയഗവമ്മേണ്ടിൻെറ നിയമങ്ങളേയും കല്പനകളേയും ലംഘിച്ചിട്ടുള്ളവക്കും ഈ വ്യവസ്ഥ ബാധകമല്ല. കാർഷികപരിഷ്ക്കാരത്തിൻെറ പൂത്തീകരണത്തിനുശേഷം മൂന്നു കൊല്ലക്കാലം മേല്പറഞ്ഞ വ്യവസ്ഥകളനുസരിച്ചു നടന്നിട്ടുള്ള പഴയ വിമോചിതപ്രദേശങ്ങളിലെ ധനികകൃഷിക്കാക്ക് അതേ രീതിയിൽതന്നെ തങ്ങളുടെ വർഗ്ഗനില മാററാവുന്നതാണ്. മേല്പറഞ്ഞ വ്യവസ്ഥകളനുസരിക്കാത്തവരുടെ വർഗ്ഗനില മാററിക്കൂടാ.

കാർഷികപരിഷ്ക്കാരത്തിൻെറ പൂത്തീകരണത്തിനുശേഷം ജന്മിയെന്നപോലെ മററ വർഗ്ഗനിലകളുള്ളവരോടും അവരുടെ വർഗ്ഗനിലയ്ക്കനുസരിച്ച് പെരുമാറുന്നതാണ്.

# കൎഷകസംഘങ്ങളുടെ സംഘടനയെ ഭരിക്കുന്ന പൊതുതത്വങ്ങൾ *

—*—

## അദ്ധ്യായം 1.

## പൊതുതത്വങ്ങൾ

### നിയമം 1

കൎഷകസംഘങ്ങൾ സ്വമേധയാ രൂപീകരിക്കപ്പെടുന്ന കൃഷിക്കാരുടെ ബഹുജനസംഘടനകളാണ്.

### നിയമം 2

കൎഷകസംഘങ്ങളുടെ കടമകൾ:

a) നാട്ടിൻപുറങ്ങളിൽ പടിപടിയായി നാടുവാഴിത്തത്തിനെതിരായ സാമൂഹ്യപരിഷ്കാരങ്ങൾ നടപ്പാക്കാൻ വേണ്ടിയും ജനകീയ ഗവമ്മേണ്ടിന്റെ നയത്തിനും നിയമങ്ങൾക്കും കല്പനകൾക്കുമനുസരിച്ചു കൃഷിക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടിയും കൎഷകത്തൊഴിലാളികളേയും സാധു കൃഷിക്കാരെയും ഇടത്തരം കൃഷിക്കാരേയും നാടുവാഴിത്തത്തിനെതിരായ എല്ലാ ആളുകളേയും ഏകീകരിക്കുക,

b) കൃഷിക്കാരെ ഉല്പാദനപ്രവൃത്തിക്കുവേണ്ടി സംഘടിപ്പിക്കുകയും ഗ്രാമസഹകരണസംഘങ്ങൾ സ്ഥാപിക്കുകയും കൃഷിയും അ

* 1950 ജൂലായ് 14-ാംനു- ഗവമ്മേണ്ടു അഡ്മിനിസ്ട്രേഷൻ കൌൺസിൽ അംഗീകരിച്ചതു്.

ത്തിന്റെ കീഴിലുള്ള തൊഴിലുകളും വളർത്തുകയും കൃഷിക്കാരുടെ ജീവിതപരിതഃസ്ഥിതികൾ നന്നാക്കുകയും ചെയ്യുക.

c) കൃഷിക്കാരുടെ രാഷ്ട്രീയാവകാശങ്ങൾ സംരക്ഷിക്കുകയും കൃഷിക്കാരുടെ രാഷ്ട്രീയവും സാംസ്കാരികവുമായ നിലവാരമുയർത്തുകയും ജനകീയജനാധിപത്യത്തിന്റെ ഒരു രാഷ്ട്രം പടുത്തു കെട്ടുന്നതിൽ ഭാഗഭാക്കാക്കുകയും ചെയ്യുക.

നിയമം 3

ചൈനീസ് ജനകീയ റിപ്പബ്ളിക്കിന്റെ കാർഷികപരിഷ്കാരനിയമത്തിനനുസരിച്ച് കൃഷകസംഘങ്ങൾ നാട്ടിൻപുറത്തെ കാർഷികവ്യവസ്ഥ പുനഃസ്സംവിധാനം ചെയ്യുന്നതിനുള്ള നിയമപരമായ ഘടകങ്ങളാണ്.

അദ്ധ്യായം II

# അംഗത്വം

നിയമം 4

സ്വമേധയാ അംഗത്വത്തിനപേക്ഷിക്കുന്ന കാർഷികത്തൊഴിലാളികൾക്കും, സാധു കൃഷിക്കാർക്കും ഇടത്തരം കൃഷിക്കാർക്കും, ഗ്രാമീണരായ കൈത്തൊഴിൽക്കാർക്കും നാട്ടിൻപുറങ്ങളിലുള്ള പൊളിഞ്ഞ വിപ്ലവകാരികളായ ബുദ്ധിജീവികൾക്കും, അവരുടെ അപേക്ഷകൾ ഹ്സിയാങ്ങ് കൃഷകസംഘത്തിന്റെ കമ്മററി ശരിവെക്കുന്നപക്ഷം കൃഷകസംഘത്തിൽ അംഗങ്ങളാകാവുന്നതാണ്. കൃഷകപ്രസ്ഥാനത്തിന്റെ പ്രവർത്തകരെന്ന നിലയിൽ നാട്ടിൻപുറങ്ങളിലേയ്ക്കയക്കപ്പെടുന്ന ഏതൊരാൾക്കും പ്രാദേശിക കർഷകയോഗത്തിന്റേയോ കർഷക കോൺഗ്രസ്സിന്റേയോ അനുമതിയോടുകൂടി കർഷകസംഘത്തിൽ ചേരാവുന്നതാണ്.

കാർഷികപരിഷ്കാരം പൂർത്തീകരിച്ചതിനുശേഷം അംഗത്വത്തിനപേക്ഷിക്കുന്ന ധനികകൃഷിക്കാർക്ക ഹ്സിയാങ്ങ് കർഷക

യോഗത്തിൻേറയോ ഫ്സിയാങ്ങ് കർഷക കോൺഗ്രസ്സിൻേറയോ അനുമതിയോടുകൂടി കർഷകസംഘത്തിൽ അംഗങ്ങളാകാവുന്നതാണ്.

നിയമം 5

കർഷകസംഘങ്ങളിലെ അംഗങ്ങൾക്കു താഴെ പറയുന്ന അവകാശങ്ങളുണ്ടായിരിക്കും:

a) പ്രസംഗിക്കുക, വോട്ടു ചെയ്യുക, കർഷസംഘത്തിലേയ്ക്കു തിരഞ്ഞെടുക്കുകയോ തിരഞ്ഞെടുക്കപ്പെടുകയോ ചെയ്യുക; കർഷകസംഘത്തിൻെറ പ്രവർത്തകരെ ഡിസ്സ്മിസ്സ് ചെയ്യുകയും വേറെ ആളെ നിയമിക്കുകയും ചെയ്യുക,

b) കർഷകസംഘങ്ങൾ നൽകുന്ന നിയമപ്രകാരമുള്ള അവകാശങ്ങളും സംരക്ഷണവുമനുഭവിക്കുക;

c) കർഷകസംഘങ്ങൾ നൽകുന്ന സാംസ്കാരികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ആനുകൂല്യങ്ങളിൽ മുൻഗണനയ്ക്കുള്ള അവകാശം.

നിയമം 6

കർഷകസംഘാംഗങ്ങൾക്കു താഴെ പറയുന്ന കടമകളുണ്ടായിരിക്കും:

a) സംഘത്തിൻെറ ഭരണഘടന പാലിക്കുക;

d) സംഘടനയെ അനുസരിക്കുക;

c) തീരുമാനങ്ങൾ നടപ്പിലാക്കുക;

b) വരിസംഖ്യ കൊടുക്കുക.

അദ്ധ്യായം III

# സംഘടന

നിയമം 7

ഒരു കർഷകസംഘത്തിൻെറ അടിസ്ഥാനസംഘടന ഒരു ഫ്സിയാങ്ങ് (അഥവാ ഫ്സിയാങ്ങിനോടു തുല്യമായ ഒരു ഭരണ

പരമായ വില്ലേജ്) കർഷകസംഘമാണ്. അതിനു മുകളിൽ ച്ച, കൌൺസിൽ, പ്രത്യേക ഭരണപരജില്ല, സംസ്ഥാനമെന്നിവയിലെ കർഷകസംഘങ്ങളുണ്ട്.

ഒരു നഗരത്തിന്റെ സമീപജില്ലകളിലുള്ള എല്ലാം ച, ഹ്സിയാങ്ങ് കർഷകസംഘങ്ങളുടെയും നേതൃത്വത്തെ ഏകീകരിക്കാനായി ആ നഗരത്തിൽ ഒരു പ്രാന്ത കർഷകസംഘം രൂപീകരിക്കാവുന്നതാണ്.

ഒരു വലിയ ഭരണപരപ്രദേശത്തു് ആവശ്യമുണ്ടെങ്കിൽ, വിവിധസംസ്ഥാന കർഷകസംഘങ്ങൾക്ക്, പരസ്പരം കൂടിയാലോചിച്ചശേഷം, ഒരു വലിയ ഭരണപരപ്രദേശ കർഷകസംഘം രൂപീകരിക്കാനായി ഒരു വലിയ ഭരണപരപ്രദേശകർഷക കോൺഗ്രസ്സ് വിളിച്ചുകൂട്ടാവുന്നതാണ്.

## നിയമം 8.

ഒരു കർഷകസംഘത്തിന്റെ സംഘടനയെ ഭരിക്കുന്ന തത്വം ജനാധിപത്യപരമായ കേന്ദ്രീകരണം—വ്യക്തികളെ സംഘടനയ്ക്കും ന്യൂനപക്ഷങ്ങളെ ഭൂരിപക്ഷത്തിനും, കീഴ്സംഘടനകളെ ഉപരിസംഘടനകൾക്കും കീഴ്പ്പെടുത്തുക—ആയിരിക്കണം.

## നിയമം 9

എല്ലാ പടിയിലുമുള്ള കർഷകസംഘങ്ങളുടെയും അധികാരം വഹിക്കുന്നതു് അതേപടികളിലുള്ള കർഷകകോൺഗ്രസ്സുകളായിരിക്കണം. കർഷകപ്രസ്ഥാനത്തിന്റെ നയങ്ങളും പ്ലാനുകളും തീരുമാനിക്കുക, കർഷകസംഘങ്ങളുടെ കമ്മിററികളുടെ പ്രവർത്തനത്തെ സംബന്ധിച്ച റിപ്പോർട്ടുകൾ പരിശോധിക്കുക, ഗവൺമെണ്ടിന്റെ നിയമങ്ങൾക്കും കല്പനകൾക്കുമനുസരിച്ചും കൂടുതൽ ഉയർന്നപടിയിലുള്ള കർഷകസംഘങ്ങളുടെ നിർദ്ദേശങ്ങൾക്കനുസരിച്ചും പ്രാദേശിക കർഷകരുടെ അഭിലാഷങ്ങൾക്കനുസരിച്ചും കർഷകസംഘങ്ങളുടെ കമ്മിററികൾ തിരഞ്ഞെടുക്കുക എന്നിവയായിരിക്കും അവയുടെ പ്രവൃത്തികളും അധികാരങ്ങളും.

## നിയമം 10.

എല്ലാം പടിയിലുള്ള കർഷകകോൺഗ്രസ്സുകളുടെ പ്രതിനിധികളേയും താഴെപറയുംവിധം തിരഞ്ഞെടുക്കണം:

ഒരു ഫ്സിയാങ്ങ് കർഷകകോൺഗ്രസ്സിലേയ്ക്കുള്ള പ്രതിനിധികളെ ആ ഫ്സിയാങ്ങിലാകെയുള്ള കൃഷിക്കാർ നേരിട്ടു തിരഞ്ഞെടുക്കണം. കർഷകസംഘത്തിൽ ചേർന്നിട്ടില്ലാത്ത കൃഷിക്കാർക്കുകൂടിയും, ഫ്സിയാങ്ങ് കർഷകസംഘത്തിന്റെ അനുമതിയോടുകൂടി തിരഞ്ഞെടുപ്പിൽ പങ്കെടുക്കാം. കൌണ്ടിയിലേയോ ചുവിലേയോ കർഷകകോൺഗ്രസ്സുകൾക്കുള്ള പ്രതിനിധികളെ ഫ്സിയാങ്ങ് കർഷകയോഗങ്ങളോ ഫ്സിയാങ്ങ് കർഷകകോൺഗ്രസ്സുകളോ തിരഞ്ഞെടുക്കണം. സംസ്ഥാനത്തിലേയോ പ്രത്യേക ഭരണപരജില്ലയിലേ കർഷകകോൺഗ്രസ്സുകളുടെ പ്രതിനിധികളെ കൌണ്ടി കർഷകകോൺഗ്രസ്സുകൾ തിരഞ്ഞെടുക്കണം.

എല്ലാ പടിയിലുള്ള കർഷകകോൺഗ്രസ്സുകളുടേയും പ്രതിനിധികളുടെ എണ്ണം, അതതു പടിയിലുള്ള കർഷകസംഘങ്ങളുടെ കമ്മറ്റികൾ, അതതു പ്രദേശങ്ങളിലെ യഥാർത്ഥ പരിതഃസ്ഥിതികൾക്കനുസരിച്ചും അതതു കർഷകസംഘങ്ങളുടെ മേൽക്കമ്മറ്റികളുടെ അനുമതിക്കു വിധേയമായും, നിശ്ചയിക്കണം.

## നിയമം 11.

എല്ലാം പടിയിലുള്ള കർഷകകോൺഗ്രസ്സുകളുടേയും യോഗങ്ങൾക്കുള്ള സമയം അതതു സംസ്ഥാന കഷ്കസംഘങ്ങളുടെ ഭരണഘടനയ്ക്കനുസരിച്ചു നിശ്ചയിക്കണം.

## നിയമം 12.

കർഷകകോൺഗ്രസ്സുകൾക്കിടയിലുള്ള കാലത്തു് കർഷകസംഘത്തിന്റെ കമ്മറ്റികളായിരിക്കും സംഘത്തിന്റെ ഭരണം നടത്തുന്നതു്. എല്ലാം പടിയിലുള്ള കർഷകസംഘങ്ങളുടേയും കമ്മറ്റികൾ, എല്ലാം പടിയിലുമുള്ള കർഷകകോൺഗ്രസ്സുകൾ തിരഞ്ഞെടുത്തയക്കുന്ന മെമ്പർമാരും മെമ്പർസ്ഥാനാർത്ഥികളും (Candidate

members) അടങ്ങിയതായിരിക്കണം. മെമ്പർമാർ തങ്ങൾക്കിടയിൽനിന്നുതന്നെ, ഒരു ചെയർമാനേയും ഒന്നുമുതൽ അനേകം വൈസ് ചെയർമാന്മാരേയും കമ്മററിയുടെ കാര്യ്യങ്ങൾ നടത്താനായി തിരഞ്ഞെടുക്കണം. പ്രവൃത്തിവിഭജനംമൂലം കാര്യ്യങ്ങൾ നിർവ്വഹിക്കാനായി കമ്മിററിക്ക് അതിൻെറ കീഴിൽ വിവിധ ഡിപ്പാർട്ടുമെണ്ടുകൾ സ്ഥാപിക്കാം.

### നിയമം 13.

എല്ലാംപടിയിലുമുള്ള കർഷകസംഘങ്ങളുടെ കമ്മററി അംഗങ്ങളുടെ ഉദ്യോഗകാലാവധി അതതു് സംസ്ഥാന കർഷകസംഘങ്ങളുടെ ഭരണഘടനയിൽ നിശ്ചയിച്ചിരിക്കണം.

### നിയമം 14.

കർഷകസംഘങ്ങൾ സ്ഥാപിച്ചുകഴിഞ്ഞിട്ടില്ലാത്ത പ്രദേശങ്ങളിൽ, പ്രാദേശിക ജനകീയ ഗവമ്മെണ്ടിന്ന്, കഷ്കസംഘത്തിൻെറ കമ്മററിയുടെ കടമകൾ നിർവ്വഹിക്കേണ്ടതും കർഷകസംഘത്തിൻെറ കമ്മററിയുടെ അതേ പ്രവൃത്തികളും അധികാരങ്ങളുണ്ടായിരിക്കുന്നതുമായ ഒരു പ്രാരംഭക്കമ്മററിയായി പ്രവത്തിക്കുന്നതിനു കുറെ ആളുകളെ തിരഞ്ഞെടുക്കാൻവേണ്ടി ഒരു സംസ്ഥാന കർഷക പ്രതിനിധിസമ്മേളനം വിളിച്ചുകൂട്ടാവുന്നതുമാണ്. കർഷകസംഘത്തിൻെറ കമ്മററിയെ തിരഞ്ഞെടുക്കാനായി ഒരു കർഷക കോൺഗ്രസ്സ് ഔപചാരികമായി കൂടിക്കഴിഞ്ഞാൽ ഈ പ്രാരംഭക്കമ്മററി നിലവിലില്ലാതാവും.

### നിയമം 15.

എല്ലാംപടിയിലുമുള്ള കർഷകകോൺഗ്രസ്സുകൾക്കും കർഷകസംഘത്തിൻെറ കമ്മററികൾക്കും, യഥാൎത്ഥ പരിതഃസ്ഥിതികൾക്കനുസരിച്ച്, സംഘത്തിൻെറ നിയമങ്ങളേയും അച്ചടക്കത്തേയും ലംഘിക്കുന്നവക്കെതിരായി അച്ചടക്കനടപടികളെടുക്കാവുന്നതാണ്. ഒററക്കൊരു മെമ്പറെ ബാധിക്കുന്ന അച്ചടക്കനടപടികൾ,

ഗുണദോഷിക്കൽ, താക്കീത്, ഏല്പിച്ച ജോലിയിൽനിന്നും നീക്കൽ, അല്ലെങ്കിൽ സംഘടനയിൽനിന്നും പുറംതള്ളൽ എന്നിവയായിരിക്കണം. ഒരു സംഘടനയ്ക്കുമുഴുവൻ ബാധകമായ അച്ചടക്കനടപടികൾ, അധിക്ഷേപം, നേതൃത്വത്തെ ഭാഗികമായി പുനഃസ്സംഘടിപ്പിക്കൽ, നേതൃത്വത്തെ ഡിസ്മിസ്സ് ചെയ്ത ഒരിടക്കാല നേതൃത്വത്തെ നിയമിക്കൽ, അല്ലെങ്കിൽ സംഘടനയെ മുഴുവനും പിരിച്ചു വിട്ടു സംഘംപുനസ്സംഘടിപ്പിക്കാൻ പ്രവർത്തകന്മാരെ അയക്കൽ എന്നിവയായിരിക്കണം.

## നിയമം 16

എല്ലാ പടിയിലുമുള്ള കാർഷികസംഘങ്ങളുടെ കമ്മിററികൾക്കും ആവശ്യമായി വരുമ്പോൾ കർഷകസംഘങ്ങളുടെ ഒരു പ്രതിനിധിസമ്മേളനം വിളിച്ചുകൂട്ടാം.

## അദ്ധ്യായം IV

# കർഷകസംഘങ്ങളുടെ ഫണ്ടുകൾ

## നിയമം 17

കർഷകസംഘത്തിന്റെ ഫണ്ടുകൾ മെമ്പർമാരുടെ വരിസംഖ്യയിൽനിന്നും ജനകീയഗവർമ്മേണ്ടു നൽകുന്ന സഹായധനത്തിൽനിന്നുമുണ്ടാവണം.

കർഷകസംഘത്തിലെ ഓരോ അംഗവും ആണ്ടിൽ ഒരു കാററി (Catty) നെല്ലെന്ന തോതിൽ വരിസംഖ്യയടക്കണം.

ജനകീയഗവർമ്മേണ്ടു കർഷകസംഘങ്ങൾക്കാവശ്യമായ കെട്ടിടങ്ങളും ഉപകരണങ്ങളും നൽകണം.

തപാൽ, ടെലഗ്രാഫ്, ടെലഫോൺ, റെയിൽ, റോഡ്, കപ്പൽ മുതലായവയുടെ ഉപയോഗത്തിൽ, കർഷകസംഘങ്ങൾക്ക, തുല്യനിലയിലുള്ള ജനകീയഗവർമ്മേണ്ട് സംഘങ്ങൾക്കുള്ള അതേ ആനുകൂല്യങ്ങളുണ്ടായിരിക്കുന്നതാണ്.

### നിയമം 18

കർഷകസംഘങ്ങളുടെ ഫണ്ടുകളുടെ ഒരു വരവുചിലവു സ്റ്റേറ്റുമെൻറ് നിശ്ചിതകാലമിടവിട്ടു കർഷകകോൺഗ്രസ്സിനു സമർപ്പിക്കുകയും കോൺഗ്രസ്സ് ആഡിററു ചെയ്തു അനുമതി നൽകിയശേഷം കർഷകർക്കിടയിൽ പരസ്യപ്പെടുത്തുകയും ചെയ്യണം.

## അദ്ധ്യായം V

# ഉപനിയമങ്ങൾ

### നിയമം 19

എല്ലാം സംസ്ഥാന കർഷകസംഘങ്ങളും, പൊതുചട്ടങ്ങൾക്കനുസരിച്ച്, അതതിൻെറ ഏകീകൃതനിയമാവലി ഉണ്ടാക്കുകയും അതു് പ്രസിദ്ധപ്പെടുത്തി സംസ്ഥാന കർഷകകോൺഗ്രസ്സ് ശരിവെച്ചശേഷം നടപ്പിൽവരുത്തുകയും വേണം. പൊതുചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പുണ്ടാക്കിയിട്ടുള്ള നിയമങ്ങൾ, പൊതുചട്ടങ്ങൾക്കു വിരുദ്ധമായിക്കാണുന്ന പക്ഷം അവയ്ക്കനുസരണമായി ഭേദപ്പെടുത്തണം.

### നിയമം 20

കേന്ദ്രജനകീയഗവമ്മേണ്ടിൻെറ അഡ്മിനിസ്ട്രേഷൻ കൌൺസിൽ അംഗീകരിച്ചുകഴിഞ്ഞാൽ പൊതുചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തുകയും നടപ്പിൽവരുത്തുകയും ചെയ്യണം.

—o o—

# കാർഷികപരിഷ്ക്കാരനിയമത്തെപ്പററി

## ല്യൂ-ഷാ-വോ-ചി *

സഹമെമ്പർമാരെ, സഖാക്കളെ,

ജനകീയരാഷ്ട്രീയകൂടിയാലോചനാസമ്മേളന (People's Political Consultative Conference) ത്തിൻെറ പൊതുപരിപാടിയിൽ ചൈനായിലെ ജനകീയറിപ്പബ്ളിക്ക് "നാടുവാഴിയും അർദ്ധനാടുവാഴിയുമായ ഭൂവുടമസ്സമ്പ്രദായത്തെ കർഷകഭൂവുടമസ്സമ്പ്രദായത്തിലേക്കു് ചിട്ടയോടുകൂടി മാററണ"മെന്നു വ്യവസ്ഥചെയ്തിരിക്കുന്നു. കഴിഞ്ഞ മഞ്ഞുകാലത്തു് ജനകീയഗവർമ്മെണ്ടു് ഉത്തരചൈനയിലെ നഗരപ്രാന്തങ്ങളിലും മററനേകം സ്ഥലങ്ങളിലും 260 ലക്ഷം ഗ്രാമീണരുള്ള ഹൊനാൻ സംസ്ഥാനത്തിൻെറ പകുതിഭാഗത്തും കാർഷികപരിഷ്ക്കാരം നടപ്പാക്കി പൂർത്തീകരിക്കുകയോ ഏറിയക്കൂറും പൂർത്തീകരിക്കുകയോ ചെയ്തു.

പൊതുവേ പറഞ്ഞാൽ കഴിഞ്ഞ മഞ്ഞുകാലത്തു് നടപ്പാക്കിയ കാർഷികപരിഷ്ക്കാരത്തിനിടയിൽ ഗൌരവമായ പാളിച്ചകളൊന്നും പററിയിട്ടില്ല. അതു വളരെ സുഗമമായിട്ടാണു് നടത്തിയതു്, ഭിന്നിപ്പിക്കുന്ന സംഭവങ്ങളും വളരെ കുറച്ചേ ഉണ്ടായുള്ളു. ഭൂ

* കേന്ദ്രജനകീയഗവർമ്മെണ്ടിൻെറ വൈസ് ചെയർമാനായ ല്യൂഷാവോ-ചി, 1950 ജൂൺ 14-ാംനു- പെക്കിങ്ങിൽ കൂടിയ ചൈനീസ് പീപ്പിൾസ് പൊളിററിക്കൽ കൺസൾട്ടേററീവ് കോൺഫറൻസിൻെറ നാഷനൽക്കമ്മററിയുടെ ദ്വിതീയ സമ്മേളനത്തിൽ ഈ റിപ്പോർട്ടു സമർപ്പിച്ചു.

മിയും മററുല്പാദനോപകരണങ്ങളും നൽകപ്പെട്ട ജനങ്ങൾ പ്രത്യേകിച്ചും കൃഷിക്കാർ ഈ കാർഷികപരിഷ്കാരംകൊണ്ടു തൃപ്തരാണ്.

ഇതിനും പുറമേ, പുതുതായി മോചിപ്പിക്കപ്പെട്ട വിപുലമായ പ്രദേശങ്ങളിൽ ജനകീയഗവമ്മേണ്ടും ജനകീയ വിമോചനസേനയും കൊള്ളക്കാരെ നശിപ്പിക്കുന്നതിനും, പ്രാദേശികതാൻപ്രമാണികളെ എതിക്കുന്നതിനും പാട്ടം കുറയ്ക്കുന്നതിനുമുള്ള പ്രക്ഷോഭണങ്ങൾ നടത്തുകയും പലപ്രദേശങ്ങളിലും കൃഷകസംഘങ്ങൾ സ്ഥാപിക്കുകയും ചെയ്തു. കിഴക്കൻചൈനയിൽനിന്നും മദ്ധ്യ, ദക്ഷിണചൈനയിൽനിന്നുമുള്ള റിപ്പോർട്ടുകളനുസരിച്ച്, ഈ രണ്ടു പ്രദേശങ്ങളിലേയും കർഷകസംഘങ്ങൾക്കുകൂടിയുള്ള മെമ്പർഷിപ്പു 240 ലക്ഷത്തോളം വരും, 10 ലക്ഷത്തോളം ജനകീയപ്പട്ടാളവും അവിടെയുണ്ട്. ഈ പ്രക്ഷോഭണങ്ങൾ വളന്ന പ്രദേശങ്ങളിൽ കൌണ്ടിജില്ലാ, ഹ്സിയാങ്ങ്പടികളിലുള്ള ജനകീയ പ്രതിനിധി സമ്മേളനങ്ങളും കർഷകപ്രതിനിധിസമ്മേളനങ്ങളും ചൊതുവേ നടത്തിയിട്ടുണ്ട്. സജീവമായി പ്രവത്തിക്കുന്ന കൃഷകപ്രവത്തകർ ധാരാളം ഉയന്നു വന്നിട്ടുണ്ട്, 38000ത്തിലധികം ഹ്സിയാങ്ങുകളിൽ ഭരണം പുനസ്സംഘടിപ്പിക്കപ്പെട്ടുകയും കർഷബഹുജനങ്ങളുടെ ബോധത്തിന്റെ നിലവാരം വേഗത്തിൽ ഉയരുകയും ചെയ്തു. കാർഷികപരിഷ്കാരം നടപ്പാക്കാൻവേണ്ടി കിഴക്കൻ ചൈനയിലും മദ്ധ്യ-ദക്ഷിണചൈനയിലും ഇക്കൊല്ലം മഞ്ഞുകാലത്തിനുമുമ്പായി 180000 ത്തോളം പേക്ക് പരിശീലനം കൊടുക്കും. അതുകൊണ്ടു കർഷകപ്രസ്ഥാനം വളരുകയും പ്രാരംഭപ്രവൃത്തികൾ തുടങ്ങുകയും ചെയ്തിട്ടുള്ള ഈ പ്രദേശങ്ങളിൽ ഇക്കൊല്ലം മഞ്ഞുകാലത്തു് കാർഷികപരിഷ്കാരം നടപ്പിലാക്കാനാരംഭിക്കാമെന്നു ഞങ്ങൾ വിചാരിക്കുന്നു.

ഇപ്പോൾ ചൈനയിൽ 1450 ലക്ഷത്തോളം ഗ്രാമീണരുള്ള ഒരു പ്രദേശത്ത് (ആ പ്രദേശത്തെ ആകെ ജനസംഖ്യ 1600 ലക്ഷത്തോളംവരും) കാർഷികപരിഷ്കാരം പൂത്തീകരിക്കുകയോ ഏറിയ

ക്കറം പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. 2640 ലക്ഷത്തോളം ഗ്രാമീണരുള്ള ഒരു പ്രദേശത്ത് (ആ പ്രദേശത്തെ ആകെ ജനസംഖ്യ 3100 ലക്ഷത്തോളം വരും) കാർഷികപരിഷ്ക്കാരം ഇനിയും നടപ്പിലാക്കേണ്ടതുണ്ട്. ആകെ 1000 ലക്ഷത്തോളം ഗ്രാമീണരുള്ള വിവിധ പ്രദേശങ്ങൾ ഇക്കൊല്ലം കാർഷികപരിഷ്ക്കാരം തുടങ്ങുന്നതിനുള്ള അനുവാദത്തിനപേക്ഷിച്ചിട്ടുണ്ട്—വടക്കൻ ചൈനയിൽ 3,500,000 വടക്കുപടിഞ്ഞാറൻ ചൈനയിൽ 8,000,000 കിഴക്കൻ ചൈനയിൽ 35,000,000 മുതൽ 40,000,000 വരെ, മദ്ധ്യ-ദക്ഷിണ ചൈനയിൽ 47,000 000 മുതൽ 56,000,000 വരെ—എല്ലാററിലുംകൂടി 300 ൽ പരം കൌണ്ടികൾ വരും. അത്തരം അപേക്ഷകളെ സംബന്ധിച്ച നടപടിയെപ്പററി ജനകീയരാഷ്ട്രീയക്കൂടിയാലോചനാസമ്മേളനത്തിന്റെ നാഷണൽക്കമ്മററി ചർച്ചചെയ്യുകയും, കേന്ദ്രജനകീയഗവമ്മെണ്ട് അതു നടപ്പിൽ വരുത്താനുള്ള തീരുമാനമെടുക്കുകയും ചെയ്യേണ്ടതുണ്ട്

കൂടാതെ ഇക്കൊല്ലം കാർഷികപരിഷ്ക്കാരം നടത്താൻ പ്ലാനിട്ടിട്ടില്ലാത്ത 1640 ലക്ഷത്തോളം ജനസംഖ്യയുള്ള ഒരു പ്രദേശമുണ്ട്. ഈ പ്രദേശത്തിന്റെ ഭൂരിഭാഗത്തും 1951 ശരൽക്കാലത്തിനുശേഷം കാഷികപരിഷ്ക്കാരം നടപ്പിലാക്കാം. ഈ പ്രദേശത്തിന്റെ താരതമ്യേന ചെറുതായ ഒരു ഭാഗത്ത് 1952 ശരൽക്കാലത്തിനുശേഷം അതു നടപ്പിലാക്കാം. ഈ പ്രദേശത്തിൽ ബാക്കിയുള്ള ഒരു ചെറിയ ഭാഗത്ത്—ദേശീയന്യൂനപക്ഷങ്ങൾ കേന്ദ്രീകരിച്ചിട്ടുള്ള ഭാഗത്തു—കാർഷികപരിഷ്ക്കാരം ഭാവിയിലൊരു തിയ്യതിക്കു നീട്ടിവെക്കേണ്ടിയിരിക്കുന്നു. വടക്കുകിഴക്കൻ ചൈനയിൽ കൊറിയരും മംഗോളിയരും താമസിക്കുന്ന പ്രദേശങ്ങളിൽ കാർഷികപരിഷ്ക്കാരം നടപ്പാക്കിയിട്ടുണ്ട്. ദേശീയ ന്യൂനപക്ഷങ്ങളിലെ ഭൂരിപക്ഷം ജനങ്ങൾ ആവശ്യപ്പെടുന്ന മററു പ്രദേശങ്ങളിലും അതു നടപ്പാക്കാം.

എന്നാൽ 200 ലക്ഷത്തോളംവരുന്ന ഒരു ജനസംഖ്യയുള്ള ദേശീയന്യൂനപക്ഷങ്ങൾ താമസിക്കുന്ന മററു പ്രദേശങ്ങളിൽ എ

പ്പോൾ കാർഷികപരിഷ്കാരം നടപ്പിലാക്കണമെന്നു ഇന്നു തീരുമാനിക്കാനസാദ്ധ്യമാണ്. ദേശീയന്യൂനപക്ഷങ്ങൾക്കുള്ളിലുള്ള പ്രവർത്തനത്തിന്റെയും ബഹുജനങ്ങളുടെ രാഷ്ട്രീയബോധത്തിന്റെയും അടിസ്ഥാനത്തിൽ അതു തീരുമാനിക്കേണ്ടിവരും. ദേശീയന്യൂനപക്ഷങ്ങൾക്കു ആലോചിക്കുവാനും തങ്ങൾക്കിടയിൽ സ്വയം ഈ പരിഷ്കാരത്തിനു ഒരുക്കം ചെയ്യുവാനും നാം സമയമനുവദിക്കണം, നാം അടിച്ചേല്പിക്കരുതു്. നാം നിർദ്ദേശിക്കുന്ന കാർഷികപരിഷ്കാരനിയമത്തിന്റെ കരടിൽ ദേശീയന്യൂനപക്ഷങ്ങൾ താമസിക്കുന്ന പ്രദേശങ്ങൾക്കു അതു ബാധകമല്ലെന്നുകൂടി വ്യവസ്ഥചെയ്തിരിക്കുന്നു. ഇതിന്റെ അർത്ഥം, ഈ മഞ്ഞുകാലത്തു തുടങ്ങി രണ്ടര—മൂന്നുകൊല്ലംകൊണ്ടു് ചൈനയിലാകെ പൊതുവിൽ, പക്ഷെ പൂർണ്ണമായിട്ടല്ല, കാർഷികപരിഷ്കാരം പൂർത്തീകരിക്കാൻ നാം പ്ലാൻ ചെയ്യുന്നു എന്നാണ്. ഇതൊരേകദേശപ്ലാൻ മാത്രമാണ്. ഈ പ്ലാൻ നിറവേറുന്നപക്ഷം, അതു ചൈനീസ് ജനങ്ങളുടെ വളരെ വമ്പിച്ച ഒരു ചരിത്രപരമായ വിജയമായിരിക്കും. അതു് ചൈനീസ് വിപ്ലവത്തിന്റെ അടിസ്ഥാനചരിത്രപരകടമകളിലൊന്നിന്റെ വളരെ വേഗത്തിലുള്ള, സാവധാനത്തിലല്ല, ഒരു നിറവേററലുമായിരിക്കും.

ഇങ്ങനെയുള്ള ഒരേകദേശപ്ലാനുണ്ടാക്കേണ്ടതാവശ്യമാണ്. പുതുതായി വിമോചിപ്പിക്കപ്പെട്ട വിവിധപ്രദേശങ്ങളിൽ ജനകീയഗവർമ്മെണ്ടിനും ജനകീയസംഘടനകൾക്കും ഈ പ്ലാനനുസരിച്ചു തങ്ങളുടെ പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള ഒരുക്കംചെയ്യാൻ സാദ്ധ്യമാകും. ഈക്കൊല്ലം കാർഷികപരിഷ്കാരം നടത്തേണ്ടതില്ലെന്നു നിശ്ചയിച്ചിട്ടുള്ള പ്രദേശങ്ങളിൽ അതു നടത്തിക്കൂടെന്നു ഞങ്ങളഭ്യർത്ഥിക്കുന്നു. കൃഷിക്കാർ തനിയേ കാർഷികപരിഷ്കാരവുമായി മുന്നോട്ടു പോയാൽക്കൂടി അങ്ങിനെ ചെയ്യുന്നതിൽനിന്നു അവരെ പിന്തിരിപ്പിക്കണം. ഇക്കൊല്ലം കാർഷികപരിഷ്കാരം നടത്തണമെന്നു നിശ്ചയിച്ചിട്ടുള്ള പ്രദേശങ്ങളിൽ കുന്നിക്കൊയ്ത്തും

പൊതുധാന്യപ്പിരിവിന്റെ സത്വരപൂർത്തീകരണവും കഴിഞ്ഞാലുടനെ കാർഷികപരിഷ്കാരമാരംഭിക്കത്തക്കവണ്ണം, വേനൽക്കാലത്തും ശരൽക്കാലത്തും ഒരുക്കങ്ങൾ ചെയ്യുന്നതിൽ ശ്രമം കേന്ദ്രീകരിക്കണം. ഇക്കൊല്ലം മഞ്ഞുകാലത്തിനുള്ളിൽ 10കോടി ഗ്രാമീണരുള്ള ഒരുപ്രദേശത്തു ശരിയായ നിലയിൽ കാർഷികപരിഷ്കാരം പൊതുവേ പൂർത്തീകരിക്കാൻ കഴിയുന്ന എല്ലാ ശ്രമങ്ങളും ചെയ്യണം. കാർഷികപരിഷ്കാരമാരംഭിച്ചതിനുശേഷം ചില പ്രദേശങ്ങളിൽ പാളിച്ചകൾ പററുകയും വേഗത്തിൽ പരിഹരിക്കാൻകഴിയാത്ത കുഴപ്പങ്ങൾ ഉത്ഭവിക്കുകയും ചെയ്യുന്നപക്ഷം പാളിച്ചകൾ തിരുത്തി അടുത്തകൊല്ലം കാർഷികപരിഷ്കാരം നടപ്പാക്കുന്നതിനുള്ള കൂടുതൽ ഒരുക്കങ്ങൾ ചെയ്യുന്നതിനുവേണ്ടി ഈ പ്രദേശങ്ങളിൽ കാർഷികപരിഷ്കാരം നിർത്തിവെക്കണം.

മൊത്തത്തിൽ, കുഴപ്പങ്ങളുണ്ടാവാനനുവദിച്ചുകൂടാ, ഭാവിയിൽ നമ്മുടെ കാർഷികപരിഷ്കാരത്തിൽ പാളിച്ചകളോ കുഴപ്പങ്ങളോ വളരെക്കാലം തിരുത്തപ്പെടാതിരിക്കാനും അനുവദിച്ചുകൂടാ. നിർദ്ദേശങ്ങൾക്ക് കീഴിലും പ്ലാനനുസരിച്ചും ചിട്ടയോടുകൂടിയും, കേന്ദ്ര ജനകീയഗവർമ്മെണ്ടും വിവിധപടികളിലുള്ള ജനകീയഗവർമ്മെണ്ടുകളും നടപ്പാക്കിയിട്ടുള്ള നിയമങ്ങൾക്കും കല്പനകൾക്കുമനുസരിച്ചും അവ തീരുമാനിച്ചിട്ടുള്ള തത്വങ്ങൾക്കും നയങ്ങൾക്കും നടപടികൾക്കുമനുസരിച്ചും കാർഷികപരിഷ്കാരം നടപ്പിൽ വരുത്തണം. ഭാവിയിലെ നമ്മുടെ കാർഷികപരിഷ്ക്കാരം ചരിത്രത്തിൽ ഏററവും വലിയതോതിലുള്ളതാകകൊണ്ട്, ഈ നിലയിൽ മാത്രമേ അത് ബഹുഭൂരിപക്ഷം ജനങ്ങളുടെ താല്പര്യങ്ങൾക്കൊത്തതാവൂ.

നിർദ്ദേശങ്ങൾക്ക കീഴിലും ചിട്ടയായ രീതിയിലും ഭാവിയിൽ കാർഷികപരിഷ്കാരം നടപ്പിലാക്കാൻവേണ്ടി കേന്ദ്രജനകീയഗവർമ്മെണ്ട് ഒരു കാർഷികപരിഷ്കാരനിയമവും കുറെ നിർദ്ദേശങ്ങളും പ്രസിദ്ധപ്പെടുത്തണം. ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി

യുടെ കേന്ദ്രക്കമ്മററി ഒരു കരടു കാർഷികപരിഷ്കാരനിയമം തയ്യാറാക്കി പരിശോധനയ്ക്കും ചർച്ചക്കുംവേണ്ടി നാഷണൽക്കമ്മററിക്കു സമർപ്പിച്ചിട്ടുണ്ട്. ഒരു പൊതുയോജിപ്പിലെത്തിക്കഴിഞ്ഞാലുടനെ കരടുനിയമം പ്രസിദ്ധീകരിക്കാനും ബലത്തിൽ വരുത്താനുംവേണ്ടി കേന്ദ്രജനകീയഗവമ്മേണ്ട് കൌൺസിലിനു സമർപ്പിക്കുന്നതാണ്. കരടുനിയമത്തേയും ഭാവിയിലെ കാർഷികപരിഷ്കാരത്തിൽ പരിഗണിക്കേണ്ടതായ അനേകം പ്രശ്നങ്ങളേയും വിശദീകരിക്കാൻവേണ്ടി ഞാൻ താഴെ പറയുന്ന പ്രശ്നങ്ങളെടുത്തു വിവരിക്കുന്നു.

## എന്തിന് കാർഷികപരിഷ്കാരം നടത്തണം?

കാർഷികപരിഷ്കാരത്തിന്റെ പ്രധാന ഉള്ളടക്കം ഭൂമിയില്ലാത്തവരോ ഭൂദരിദ്രരോ ആയ കൃഷിക്കാർക്കു വിതരണം ചെയ്യാൻവേണ്ടി ജന്മിവർഗ്ഗത്തിന്റെ ഭൂമി കണ്ടുകെട്ടലാണ്. അങ്ങിനെ ജന്മികളെ സമുദായത്തിലെ ഒരു വർഗ്ഗമെന്ന നിലയിൽ നീക്കം ചെയ്യുകയും നാടുവാഴി ചൂഷണത്തിന്റെ ഭൂവുടമസ്സമ്പ്രദായം കർഷകഭൂവുടമസ്സമ്പ്രദായത്തിലേയ്ക്കു മാററുകയും ചെയ്യുന്നു. ഇതു തീർച്ചയായും ചൈനയുടെ ചരിത്രത്തിൽ ആയിരക്കണക്കിനു കൊല്ലങ്ങളായിട്ടുള്ള ഏററവും വലിയതും ഏററവും സമഗ്രവുമായ പരിഷ്കാരമാണ്.

എന്തിനാണിങ്ങിനെയൊരു പരിഷ്കാരമുണ്ടാക്കുന്നത്? ചുരുക്കത്തിൽ, അതിന്റെ കാരണം, ചൈനയിലെ പഴയ ഭൂവുടമസ്സമ്പ്രദായം അങ്ങേഅററം യുക്തിഹീനമാണെന്നതാണ്. പൊതുവിൽ പഴയ ചൈനയിലെ ഭൂസ്ഥിതി ഏകദേശം താഴെ പറയും വിധമാണ്.

നാട്ടിൻപുറത്തെ ജനസംഖ്യയുടെ 10 ശതമാനത്തിൽ കുറവായ ജന്മികളും ധനിക കൃഷിക്കാരും ഏകദേശം 70 മുതൽ 80 ശതമാനംവരെ ഭൂമിയുടെ ഉടമസ്ഥത വഹിക്കുകയും ആ ഭൂമിമുഖേന അവർ കൃഷിക്കാരെ മൃഗീയമായി ചൂഷണം ചെയ്യുകയും ചെയ്യുന്നു.

നാട്ടിൻപുറത്തെ ജനസംഖ്യയുടെ 90 ശതമാനം വരുന്ന സാധുകൃഷിക്കാർക്കും കാർഷികത്തൊഴിലാളികൾക്കും ഇടത്തരം കൃഷിക്കാർക്കും മററുള്ളവക്കുമായി എല്ലാംകൂടി 20 മുതൽ 30 ശതമാനംവരെ ഭൂമി മാത്രമെയുള്ളു. അവർ കൊല്ലം മുഴുവനും അദ്ധ്വാനിക്കുന്നു, എന്നാൽ വയറുനിറച്ചുണ്ണാനോ തണുപ്പു മാററാനോ അവക്കു കഴിയുന്നില്ല. ജപ്പുവിരുദ്ധയുദ്ധവും ജനകീയവിമോചനയുദ്ധവും നടന്നിരുന്ന കഴിഞ്ഞ പന്ത്രണ്ടുകൊല്ലത്തിനിടയിൽ ഈ സ്ഥിതിക്കു ചില വ്യത്യാസങ്ങളുണ്ടായിട്ടുണ്ട്. കാർഷികപരിഷ്കാരം നടപ്പാക്കിയ പ്രദേശങ്ങളൊഴിച്ചാൽ ചില സ്ഥലങ്ങളിൽ ഭൂമി ജന്മിമാരുടെ കയ്യിൽ കൂടുതൽ കേന്ദ്രീകരിച്ചിട്ടുണ്ട്. സിചാനിലും മററു പ്രദേശങ്ങളിലും ഭൂമിയുടെ 70 മുതൽ 80 ശതമാനം വരെ ജന്മിമാർക്കാണുള്ളതു്.

യാങ്ങ്സി നദിയുടെ മദ്ധ്യതടങ്ങളും കീഴ്ഭൂമികളുംപോലുള്ള മററു പ്രദേശങ്ങളിൽ ഭൂമിയുടമസ്ഥത ഏറെക്കുറെ ഛിന്നിച്ചിരിക്കുന്നു. കിഴക്കൻ ചൈനയിലും മദ്ധ്യ-ദക്ഷിണചൈനയിലും ഈയിടെ നടത്തിയ പരിശോധനയിൽനിന്നു ലഭിച്ച കണക്കുകളനുസരിച്ചു ഏകദേശം താഴെ പറയുന്ന തരത്തിലാണ് സ്ഥിതി:

ജന്മികളുടെയും പൊതു സ്ഥാപനങ്ങളുടെയും വക ഭൂമി 30 മുതൽ 50 ശതമാനം വരും; ധനിക കൃഷിക്കാക്കു 10 മുതൽ 15 ശതമാനംവരെ ഭൂമിയുണ്ട്; ഇടത്തരം കൃഷിക്കാർക്കും സാധു കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും കൂടി 30 മുതൽ 40 ശതമാനംവരെ ഭൂമിയും തുണ്ടുഭൂമികൾ പാട്ടത്തിനു കൊടുക്കുന്നവക്കു 3 മുതൽ 5 തശമാനംവരെ ഭൂമിയുമുണ്ട്.

നാട്ടിൻപുറത്തു് ആകെ പാട്ടത്തിനു കൊടുക്കുന്ന ഭൂമി 60 മുതൽ 70 ശതമാനംവരെയുണ്ട്. ധനികകൃഷിക്കാർ പാട്ടത്തിനു കൊടുക്കുന്നതു് 3 മുതൽ 5 ശതമാനംവരെയും ധനികകൃഷിക്കാർ സ്വന്തമായി കൃഷിചെയ്യുന്നതു് ഉദ്ദേശം 10 ശതമാനവുമാണ്.

മററൊരു വിധത്തിൽ പറഞ്ഞാൽ നാട്ടിൻപുറത്തുള്ള ഭൂമിയുടെ 90 ശതമാനം കൃഷിചെയ്യുന്ന ഇടത്തരം കൃഷിക്കാർക്കും സാധുകൃഷിക്കാർക്കും കർഷകത്തൊഴിലാളികളിലൊരുഭാഗത്തിനുംകൂടി ഭൂമിയുടെ ഒരു ഭാഗം മാത്രമേയുള്ളു; വലിയ പങ്ക് അവരുടേതല്ല. ഇങ്ങനെയുള്ള ഒരു സ്ഥിതി വളരെ ഗൗരവമുള്ളതാണ്.

നമ്മുടെ രാഷ്ട്രം ആക്രമണത്തിനും മർദ്ദനത്തിനുമിരയാവുകയും ദരിദ്രവും പിന്നണിയിൽ കിടക്കുന്നതുമായിത്തീരുകയും ചെയ്തതിൻെറ അടിസ്ഥാനകാരണമിവിടെയാണ് കിടക്കുന്നത്. നമ്മുടെ രാഷ്ട്രത്തിൻെറ ജനാധിപത്യവൽക്കരണം (Democratisation) വ്യവസായീകരണം, വിമോചനം, ഏകീകരണം, അഭിവൃദ്ധി എന്നിവക്കുള്ള പ്രധാന തടസ്ഥവും ഇതായിരുന്നു. നാമിസ്ഥിതി മാററാത്തപക്ഷം ചൈനീസ് ജനകീയ വിപ്ലവത്തിൻെറ വിജയം ഉറപ്പിക്കാനും നാട്ടിൻപുറത്തുള്ള ഉല്പാദനശക്തികളെ മോചിപ്പിക്കാനും പുതിയ ചൈനയുടെ വ്യവസായീകരണം സാധിക്കാനും വിപ്ലവത്തിൻെറ വിജയംകൊണ്ടുള്ള മൗലികനേട്ടങ്ങൾ ജനങ്ങൾക്കനുഭവിക്കാനും സാദ്ധ്യമല്ല.

എന്നാൽ ഈ സ്ഥിതി മാററുന്നതിന്, നാം കാർഷികപരിഷ്കാരനിയമത്തിൻെറ കരടിലെ 1-ാംനിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ, "നാട്ടിൻപുറങ്ങളിലെ ഉല്പാദനശക്തികളെ മോചിപ്പിക്കുന്നതിനും കാർഷികോല്പാദനം വളർത്തുന്നതിനും അങ്ങിനെ പുതിയ ചൈനയുടെ വ്യവസായീകരണത്തിനു വഴി തെളിയിക്കുന്നതിനും വേണ്ടി ജന്മിമാർ നടത്തുന്ന നാടുവാഴിത്ത ചൂഷണത്തിൻെറ ഭൂവുടമസ്സമ്പ്രദായം നീക്കം ചെയ്യുകയും കാർഷികഭൂവുടമസ്സമ്പ്രദായം നടപ്പാക്കുകയും വേണം' ഈ അടിസ്ഥാന കാരണംകൊണ്ടും ഈ അടിസ്ഥാന ലക്ഷ്യത്തോടുകൂടിയുമാണ് നാം കാർഷികപരിഷ്കാരമേർപ്പെടുത്തേണ്ടത്.

ഡോക്ടർ സൺയാത്-സൺ വളരെ മുമ്പുതന്നെ "ഭൂവുടമസ്ഥതയുടെ സമീകരണം" എന്ന മുദ്രാവാക്യവും പിന്നീട് "ഭൂമി

കൃഷിക്കാൎക്ക്" എന്ന മുദ്രാവാക്യവും മുന്നോട്ടുവെച്ചു. ചൈനയുടെ വ്യവസായീകരണം സ്വദേശത്തുള്ള വിപുലമായ നാട്ടിൻപുറ വിപണികളെ ആശ്രയിക്കണം. ഒരു സമഗ്രമായ കാർഷികപരിഷ്കാരം കൂടാതെ പുതിയ ചൈനയുടെ വ്യവസായീകരണം സാക്ഷാല്ക്കരിക്കാനസാദ്ധ്യമായിരിക്കും. ഇതു വളരെ വിശദീകരണമാവശ്യമില്ലാത്തവിധം സ്പഷ്ടമായ ഒരു കാരണമാണ്.

എങ്കിലും, ഈ ഘട്ടത്തിൽ കാർഷികപരിഷ്ക്കാരത്തിന്റെ അടിസ്ഥാനകാരണവും ലക്ഷ്യവും വ്യക്തമായി വിവരിക്കേണ്ടതാവശ്യമാണ്, എന്തുകൊണ്ടെന്നാൽ കാർഷികപരിഷ്ക്കാരത്തെ എതിർക്കുന്നതിനും അതിനെപ്പററി സംശയങ്ങൾ പ്രകടിപ്പിക്കുന്നതിനും ജന്മിവൎഗ്ഗത്തെ ന്യായീകരിക്കുന്നതിനും വേണ്ടി മുന്നോട്ടു കൊണ്ടുവരുന്ന പല കാരണങ്ങളുടേയും തെററ് അവ തുറന്നു കാട്ടുന്നു. ഇപ്പോഴും യഥാർത്ഥത്തിൽ കാർഷികപരിഷ്ക്കാരത്തോടു എതിർപ്പും അതിനെപ്പററി സംശയങ്ങളും നിലനില്ക്കുന്നുണ്ട്.

കഴിഞ്ഞ കാലത്ത് ജന്മിവൎഗ്ഗം ചെയ്തിട്ടുള്ള ചരിത്രപരമായ അക്രമങ്ങൾ പഴയ സാമൂഹ്യവ്യവസ്ഥയിലാണ് വേരൂന്നിയിട്ടുള്ളതെന്ന് കാർഷികപരിഷ്ക്കാരത്തിന്റെ അടിസ്ഥാനകാരണത്തിൽനിന്നും ലക്ഷ്യത്തിൽനിന്നും നമുക്കു കാണാം. ജന്മികളിൽനിന്നു പൊതുവിൽ നാടുവാഴിത്തപരമായ അവരുടെ ഭൂമികൾ മാത്രം എടുക്കുകയും ഒരു സാമൂഹ്യവൎഗ്ഗമെന്ന നിലയിൽ അവരെ ഇല്ലായ്മചെയ്യുകയും മാത്രമേ ചെയ്യുന്നുള്ളു, എന്നാൽ അവരെ ശാരീരികമായി നശിപ്പിക്കുന്നില്ല. ജനകീയക്കോടതികൾ വധശിക്ഷകളോ തടവോ വിധിക്കുന്ന ഒരു ചെറിയ വിഭാഗം നീചമായ അക്രമങ്ങൾ ചെയ്തിട്ടുള്ളവരാണ്—വളരെയധികം സ്വത്തുള്ളവരും വലിയ അക്രമങ്ങൾ ചെയ്തിട്ടുള്ളവരുമായ നാട്ടിൻപുറത്തെ താൻപ്രമാണികളും കാർഷികപരിഷ്ക്കാരത്തെ സ്ഥിരമായി ചെറുക്കുന്ന അക്രമികളും. അതുകൊണ്ട്, ജന്മികളുടെ ഭൂമിയും മററുല്പാദനോപകരണങ്ങളും കണ്ടുകെട്ടിക്കഴിഞ്ഞാൽ അവൎക്കും സ്വന്തം അദ്ധ്വാനംകൊണ്ടു ജീവി

ക്കുകയും അദ്ധ്വാനത്തിൽക്കൂടി സ്വയം നന്നാക്കുകയും ചെയ്യത്തക്ക വിധം ഭൂമിയുടേയും മററുല്പാദനോപകരണങ്ങളുടേയും ഓഹരികൾ കൊടുക്കണമെന്നു കരടുകാർഷികപരിഷ്ക്കാരനിയമത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നു. അദ്ധ്വാനത്തിലൂടെ ദീർഘകാലത്തെ ശുദ്ധീകരണം കഴിഞ്ഞാൽ ജന്മികൾക്കു പുതിയ മനുഷ്യരായിത്തീരാൻ സാധിക്കുന്നതാണ്.

കാർഷികപരിഷ്ക്കാരത്തിന്നുള്ള അടിസ്ഥാനകാരണവും അതിന്റെ അടിസ്ഥാനലക്ഷ്യവും, അതു സാധുക്കളെ സഹായിക്കാൻ വേണ്ടി മാത്രമാണെന്ന വീക്ഷണഗതിയിൽനിന്നു വിഭിന്നമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി അദ്ധ്വാനിക്കുന്ന പാവപ്പെട്ടവരുടെ താല്പര്യങ്ങൾക്കുവേണ്ടിയാണെപ്പോഴും സമരംചെയ്തിട്ടുള്ളത്, എന്നാൽ കമ്മ്യൂണിസ്റ്റ്കാരുടെ വീക്ഷണഗതി ധർമ്മിഷ്ഠരുടേതിൽനിന്ന് എപ്പോഴും വിഭിന്നമാണ്. കാർഷികപരിഷ്ക്കാരത്തിന്റെ ഫലങ്ങൾ ദരിദ്രരായ അദ്ധ്വാനിക്കുന്ന കൃഷിക്കാർക്കു ആശ്വാസം നൽകും, അവരുടെ ദാരിദ്ര്യപ്രശ്നത്തെ ഭാഗികമായി പരിഹരിക്കാൻ സഹായിക്കും. എന്നാൽ കാർഷികപരിഷ്ക്കാരത്തിന്റെ അടിസ്ഥാനലക്ഷ്യം, കേവലം പാവപ്പെട്ട കൃഷിക്കാർക്കാശ്വാസം കൊടുക്കുക മാത്രമല്ല, അതിന്റെ ഉദ്ദേശം, കാർഷികോല്പാദനത്തെ വളർത്തുവാൻ വേണ്ടി ജന്മിവർഗ്ഗത്തിന്റെ നാടുവാഴിഭൂവുടമസ്സമ്പ്രദായത്തിന്റെ ചങ്ങലകളിൽനിന്നു നാട്ടിൻപുറത്തെ ഉല്പാദനശക്തികളെ മോചിപ്പിക്കുകയും അങ്ങിനെ പുതിയ ചൈനയുടെ വ്യാവസായികരണത്തിന്നു വഴിതെളിയിക്കുകയുമാണ്. കാർഷികോല്പാദനം വളരെ വളർന്നാൽ മാത്രമേ, പുതിയ ചൈനയുടെ വ്യവസായീകരണം സാധിച്ചാൽ മാത്രമേ, രാജ്യത്താകെയുള്ള ജനങ്ങളുടെ ജീവിതത്തോതുയർത്താൻ സാധിച്ചാൽ മാത്രമേ, ചൈന അവസാനമായി സോഷ്യലിസത്തിലേക്കുള്ള വഴിയിലെത്തിയാൽ മാത്രമേ കൃഷിക്കാർക്കിടയിലുള്ള ദാരിദ്ര്യത്തിന്റെ പ്രശ്നം അവസാനമായി പരിഹരിക്കപ്പെടുകയുള്ളു. കേവലം കാർഷികപരിഷ്ക്കാരം നടപ്പിലാക്കുന്നതുകൊ

ണ്ട് കൃഷിക്കാരുടെ ദാരിദ്ര്യത്തിന്റെ പ്രശ്നം ഭാഗികമായിമാത്രം, മുഴുവനമായില്ലം, പരിഹരിക്കാനേ സാധിക്കു.

കാർഷികപരിഷ്ക്കാരത്തിന്നുള്ള അടിസ്ഥാനകാരണവും അതിന്റെ അടിസ്ഥാനലക്ഷ്യവും ഉല്പാദനത്തെ ഉദ്ദേശിച്ചാണ്. അതുകൊണ്ടു കാർഷികപരിഷ്ക്കാരത്തിലെ ഓരോ കാൽവെപ്പും, പ്രായോഗികരീതിയിൽ നാട്ടിൻപുറത്തെ ഉല്പാദനത്തിന്റെ വളർച്ചയെ പരിഗണിക്കുകയും അതിനോടടുത്തു ബന്ധപ്പെട്ടിരിക്കുകയും വേണം. ഈ അടിസ്ഥാനകാരണവും ലക്ഷ്യവുംകൊണ്ടുതന്നെയാണ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മിററി ഭാവിയിലെ കാർഷികപരിഷ്ക്കാരത്തിൽ ധനികകൃഷിക്കാരുടെ സാമ്പത്തികസ്ഥിതി നിലനിത്തണമെന്നും അവരുടെ സ്വത്തുക്കാം കൈകേറിക്കൂടെന്നും അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇതിന്റെ കാരണം, ധനികകർഷകരുടെ ചില പരിമിതികാംക്കുള്ളിലുള്ള നിലനിൽപ്പും വളർച്ചയും നമ്മുടെ രാജ്യത്തെ ജനകീയ സാമ്പത്തികസ്ഥിതിയുടെ വളർച്ചക്കു ഗുണകരമാണെന്നതാണ്. അതുകൊണ്ട് കർഷകജനസാമാന്യത്തിന്നും അതു ഗുണകരമാണ്.

ചുരുക്കത്തിൽ, കാർഷികപരിഷ്ക്കാരം നടപ്പിലാക്കുന്നതിന്റെ കാരണത്തെപ്പററിയുള്ള എന്റെ വിശദീകരണമിതാണ്.

### ഭൂമി കണ്ടുകെട്ടലും ഏറെറടുക്കലും

താഴെ പറയുന്നവ കണ്ടുകെട്ടുകയോ ഏറെറടുക്കുകയോ ചെയ്യണമെന്നു കരട് കാർഷികപരിഷ്ക്കാരനിയമം വ്യവസ്ഥചെയ്യുന്നു: (1) ജന്മികളുടെ ഭൂമി; (2) പൂർവ്വീകന്മാരെ കുടിയിരുത്തിയിട്ടുള്ള കൊട്ടിലുകളുടെയും ദേവാലയങ്ങളുടേയും സന്യാസിമഠങ്ങളുടേയും പള്ളികളുടേയും സംഘടനകളുടേയും വകയായ നാട്ടിൻപുറത്തുള്ള ഭൂമിയും പൊതുസംഘങ്ങളുടെ വകയായ മററു ഭൂമികളും; (3) വ്യവസായികാംക്കും കച്ചവടക്കാക്കും നാട്ടിൻപുറത്തുള്ള ഭൂമി; (4) മററു ജോലിയുള്ളതുകൊണ്ടോ കൃഷിചെയ്യാൻ കഴിവില്ലാത്തതുകൊണ്ടോ പാട്ടത്തിനു

കൊടുക്കുന്ന ഭൂമി ആ പ്രദേശത്തു ശരാശരി വിഹിതത്തിന്റെ രണ്ടിരട്ടിയിലധികം വരുമെങ്കിൽ അതും അർദ്ധജന്മിരീതിയിലുള്ള ധനികകൃഷിക്കാർ പാട്ടത്തിനു കൊടുക്കുന്ന ഭൂമിയും. അത്തരം ഉദാഹരണങ്ങളിലൊഴികെ, ധനികകൃഷിക്കാരുടെ വകയായ ഭൂമിയും മററു സ്വത്തുക്കളും എടുത്തുകൂടാ. ഇടത്തരം കൃഷിക്കാരുടേയും സാധുകൃഷിക്കാരുടേയും കർഷകത്തൊഴിലാളികളുടേയും നാട്ടിൻപുറത്തുള്ള മററുള്ളവരുടേയും ഭൂമിയും മററു സ്വത്തുക്കളും എടുത്തുകൂടാ.

ഇവിടെ തുണ്ടുഭൂമികൾ പാട്ടത്തിനു കൊടുക്കുന്നതു നാമനുവദിക്കുന്നു, അവ എടുക്കുന്നില്ല. ഇതുകൊണ്ട് നാട്ടിൻപുറത്തെ ഉല്പാദനത്തിനു ചില ദൂഷ്യങ്ങളുണ്ട്, എന്നാൽ അത്തരം ദൂഷ്യങ്ങൾ വലുതല്ല, കാരണം നമ്മുടെ മതിപ്പിൽ ഇങ്ങനെ പാട്ടത്തിനു കൊടുക്കുന്ന തുണ്ടുഭൂമികളുടെ ആകത്തുക ആകെ കൃഷിചെയ്യുന്ന ഭൂമിയുടെ 3 മുതൽ 5 വരെ ശതമാനത്തിൽ കൂടുതലില്ല. മററു ജോലികളുള്ളതുകൊണ്ടോ അദ്ധ്വാനശക്തിയില്ലാത്തതുകൊണ്ടോ തുണ്ടുഭൂമികൾ പാട്ടത്തിനു കൊടുക്കുന്ന, വിപ്ലവത്തിൽ പങ്കെടുത്ത പട്ടാളക്കാർക്കും രക്തസാക്ഷികളുടെ ആശ്രിതർക്കും തൊഴിലാളികൾക്കും കൂലിക്കാർക്കും തൊഴിൽക്കാർക്കും മററും പരിഗണന നൽകേണ്ടതും ആവശ്യമാണ്.

ഇതിനുള്ള കാരണം, ചൈനക്ക് തൊഴിലില്ലാത്തവർക്കോ അദ്ധ്വാനശക്തി നഷ്ടപ്പെട്ടവർക്കോ വേണ്ടിയുള്ള സാമൂഹ്യജീവരക്ഷാധനം (ഇൻഷുറൻസ്) ഉണ്ടായിക്കഴിഞ്ഞിട്ടില്ലെന്നതാണ്. അതിനും പുറമെ, അത്തരം ഭൂമിയിലധികവും വ്യക്തികൾ ഇളവില്ലാതെ അദ്ധ്വാനിച്ച് ബുദ്ധിമുട്ടി നേടിയ സമ്പാദ്യംകൊണ്ട് വിലക്കു വാങ്ങിയിട്ടുള്ളതാണ്. അതുകൊണ്ട്, അങ്ങിനെയുള്ളവരെ, അവരുടെ ഭൂമിയുടെ ഈ ഭാഗം കൈവശംവെക്കുവാനും അതു പാട്ടത്തിനു കൊടുക്കുകയോ സ്വന്തമായി കൃഷി ചെയ്യുകയോ ചെയ്യാനനുവദിക്കുന്നതുകൊണ്ടു ചില മെച്ചങ്ങളുണ്ട്.

ധനികകൃഷിക്കാരുടെ ഭൂമിയും മററു സ്വത്തുക്കളും സംബന്ധിച്ച് കരടു കാർഷികപരിഷ്കാരനിയമത്തിന്റെ 6-ാം നിയമം വ്യക്തമായി പറയുന്നു:

ഒന്നാമതായി, ധനികകൃഷിക്കാർ തനിച്ചോ കൂലിക്കാരെക്കൂട്ടിയോ കൃഷിചെയ്യുന്ന അവരുടെ ഭൂമിയും മററു സ്വത്തുക്കളും കയ്യേറിക്കൂടാ, കാരണം ധനികകൃഷിക്കാരുടെ സാമ്പത്തികസ്ഥിതി അങ്ങിനെമാത്രമേ നിലനിർത്താൻ കഴിയൂ.

രണ്ടാമതായി ധനികകൃഷിക്കാർ പാട്ടത്തിന്നു കൊടുക്കുന്ന തുണ്ടുഭൂമികൾ എടുത്തുകൂടാ. എന്നാൽ ചില പ്രത്യേകസ്ഥലങ്ങളിൽ ധനികകൃഷിക്കാർ പാട്ടത്തിന്നുകൊടുക്കുന്ന ഭൂമി സംസ്ഥാനികപടിയിലോ അതിലുമുയർന്നതോ ആയ ജനകീയഗവർമ്മെണ്ടിന്റെ അനുമതിയോടുകൂടി, ഭാഗികമായോ മുഴുവനുമായോ എടുക്കാവുന്നതാണ്. കാരണം, പൊതുവിൽ, ധനികകൃഷിക്കാർ പാട്ടത്തിന്നു കൊടുക്കുന്ന തുണ്ടുഭൂമികളുടെ ആകത്തുക വലുതല്ല. ഫലപ്രദമായി ധനികകൃഷിക്കാരുടെ എതിർപ്പില്ലാതാക്കുന്നതിന്നും ഇടത്തരം കൃഷിക്കാരേയും ചെറിയ ഭൂനായകന്മാരേയും സംരക്ഷിക്കുന്നതിന്നും പാട്ടത്തിന്നുകൊടുക്കുന്ന ഭൂമിയുടെ ഈ ഭാഗം കൈവശം വെക്കാൻ ധനികകൃഷിക്കാരെ അനുവദിക്കേണ്ടതാവശ്യമാണ്.

എന്നാൽ ചില പ്രത്യേകസ്ഥലങ്ങളിലെ സ്ഥിതി വ്യത്യസ്തമാണ്, ധനികകൃഷിക്കാർ പാട്ടത്തിന്നുകൊടുക്കുന്ന ഭൂമിയുടെ വലുപ്പം ഗണ്യമായതാണ്, അതെടുത്തില്ലെങ്കിൽ സാധുകൃഷിക്കാർക്ക് വേണ്ടത്ര ഭൂമികിട്ടാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഈ സ്ഥലങ്ങളിൽ ഈ പ്രശ്നം പരിഹരിക്കാനായി, ധനികകൃഷിക്കാർ പാട്ടത്തിന്നു കൊടുക്കുന്ന ഭൂമി, സംസ്ഥാനികപടിയിലോ അതിലുമുയർന്നതോ ആയ ജനകീയഗവർമ്മെണ്ട് ശരിവെക്കുന്ന പക്ഷം, ഭാഗികമായോ മൊത്തമായോ ഗവർമ്മെണ്ടിന്നെടുക്കാവുന്നതാണ്.

മൂന്നാമതായി, ചുരുക്കം ധനികകൃഷിക്കാർ പാട്ടത്തിന്നു കൊടുക്കുന്ന വളരെയധികം ഭൂമികൾ ഭാഗികമായോ മൊത്തമായോ ഗവർമ്മെണ്ട് എടുക്കണം. ഉദാഹരണത്തിന്നു ഒരു ധനികകൃഷിക്കാരൻ തനിച്ചോ കൂലിക്കാരെക്കൂട്ടിയോ കൃഷിചെയ്യുന്നതിലധികം ഭൂമി പാട്ടത്തിന്നുകൊടുക്കുന്നുവെങ്കിൽ അയാളെ കേവലമൊരു ധനികകൃഷി

ക്കാരനല്ല; അർദ്ധജന്മിരീതിയിലുള്ള ഒരു ധനികകൃഷിക്കാരനാണ്. അതുകൊണ്ട് അർദ്ധജന്മിരീതിയിലുള്ള ധനികകൃഷിക്കാർ തനിച്ചോ കൂലിക്കാരെ കൂട്ടിയോ കൃഷിചെയ്യുന്നതിലും വളരെ വലിയ ഭൂമികൾ പാട്ടത്തിനു കൊടുക്കുന്ന ദിക്കിൽ പാട്ടത്തിനു കൊടുത്തിട്ടുള്ള ഭാഗം ഗവർമ്മെണ്ടെടുക്കണമെന്നു കരട് കാർഷികപരിഷ്ക്കാരനിയമം വ്യവസ്ഥചെയ്യുന്നു.

പിന്നെ, കൊല്ലം മുഴുവനും പ്രധാന കാർഷികവേലയിലേർപ്പെട്ടിരിക്കുന്നവരും തങ്ങളുടെ ഭൂമിയുടെ ഒരു ഭാഗം സ്വയം കൃഷിചെയ്കയും പ്രധാനഭാഗം പാട്ടത്തിനുകൊടുക്കുകയും ചെയ്യുന്നവരുമായ ജന്മികുടുംബാംഗങ്ങളുണ്ട്. ഒരു ജന്മികുടുംബത്തിലെ അങ്ങിനെയുള്ള ആളുകൾക്ക് പരിഗണന നൽകണം. അവർ സ്വന്തമായി കൃഷിചെയ്യുന്ന ഭൂമി വേണ്ട മാററങ്ങളെല്ലാം ചെയ്ത ശേഷം അടിസ്ഥാനപരമായി അവക്ക് നിലനിർത്താവുന്നതാണ്, പക്ഷെ ബാക്കിഭാഗം കണ്ടുകെട്ടണം.

ജന്മികളുടെ കന്നുകാലികളും കാർഷികോപകരണങ്ങളും മിച്ചമുള്ള ധാന്യവും നാട്ടിൻപുറത്തുള്ള മിച്ച വീടുകളും അവരുടെ ഭൂമിയോടൊപ്പംതന്നെ കണ്ടുകെട്ടണം. വീട്ടുസാമാനങ്ങളും കണ്ടുകെട്ടി വീടിനോടൊത്തു വിതരണം ചെയ്യണം, എന്നാൽ സൌകര്യംപോലെ അവ മാററിക്കൊള്ളിക്കാവുന്നതാണ്. മിച്ചധാന്യമെന്നതുകൊണ്ടുദ്ദേശിക്കുന്നത്, പാട്ടത്തിൽ കിഴിവുചെയ്തും പൊതുവിലേയ്ക്കു കൊടുക്കേണ്ടതു കൊടുത്തുകഴിഞ്ഞശേഷം ജന്മിമാർക്കു അവരുടെ ഭക്ഷണാവശ്യത്തിൽ കവിഞ്ഞുള്ളതു എന്നാണ്. മിച്ചവീടുകൾ എന്നുവെച്ചാൽ ജന്മിമാർക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായതിൽ കവിഞ്ഞുള്ളത് എന്നാണർത്ഥം. ഈ മിച്ചധാന്യവും മിച്ചവീടുകളും, വീട്ടുസാമാനങ്ങളും കന്നുകാലികളും കാർഷികോപകരണങ്ങളും ഭൂമികളോടൊപ്പംതന്നെ കണ്ടുകെട്ടുകയും വിതരണം ചെയ്യുകയും ചെയ്യേണ്ടതാവശ്യമാണ്, എന്നാൽ അതേസമയത്തു ജന്മിമാർക്കും ഓഹരി നിർത്തുകയോ വിതരണം ചെയ്യുകയോ വേ

ന്നം. ഇതിന്റെ കാരണം, ഇവ കാർഷികോല്പാദനത്തിന്റെ പ്രധാന ഉപകരണങ്ങളാണെന്നുള്ളതാണ്. കൃഷിക്കാർക്കു ഭൂമി കിട്ടിക്കഴിഞ്ഞാൽ ഉല്പാദനം നടത്തണമെങ്കിൽ അങ്ങിനെയുള്ള ഉപകരണങ്ങൾ ഉണ്ടായിരിക്കണം.

കേവലം ജന്മിമാരുടെ ഉല്പാദനോപകരണങ്ങൾ പങ്കുവെക്കുന്നതുകൊണ്ടു തീച്ചയായും കൃഷിക്കാർക്കേതും മതിയാവില്ല. ഉല്പാദനപ്രശ്നം പരിഹരിക്കാൻവേണ്ടി അവർ ഗവർമ്മേണ്ടിന്റെ സഹായത്തോടുകൂടി സ്വയം തീവ്രാദ്ധ്വാനം ചെയ്യുകയും പരസ്പരം സഹായിക്കുകയും വേണം.

മുകളിൽ പറഞ്ഞ ഉദാഹരണങ്ങളൊഴിച്ച്, ജന്മിമാരുടെ വ്യാവസായികവും വ്യാപാരപരവുമായ ഏർപ്പാടുകളുൾപ്പെടെയുള്ള മററു സ്വത്തുക്കൾ കണ്ടുകെട്ടിക്കൂടാ. തീച്ചയായും വളരെക്കാലത്തെ ചൂഷണംകൊണ്ട് ജന്മിമാർക്കു മററനവധി സ്വത്തുക്കളുണ്ട്. പഴയ അനുഭവംവെച്ചുനോക്കുമ്പോൾ ജന്മിമാരുടെ ഈ സ്വത്തുക്കളെല്ലാം കണ്ടുകെട്ടി വിതരണം ചെയ്യുന്നപക്ഷം, അവരതു് ഒളിപ്പിക്കുകയും ഛിന്നിപ്പിക്കുകയും ചെയ്യും, കൃഷിക്കാർ അതു് തിരയാനും തുടങ്ങും. അങ്ങിനെ എളുപ്പം കുഴപ്പങ്ങൾ പൊന്തിവരും, വളരെ വമ്പിച്ച സാമൂഹ്യധനം വ്യർത്ഥമാക്കാനും നശിപ്പിക്കാനുമിടവരും. അതുകൊണ്ടീ സ്വത്തുക്കൾ കൈവശംവെക്കാൻ ജന്മിമാരെ അനുവദിക്കുന്നതാണ് നല്ലതു്. അങ്ങിനെ ഈ സ്വത്തുക്കൾകൊണ്ട് അവർക്കുപജീവിക്കാം, അല്ലെങ്കിൽ അവക്കുളെ ഉല്പാദനത്തിൽ മുതലിറക്കാം. ഇതും സമുദായത്തിനു ഗുണകരമാണ്. ഭാവി കാർഷികപരിഷ്ക്കാരത്തിൽ ജന്മിമാരോടിത്തരത്തിൽ പെരുമാറുന്നതു് കഴിഞ്ഞകാലത്തേതിലും വളരെ അധികം ദാക്ഷിണ്യപൂർവ്വകമാണ്.

എങ്കിലും, അനേകം ജന്മികൾ കാർഷികപരിഷ്ക്കാരത്തേയും ജനകീയഗവർമ്മേണ്ടിനേയും വാശിയോടെ എതിർക്കുകയും അട്ടിമറിക്കുകയും ചെയ്യുക്കാം. അത്തരം മക്കടമുഷ്ടിക്കാരായ പി

ന്തിരിപ്പൻജന്മികളെ നാം കരുതലോടെ ശിക്ഷിക്കണം, അവരോടു ദാക്ഷിണ്യം കാണിക്കരുത്, അവരെ അവരുടെ ഇഷ്ടത്തിന്നു വിട്ടുകയുമരുത്.

ജന്മിവർഗ്ഗത്തിൽ ചിലർ, കാർഷികപരിഷ്ക്കാരത്തിനിടക്കും അതിന്നുമുമ്പും, കന്നുകാലികളെ ഭയപ്പെടുത്തുകയും കൊല്ലുകയും ചെയ്യുക, വൃക്ഷങ്ങൾ, കാർഷികോപകരണങ്ങൾ, ജലസംഭരണപദ്ധതികൾ, കെട്ടിടങ്ങൾ വിളവുകൾ, വീട്ടുസാമാനങ്ങൾ എന്നിവ നശിപ്പിക്കുക തുടങ്ങിയ അട്ടിമറി നടത്തും. എല്ലാംപ്പടിയിലുമുള്ള ജനകീയഗവർമ്മേണ്ടുകൾ, ഇത്തരം പ്രവൃത്തനങ്ങളെ കശ്നമായി തടയാൻ രാജ്യത്തൊട്ടാകെ വിസ്തരിച്ച നടപടിക്രമങ്ങൾ ഉണ്ടാക്കണം. തങ്ങളുടെ കൈവശമുള്ള സ്വത്തുക്കളെ നല്ലപോലെ സൂക്ഷിക്കാതിരുന്നാൽ ജന്മികൾ ഉത്തരം പറയേണ്ടിവരും, അവർ അവ നശിപ്പിക്കുകയോ, ഒളിച്ചുവെക്കുകയോ ഛിന്നിപ്പിക്കുകയോ വില്ക്കുകയോ ചെയ്തുകൂടാ. ഈ നിയമത്തെ ലംഘിച്ചാൽ അവർ നഷ്ടം കൊടുക്കുകയോ ശിക്ഷയനുഭവിക്കുകയോ ചെയ്യണം. അങ്ങിനെയുള്ള സ്വത്തു നശിപ്പിക്കുന്ന ജന്മികളല്ലാത്തവരും ശിക്ഷിക്കപ്പെടണം.

## ധനികകർഷകസാമ്പത്തികസ്ഥിതി നിലനിർത്തുക

ധനികകൃഷിക്കാരുടെ ഭൂമിയും മററു സ്വത്തുക്കളും സംബന്ധിച്ചു കരടു കാർഷികപരിഷ്ക്കാരനിയമത്തിലുള്ള നാനാവ്യവസ്ഥകളുടെ ലക്ഷ്യം ധനികകൃഷിക്കാരന്റെ സാമ്പത്തികസ്ഥിതി നിലനിർത്തുകയും ഭൂപരിഷ്ക്കാരത്തിനിടയിൽ രാഷ്ട്രീയമായി ധനികകൃഷിക്കാരുടെ എതിർപ്പില്ലാതാക്കുകയും ജന്മിവർഗ്ഗത്തെ ഒററപ്പെടുത്താൻവേണ്ടി ഇടത്തരം കൃഷിക്കാർക്കും തുണ്ടുഭൂമികൾ പാട്ടത്തിന്നു കൊടുക്കുന്നവർക്കും കൂടുതൽ നല്ല സംരക്ഷണം നൽകുകയും കാർഷികപരിഷ്ക്കാരം നടപ്പിലാക്കുന്നതിന്നു ജനങ്ങളെയാകെ ഏകീകരിക്കുകയും നാടുവാഴിവ്യവസ്ഥയെ ചിട്ടയായരീതിയിൽ ഇല്ലായ്മ ചെയ്യുകയുമാണ്.

കഴിഞ്ഞ കാലത്ത്, കാർഷികപരിഷ്ക്കാരത്തിനിടയിൽ ധനികകൃഷിക്കാരുടെ മിച്ചഭൂമിയും മററു സ്വത്തുക്കളും പിടിച്ചെടുക്കാൻ നാം കൃഷിക്കാരെയനുവദിക്കുകയും ഇപ്പോഠം ആസന്നമായ കാർഷികപരിഷ്ക്കാരത്തിൽ ധനികകൃഷിക്കാരന്റെ സാമ്പത്തികസ്ഥിതി നിലനിർത്തണമെന്നു നാം വാദിക്കുകയും ചെയ്യുന്നതെന്തുകൊണ്ടാണ്? അതിന്റെ പ്രധാന കാരണം ഇപ്പോഴത്തെ രാഷ്ട്രീയ–സൈനികസ്ഥിതി അടിസ്ഥാനപരമായും വിഭിന്നമാണെന്നതാണ്.

മുമ്പ്, രണ്ടുകൊല്ലംമാത്രം മുമ്പ്, വിപ്ലവപരമായ ജനകീയശക്തികളും എതിർവിപ്ലവശക്തികളും തമ്മിൽ ഒരു കഠോരയുദ്ധം നടക്കുകയായിരുന്നു. ജനകീയശക്തികഠം താരതമ്യേന താഴെപ്പടിയിലായിരുന്നു, യുദ്ധത്തിന്റെ ഫലം തീരുമാനിക്കപ്പെട്ടിരുന്നുമില്ല.

ഒരു പക്ഷത്ത്, ധനികകൃഷിക്കാർ ജനങ്ങഠം യുദ്ധം ജയിക്കുമെന്നു വിശ്വസിച്ചില്ല, കാർഷികപരിഷ്ക്കാരത്തേയും ജനകീയ വിപ്ലവയുദ്ധത്തേയും എതിർക്കുവാൻ അവർ ജന്മിമാരുടേയും ചിയാങ്ങ്കായ്-ഷെക്കിന്റെയും ഭാഗത്തേക്കു ചാഞ്ഞു. മററേ പക്ഷത്ത്, വമ്പിച്ച ത്യാഗം സഹിച്ച് കൃഷിക്കാർ പട്ടാളക്കാരേയും പൊതുധാന്യവും യുദ്ധത്തെ സഹായിക്കാനുള്ള അദ്ധ്വാനസേവനവും നൽകി വിജയത്തിനുവേണ്ടി പരിശ്രമിക്കണമെന്നത് ജനകീയ വിപ്ലവയുദ്ധത്തിന്റെ ആവശ്യവുമായിരുന്നു. യുദ്ധത്തിൽ വിജയത്തിനുവേണ്ടി പരിശ്രമിക്കുന്നതു ചൈനീസ് ജനതയുടെ ഏററവും വമ്പിച്ച താല്പര്യമായിരുന്നു, എന്തും ഈ ആവശ്യത്തിന് കീഴ്പ്പെടുത്തേണ്ടിയിരുന്നു.

അങ്ങിനെയുള്ള ഒരു സമയത്തു മാത്രമാണ്, പാവപ്പെട്ട കൃഷിക്കാരുടെ ആവശ്യങ്ങളെ കൂടുതലായി നികത്താനും, ജനകീയ വിപ്ലവയുദ്ധത്തിൽ പങ്കെടുക്കുകയും അതിനെ സഹായിക്കുകയും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പിന്തുണയോടുകൂടിയ ചിയാ

ങ്കായ്-ഷെക്കിന്റെ ഭരണത്തെ പുഴക്കിയെറിയുകയും ചെ
യ്യാൻവേണ്ടി കൃഷിക്കാരുടെ വിപ്ലവപരമായ ആവേശത്തെ ഒരേയ
റ്റപടിയിലേയ്ക്കു തട്ടിയുണർത്താനും കഴിയുമാറ് ധനികകൃഷിക്കാരു
ടെ മിച്ചമുള്ള ഭൂമിയും സ്വത്തുക്കളും പിടിച്ചെടുക്കാനും ജന്മിമാരുടെ
എല്ലാ സ്വത്തും കണ്ടുകെട്ടാനും നാം കൃഷിക്കാരെ അനുവദിച്ചത്.

ഇത് ആ സമയത്ത് ആവശ്യവും ശരിയുമായിരുന്നു, അന്ന്
സ്വതന്ത്രമാക്കപ്പെട്ട പ്രദേശങ്ങളിൽ അങ്ങേഅററം സമഗ്രമായ
കാർഷികപരിഷ്ക്കാരം നടത്തുകയും പാവപ്പെട്ട കൃഷിക്കാരുടെ
ആവശ്യങ്ങളെ തികച്ചും തൃപ്തിപ്പെടുത്തുകയും ചെയ്തിരുന്നില്ലെങ്കിൽ
വിഷമതകളെ തരണം ചെയ്യാൻ കഴിയുമായിരുന്നില്ല.

ഇപ്പോഴത്തെ സ്ഥിതി കഴിഞ്ഞ കാലത്തേതിൽനിന്നു സാര
ത്തിൽ വ്യത്യസ്തമായിക്കഴിഞ്ഞിരിക്കുന്നു. ജനകീയവിപ്ലവയുദ്ധം
രാജ്യത്തു പൊതുവേ അവസാനിച്ചു, ചിയാങ്ങ്-കായ്-ഷെക്ക്
കൊള്ളക്കാർ സംശയാതീതമാംവണ്ണം അവസാനനാശത്തിലേയ്ക്കടി
ഞ്ഞു. കൃഷിക്കാരിൽനിന്നാവശ്യമായ രണ്ടു വലിയ കടമകൾ—
സൈനികസേവനവും അദ്ധ്വാനസേവനവും—തികച്ചും പരിസ
മാപ്തിയിലെത്തി. പൊതുധാന്യമെടുപ്പിന്റെ ഭാരവും താരതമ്യേന
ലഘൂകരിക്കപ്പെട്ടു.

രാജ്യത്തൊട്ടുക്കും ജനങ്ങൾക്കുള്ള ഇന്നത്തെ അടിസ്ഥാനകടമ
രാജ്യവ്യാപിയായ തോതിൽ സാമ്പത്തികനിർമ്മാണം നടത്തുകയാ
ണ്. തെയ്‌വാനുവേണ്ടിയുള്ള സമരം ഒരു വമ്പിച്ച കടമയായി
നില്ക്കുന്നു, പക്ഷേ ജനകീയവിമോചനസേനയ്ക്ക് അതു വഹിക്കു
വാൻ വേണ്ടത്ര ശക്തിയുണ്ട്. ഇപ്പോൾ നമുക്കുള്ള വിഷമതകൾ ക
ഴിഞ്ഞ കാലത്തെ യുദ്ധത്തിൽ നമുക്കു നേരിടേണ്ടിവന്നതിൽനിന്നും
സ്വഭാവത്തിൽ വ്യത്യസ്തമാണ്.

നമ്മുടെ ഇപ്പോഴത്തെ വിഷമതകൾ പ്രധാനമായും സാമ്പ
ത്തികമാണ്, സാമ്പത്തികവ്യവസ്ഥിതി പുനഃസ്ഥാപിക്കുകയും പ
രിഷ്ക്കരിക്കുകയും വളർത്തുകയും ചെയ്യുന്നതിനിടയ്ക്കുത്ഭവിക്കുന്ന
വിഷമതകൾ.

അതേസമയത്തുതന്നെ എല്ലാം ദേശീയ ജനതകളുടേയും, എല്ലാം ജനാധിപത്യപരമായ വർഗ്ഗങ്ങളുടേയും രാജ്യത്തൊട്ടുക്കമുള്ള എല്ലാം ജനാധിപത്യപരമായ പാർട്ടികളുടേയും ഗ്രൂപ്പുകളുടേയും സംഘടനകളുടേയും മഹത്തായ വിപ്ലവപരമായ ഐക്യം രാഷ്ട്രീയമായും സംഘടനാപരമായും സ്ഥാപിതമായിക്കഴിഞ്ഞിരിയ്ക്കുന്നു. ധനികകൃഷിക്കാരുടെ രാഷ്ട്രീയമനോഭാവത്തിന്നു പൊതുവേ ഒരു മാററവുമുണ്ടായിട്ടുണ്ട്.

ധനികകർഷകസാമ്പത്തികസ്ഥിതി നിലനിത്തുന്ന ഒരു നയം, ജനകീയഗവണ്മെണ്ടു തുടരുന്നപക്ഷം ധനികകൃഷിക്കാരെ പൊതുവേ ഒരു നിഷ്പക്ഷനിലയിലേക്കു കൊണ്ടുവരാൻ സാദ്ധ്യമാണ്, ഇടത്തരം കൃഷിക്കാൎക്കു കൂടുതൽ നല്ല സംരക്ഷണവും നൽകാൻ കഴിയും, അങ്ങിനെ ഉല്പാദനത്തിൻെറ വളർച്ചക്കിടയിൽ കൃഷിക്കാരുടെ ചില അനാവശ്യമായ സംശയങ്ങളെ ദൂരീകരിക്കാം. അതുകൊണ്ടു ഇന്നത്തെ ഘട്ടത്തിൽ ആസന്നമായ കാർഷികപരിഷ്ക്കാരത്തിൽ ധനികകർഷകസാമ്പത്തികസ്ഥിതി നിലനിത്തുന്ന ഒരു നയമംഗീകരിക്കേണ്ടതു് രാഷ്ട്രീയമായും സാമ്പത്തികമായും ആവശ്യമാണ്. അതു് ഇപ്പോഴത്തെ വിഷമതകളെ തരണംചെയ്യാൻ സഹായിക്കുകയും അങ്ങിനെ നമ്മുടെ രാജ്യത്തിന്നും ജനങ്ങൾക്കും ഗുണകരമാകയും ചെയ്യും.

1946 ജൂലായ്ക്കും 1947 ഒക്ടോബറിന്നുമിടക്കുള്ള ഘട്ടത്തിൽ കർഷകബഹുജനങ്ങളും നമ്മുടെ നാട്ടിൻപുറത്തെ പ്രവൎത്തകരും വടക്കൻചൈനയിലും ഷാൻടങ്ങിലും വടക്കുകിഴക്കൻ ചൈനയിലും അനേകം സ്ഥലങ്ങളിൽ കാർഷികപരിഷ്ക്കാരം നടപ്പിലാക്കുന്നതിനിടയിൽ, ധനികകൃഷിക്കാരുടെ ഭൂമിയും സ്വത്തും അധികമധികം കയ്യേറിക്കളകടന്നു 1946 മേയ് 4-ാംനു- ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മിററി പുറപ്പെടുവിച്ച നിർദ്ദേശമനുസരിക്കുകയുണ്ടായില്ല.

അതിന്നു പകരം, അവർ ജന്മിമാരുടേതിനോടൊപ്പം ധനികകൃഷിക്കാരുടേയും ഭൂമിയും സ്വത്തുക്കളും വിവേചനരഹിതമായി

കണ്ടുകെട്ടി. ഇതു മനസ്സിലാക്കാം. എന്തുകൊണ്ടെന്നാൽ ചൈനീസ് ജനങ്ങളും കോമിന്താങ്ങ് പിന്തിരിപ്പന്മാരും തമ്മിൽ ഏററവും ചൂടുപിടിച്ച കഠിനസമരം നടന്നിരുന്ന ഒരു കാലഘട്ടമായിരുന്നു ഇത്. ഈ ഘട്ടത്തിലാണ് കാർഷികപരിഷ്കാരത്തിലുണ്ടായ മിക്ക പാളിച്ചകളും സംഭവിച്ചത്. അവയിൽ ഇടത്തരം കൃഷിക്കാരുടെ താല്പര്യങ്ങൾ കയ്യേറി നാട്ടിൻപുറങ്ങളിലുള്ള വ്യവസായത്തിൽ കച്ചവടത്തിനും ഭാഗികമായി തകരാറുവരുത്തി, ചില പ്രദേശങ്ങളിൽ വിവേചനരഹിതമായ തല്ലലും കൊല്ലലും നടന്നു.

ഇതെല്ലാം സംഭവിച്ചത് പ്രധാനമായും അന്നത്തെ രാഷ്ട്രീയവും പട്ടാളപരവുമായ ഗൗരവഘട്ടംകൊണ്ടാണ്. നമ്മുടെ നാട്ടിൻപുറത്തെ പ്രവത്തകരിൽ മിക്കവൎക്കും കാർഷികപരിഷ്കാരം നടപ്പാക്കുന്നതിൽ പരിചയമുണ്ടായിരുന്നില്ലെന്നതും അതിൻെറ കാരണമാണ്. നാട്ടിൻപുറങ്ങളിലെ വൎഗ്ഗങ്ങളുടെ നിലയെ ശരിയായി നിൎണ്ണയിക്കാൻ അവൎക്കറിഞ്ഞുകൂടായിരുന്നു, പല ഉദാഹരണങ്ങളിലും അവർ ധനികകൃഷിക്കാരെ ജന്മികളായും ഇടത്തരം കൃഷിക്കാരെ ധനികകൃഷിക്കാരായും തെററിദ്ധരിച്ചു.

ഈ സ്ഥിതിയെ വീക്ഷിച്ചുകൊണ്ട് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മററി 1947 ഒക്ടോബർ 10-ാംനു- കാർഷികനിയമത്തിൻെറ ഒരു സാമാന്യരൂപം പ്രസിദ്ധപ്പെടുത്തി. അതിൻകീഴിൽ ധനികകൃഷിക്കാരുടേയും ജന്മികളുടേയും വൎഗ്ഗനിലകൾ തമ്മിൽ വ്യത്യാസം കല്പിച്ചു, എന്നാൽ ധനികകൃഷിക്കാരുടെ മിച്ചഭൂമിയും സ്വത്തുക്കളും പിടിച്ചെടുക്കാനനുവദിച്ചു.

അതേകൊല്ലം മഞ്ഞുകാലത്ത് ചൈനീസ്കമ്യൂണിസ്റ്റ്പാർട്ടിയുടെ കേന്ദ്രക്കമ്മററി നാട്ടിൻപുറത്തുള്ള വൎഗ്ഗങ്ങളുടെ നില വേർതിരിച്ചു കാണിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ചെയർമാനായ മാവോസേ-തുങ്ങ് "ഇന്നത്തെ ഘട്ടവും നമ്മുടെ കടമക"ളേയും പററി ഒരു പ്രസ്താവന പുറപ്പെടുവിച്ചു, സഖാവ് ജെൻ പി-ഷി

കാർഷികപരിഷ്ക്കരണത്തിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച ഒരു പ്രസംഗവും ചെയ്തു.

അതിനുശേഷം, നാട്ടിൻപുറങ്ങളിലെ ചില കുഴപ്പങ്ങൾ അവസാനിക്കുകയും കാർഷികപരിഷ്ക്കാരം ശരിയായ മാർഗ്ഗത്തിൽ ഇടുകയും ചെയ്തു.

പുതുതായി വിമോചിപ്പിക്കപ്പെട്ട പ്രദേശങ്ങളിൽ നമ്മുടെ സഖാക്കൾ കാർഷികപരിഷ്ക്കാരം നടപ്പിൽവരുത്തുമ്പോൾ മുമ്പുണ്ടായ തെററുകൾ ആവത്തിക്കാതിരിക്കത്തക്കവണ്ണം കഴിഞ്ഞകാലത്തെ അനുഭവങ്ങളിലേയ്ക്കു ശ്രദ്ധ തിരിക്കേണ്ടതാവശ്യമാണ്.

ഇപ്പോൾ നാം തികച്ചും പുതിയ പരിതഃസ്ഥിതികളിലാണ്, നമ്മുടെ പാർട്ടിഷ്ടമായ കാർഷികപരിഷ്ക്കാരനിയമത്തിൽ നാടുവാഴി സമ്പ്രദായം നീക്കംചെയ്യുകയും ധനികകർഷകസാമ്പത്തികസ്ഥിതി നിലനിത്തുകയും ചെയ്യുന്ന നയമനുവത്തിക്കേണ്ടതേററവും ആവശ്യമാണ്.

നാമനുവത്തിക്കുന്ന ധനികകഷ്കസാമ്പത്തികസ്ഥിതി നിലനിത്തുന്ന നയം തീച്ചയായും ഒരു താല്ക്കാലികനയമല്ല, ദീഘകാലനയമാണ്. അതായതു് പുതിയ ജനാധിപത്യത്തിന്റെ ഘട്ടത്തിൽ മുഴുവനും ധനികകർഷകസാമ്പത്തികസ്ഥിതി നിലനിത്തും. യന്ത്രീകൃതമായ കൃഷി വിപുലമായ തോതിൽ പ്രയോഗിക്കുവാനും, കൂട്ടുകൃഷിസ്ഥലങ്ങൾ സംഘടിപ്പിക്കുവാനും നാട്ടിൻപുറപ്രദേശങ്ങളിൽ സോഷ്യലിസ്റ്റ് പുനഃസ്സംവിധാനം കൊണ്ടുവരുവാനുമുള്ള പരിതഃസ്ഥിതികൾ പക്വമായാൽ മാത്രമേ ധനിക കർഷകസാമ്പത്തികസ്ഥിതി അവസാനിക്കുകയുള്ളു, ഇതു സാധിക്കുവാൻ ഏറെക്കുറെ ഒരു നീണ്ട കാലമെടുക്കും.

ഇതുകൊണ്ടാണ് ഇപ്പോൾ നാം ധനികകർഷകസാമ്പത്തികസ്ഥിതി നിലനിത്തണമെന്നു വാദിക്കുന്നതു്.

തീച്ചയായും കാർഷികപരിഷ്ക്കാരം പൂത്തികരിച്ച പ്രദേശങ്ങളിൽ ഇതുകൊണ്ടു മുതലെടുത്തു് കൃഷിക്കാരിൽനിന്നു ഭൂമി വീണ്ടെ

ടുക്കവാൻ ധനികകൃഷിക്കാരെ അനുവദിക്കുന്നതല്ല; അങ്ങിനെ സംഭവിച്ചാൽ, അവരെ കർശനമായും തടയണം.

## ഭൂമിവിതരണം സംബന്ധിച്ച ചില പ്രശ്നങ്ങൾ

ഭൂമി എങ്ങിനെ വിതരണം ചെയ്യണമെന്ന പ്രശ്നത്തെസംബന്ധിച്ചു പറയുമ്പോൾ, ഇതു, ഇപ്പോൾ കൃഷിചെയ്യുന്നവരുടെ കൈവശമുള്ള ഭൂമിയെ അടിസ്ഥാനമാക്കിയും ഇപ്പോൾ ഭൂമിയിൽ കൃഷിചെയ്യുന്നവരുടെ താല്പര്യങ്ങളെ വേണ്ടപോലെ കണക്കാക്കിയും, കുറച്ചും കൂട്ടിയും മാററിക്കൊള്ളിച്ചുമുള്ള വിതരണത്തിന്റെ ഒരു പ്രശ്നമാണെന്നാദ്യമേതന്നെ വ്യക്തമാക്കേണ്ടതുണ്ടു്.

ഈ അടിസ്ഥാനത്തിലുള്ള ഭൂവിതരണം വർദ്ധിച്ചതും അനാവശ്യവുമായ ഭൂമി മാററങ്ങൾ കൂടാതെ കഴിക്കുകയും ഉല്പാദനത്തിനു ഗുണകരമാവുകയും ചെയ്യും. പാട്ടത്തിനു കൊടുത്തിരിക്കുന്ന ഭൂമി മററുള്ളവൎക്കു വിതരണം ചെയ്യുമ്പോൾ പഴയ കൃഷിക്കാരെപ്പററി വേണ്ടപോലെ ശ്രദ്ധിക്കണം.

കൃഷിക്കാരനു വിതരണം ചെയ്യുന്ന ഭൂമിയും അവനു സ്വന്തമായുണ്ടെങ്കിൽ അതും കൂട്ടിയാൽ ഒരു പ്രദേശത്തെ ഭൂമിയില്ലാത്തവനും ഭൂദരിദ്രനുമായ കൃഷിക്കാൎക്കു വിതരണത്തിനുശേഷമുണ്ടാവുന്ന ഭൂമിയേക്കാൾ സ്വല്പമായും സമീചീനമായും കൂടുതലായിരിക്കണമെന്നതു് യുക്തമാണു്; അങ്ങിനെ തത്വത്തിൽ ആ പ്രദേശത്തു് ഓരോരുത്തനുമുള്ള ശരാശരിയോടടുത്ത വിസ്തീർണ്ണമുള്ള ഭൂമി ലഭിക്കാൻ കൃഷിക്കാൎക്കു സാധിക്കണം. കൃഷിക്കാർ പാട്ടത്തിനു വാങ്ങിയിട്ടുള്ള ഭൂമിയിൽനിന്നു വളരെ അധികമെടുക്കുന്നതു് അവൎക്കു കുറച്ചു നഷ്ടത്തിനു കാരണമാകും, പക്ഷേ അവൎക്കു പരിഗണന നല്കുക എന്നു വെച്ചാൽ അവർ സഹിക്കേണ്ടിവരുന്ന നഷ്ടം അല്പീകരിക്കുകയോ ഒട്ടുമില്ലാതാക്കുകയോ ചെയ്യുക എന്നാണൎത്ഥം. ഇതാവശ്യമാണു്

കാർഷികപരിഷ്കാരത്തിനുശേഷം, പാട്ടത്തിനു കൊടുക്കുവാൻ ഒരു ഭാഗം ഭൂമി അവശേഷിക്കും. ഇതു്, വളരെയധികം ഭൂമി വിട്ടേണ്ടിവന്ന കൃഷിക്കാൎക്ക്, അതിനൊത്തപകരവും നഷ്ടപരിഹാരവുമെന്നനിലയ്ക്കു പാട്ടത്തിനു കൊടുക്കണം.

കൃഷിക്കാൎക്കുള്ള ഭൂമിയുടെ ഏററവും നല്ലായഭാഗം ഒട്ടുംതന്നെ എടുത്തുകൂടാ; അഥവാ അല്പംമാത്രമേ എടുക്കാവൂ. അങ്ങിനെയുള്ള ശരിയായ പരിഗണനകൾ നൽകുന്നപക്ഷം കൃഷിക്കാർ തൃപ്തരാവുമെന്നാണ് അനുഭവം കാണിക്കുന്നതു്.

കൃഷിക്കാർ സന്തോഷിക്കും; കാരണം അവർ മററുള്ളവരിൽനിന്നു പാട്ടത്തിനു വാങ്ങിയിട്ടുള്ള ഭൂമി ഇപ്പോൾ അവരുടെ സ്വന്തമാവുന്നു. അവൎക്കു പാട്ടംകൊടുക്കുകയോ ജന്മിമാരെ സന്തോഷിപ്പിക്കുകയോ ചെയ്യേണ്ടതില്ല; അവരുടെ സാമൂഹ്യനില ഉയരുന്നു, അവൎക്കു മററുള്ളവരേക്കാൾ കൂടുതൽ ഭൂമി കിട്ടുന്നു, അവരുടെ സ്ഥിതി മെച്ചപ്പെടുകയും ചെയ്യുന്നു.

ഭൂമിയും മററുല്പാദനോപകരണങ്ങളും വിതരണംചെയ്യുന്നതിനിടയിൽ നാട്ടിൻപുറങ്ങളിലുള്ള ഭൂമിയില്ലാത്തവരും ഭൂദരിദ്രരുമായ ജനസംഖ്യയുടെ ചില പ്രത്യേക പ്രശ്നങ്ങളെ വേണ്ടപോലെ കൈകാര്യം ചെയ്യണം. പ്രാദേശിക ഭൂസ്ഥിതികൾ അനുവദിക്കുന്നപക്ഷം, ഒന്നോ രണ്ടോ അംഗങ്ങളുള്ള പാവപ്പെട്ട കർഷകകുടുംബങ്ങളേപ്പോലെ വേലചെയ്യാൻ കഴിവുള്ള ചിലൎക്കു കൂടുതൽ ഭൂമി നൽകണം.

ഗ്രാമത്തിലെ കൈത്തൊഴിൽക്കാർ, കൊണ്ടുനടന്നു വില്പനക്കാർ, തൊഴിൽക്കാരും അവരുടെ കുടുംബാംഗങ്ങളും, ശമ്പളം വാങ്ങുന്നവരും നാട്ടിൻപുറത്തു താമസിക്കുന്ന കുടുംബങ്ങളുള്ളവരുമായ ജനകീയഗവൎമ്മെണ്ടു ജോലിക്കാരും ജനകീയസംഘടനകളുടെ ജോലിക്കാരും, മറെറവിടെയെങ്കിലും താമസിക്കുന്നവരും നാട്ടിൻപുറത്തു കുടുംബങ്ങളുള്ളവരുമായ മററു ജോലിക്കാർ, തുടങ്ങിയുള്ള ചില

ക്ക് കുറച്ചു ഭൂമി കൊടുക്കുകയോ അഥവാ ഒട്ടുംതന്നെ കൊടുക്കാതിരിക്കുകയോ ചെയ്യാം. സ്വയം കഴിഞ്ഞുകൂടാനുള്ള വരവുള്ളവർക്ക് ഭൂമി കൊടുത്തുകൂടാ, എന്നാൽ കഴിഞ്ഞുകൂടാനുള്ള വരവു സ്ഥിരമായില്ലാത്തവരും അഥവാ വരവു കഴിഞ്ഞുകൂടാൻ മതിയാവാത്തവരുമായ ചിലർക്ക് കുറച്ചു ഭൂമി—ഇതു കൃഷിക്കാർക്കു ലഭിക്കുന്ന ഓഹരിയിൽ കുറവാകാം—കൊടുക്കണം.

ഈ പ്രശ്നങ്ങൾക്ക് വേണ്ടപോലുള്ള പരിഹാരം ഓരോ ഗ്രാമത്തിന്റെയും ഓരോ വ്യക്തിയുടേയും പ്രത്യേക പരിതഃസ്ഥിതികളെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം, അതതു സ്ഥലങ്ങളിലെ കൃഷിക്കാരും വ്യക്തികളുമായി കൂടിയാലോചിച്ചും ചർച്ചചെയ്തും പ്രകൃതമായ തീരുമാനങ്ങളെടുക്കണം.

കരടു കാർഷികപരിഷ്കാരനിയമത്തിൽ പറഞ്ഞിട്ടുള്ള രക്തസാക്ഷികളുടെ ആശ്രിതരിൽ, 1911നുശേഷമുണ്ടായ പലവിധ വിപ്ലവങ്ങളിലും ജാപ്പവിരുദ്ധയുദ്ധത്തിലും ജനകീയ വിമോചനയുദ്ധത്തിലും പോരാടി മരിച്ചവരുടെ അടുത്ത ബന്ധുക്കളുൾപ്പെടുന്നു. രക്തസാക്ഷിയെത്തന്നേയും ഒരു കുടുംബാംഗമായി എണ്ണണം, അയാളുടെ ആശ്രിതക്ക് ഒരു തരം നഷ്ടപരിഹാരമായി കുറച്ചു ഭൂമി നൽകണം. ഇതു അത്യാവശ്യമാണ്.

മുൻസിപ്പൽ ജനകീയഗവർമ്മെണ്ടുകളുടേയോ ട്രേഡ്‌യൂണിയനുകളുടേയോ സർട്ടിഫിക്കറ്റുകളോടുകൂടി നാട്ടിൻപുറത്തു മടങ്ങിവരുന്ന തൊഴിലില്ലാത്ത തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും, അവർ ഭൂമിയാവശ്യപ്പെടുകയും കാർഷികോല്പാദനപ്രവൃത്തികൾ അവർക്ക് കഴിവുണ്ടായിരിക്കയും പ്രാദേശികസ്ഥിതികൾ അനുവദിക്കുകയും ചെയ്യുന്നപക്ഷം, ഭൂമിയുടേയും മററുല്പാദനോപകരണങ്ങളുടേയും ഓഹരികൾ പറ്റാവുന്നതാണ്. ഈവിധത്തിൽ ജോലിയില്ലാത്ത തൊഴിലാളികളിരു ഒരു ഭാഗത്തിനു ജോലി കിട്ടും, ഇതു സമുദായത്തിനു ഗുണകരമാണ്.

നാട്ടിൻപുറജില്ലകളിലുള്ള സന്ന്യാസിമാർ, കന്ന്യാസ്ത്രീകൾ, താവോയിസ്റ്റ്കൾ, പാതിരികൾ എന്നിവക്കും താഴെ പറയുന്നതുക്കും അവരുടെ കുടുംബങ്ങൾക്കും—ശത്രുവിനുവേണ്ടി പ്രവർത്തിച്ചവരും ഇപ്പോൾ ഗ്രാമങ്ങളിലേക്കു് മടങ്ങിവന്നിട്ടുള്ളവരുമായ അബ്സെന്റിജന്മികളും മററുള്ളവരും അവക്കു മററുപജീവനമാർഗ്ഗങ്ങളൊന്നുമില്ലാതിരിക്കുകയും. കാർഷികോല്പാദനപ്രവൃത്തിക്കിറങ്ങാനുള്ള മനസ്സും കഴിവുമുണ്ടായിരിക്കയും ചെയ്യുന്നപക്ഷം കൃഷിക്കാക്കെന്നപോലെ ഭൂമിയും മററുല്പാദനോപകരണങ്ങളും നൽകണം; അല്ലെങ്കിൽ അവർ ജോലിയില്ലാത്ത തെണ്ടികളായിത്തീരുകയും ജനങ്ങളുടെ താല്പര്യത്തിനു വിരുദ്ധമായ രീതിയിൽ പൊതുസമാധാനത്തിനു ശല്യമുണ്ടാക്കുകയും ചെയ്യും.

ഗ്രാമങ്ങളിൽ വീടുകളുള്ളവരും, ശത്രുക്കളോടു കൂട്ടുകൂടുന്നവരും, രാജ്യദ്രോഹികളും യുദ്ധാപരാധികളും നീചമായ അക്രമങ്ങൾ ചെയ്തിട്ടുള്ള എതിർ വിപ്ലവകാരികളാണെന്നു ജനകീയഗവർമ്മേണ്ടു് പ്രഖ്യാപിച്ചിട്ടുള്ളവരും ആയ ആളുകൾക്കോ കാർഷികപരിഷ്കാരത്തെ സ്ഥിരമായും അട്ടിമറിക്കുന്ന അക്രമികൾക്കോ ഒരു ശിക്ഷയെന്നനിലയിൽ, ഭൂമി കൊടുക്കാതിരിക്കണം. കാർഷികപരിഷ്കാരത്തിനിടയിൽ ഇവരിൽ ചിലരെ തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിലും മററു ചിലരെ ഇനിയും തിരിച്ചറിയേണ്ടിയിരിക്കുന്നു. ജനകീയഗവർമ്മേണ്ടുകൾ ഇവരെപ്പററി അന്വേഷണം നടത്തി കണ്ടുപിടിച്ചു ശിക്ഷിക്കാൻ നിഷ്കർഷിക്കണം.

കരടു കാർഷികപരിഷ്കാരനിയമമനുസരിച്ചു ശേഖരിക്കേണ്ടതും മാനേജുചെയ്യാനാളില്ലാത്തതുമായ ഭൂമികളും മററു സ്വത്തുക്കളും പാഴാക്കുന്നതും കേടുവരുന്നതും തടയാൻവേണ്ടി പ്രാദേശിക ജനകീയഗവർമ്മേണ്ടു ഉടൻതന്നെ ആളയച്ചു ഏറെറടുത്തു് നടത്തണം.

അങ്ങിനെയുള്ള ഭൂമി മാനേജുചെയ്യാനാളുണ്ടായിരിക്കയും സ്റ്റേററിനതു തല്ക്കാലം ആവശ്യമില്ലാതിരിക്കയും ചെയ്യുന്നപക്ഷം,

നിലവിലുള്ള മാനേജർമാർക്കുതന്നെ അതു തുടർന്നു നടത്താവുന്നതാണു്. എന്നാൽ അവർ അതു പാട്ടത്തിനു കൊടുക്കുകയോ വില്ക്കുകയോ വെറുതെയിടുകയോ ചെയ്തുകൂടാ. അവർക്കു ഭൂമികൊണ്ടാവശ്യമില്ലെങ്കിൽ അതു് സ്റ്റേററിനെ മടക്കിയേല്പിക്കണം.

പ്രാദേശിക ജനകീയഗവർമ്മേണ്ടു കാര്യസ്ഥലങ്ങളും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളും, ഇപ്പോൾ നോക്കാനാളില്ലാതെ അനാമത്തായിക്കിടക്കുന്ന പക്ഷം അവ കേടുവരാതെ സൂക്ഷിക്കാൻ വേണ്ടി ആളയച്ചു ഏറ്റെടുക്കണം.

ഭൂവിതരണത്തിന്റെ ചില പ്രശ്നങ്ങൾക്കുള്ള വിശദീകരണങ്ങളാണിവ.

## കാർഷികപരിഷ്കാരത്തിനിടയിൽ ശ്രദ്ധിക്കേണ്ട സംഗതികൾ

കാർഷികപരിഷ്കാരം ഒരു പദ്ധതിയനുസരിക്കുന്നതും ഭയങ്കരവുമായ ഒരു സമരമാണു്. ഭാവികാർഷികപരിഷ്കാരത്തിൽ നാമനുവർത്തിക്കേണ്ട പൊതുനയം, പടിപടിയായും വിവേചനത്തോടുകൂടിയും നാടുവാഴിത്തചൂഷണസമ്പ്രദായം നീക്കംചെയ്യുകയും കാർഷികോല്പാദനം വളർത്തുകയും ചെയ്യാൻ വേണ്ടി സാധുകൃഷിക്കാരുടേയും കാർഷികത്തൊഴിലാളികളുടേയും പിൻബലം നേടുക, ഇടത്തരം കൃഷിക്കാരുമായിണങ്ങുക, ധനികകൃഷിക്കാരുടെ എതിർപ്പില്ലാതാക്കുക എന്നിവയാണു്.

കാർഷികപരിഷ്കാരത്തിനുള്ള പ്രധാന സംഘടനാരൂപവും നിർവ്വാഹകഘടകവും കർഷകസംഘങ്ങളായിരിക്കണം. എല്ലാ പടിയിലുമുള്ള കർഷകകോൺഗ്രസ്സുകളും എല്ലാ പടിയിലുമുള്ള കർഷകസംഘങ്ങളുടെ കമ്മററികളും ജനകീയപ്രതിനിധിസഭകളുമായിരിക്കണം കാർഷികപരിഷ്കാരത്തിനുള്ള പ്രവർത്തനത്തിന്റെ കേന്ദ്രം. കൃഷിക്കാർക്കിടയിൽനിന്നുള്ള ഉറച്ച സജീവപ്രവർത്ത

കരും നാട്ടിൻപുറങ്ങളിൽ കാർഷികപരിഷ്കാരം നടത്തുവാൻ മേലധികാരത്തിൽനിന്നയയ്ക്കുന്ന പ്രവത്തകരുംകൂടി കാഷികപരിഷ്കാരത്തിന്റെ നട്ടെല്ലായിത്തീരണം.

കാർഷികപരിഷ്കാരം നടപ്പിലാക്കുന്ന വിവിധ സംസ്ഥാനങ്ങളിലെ ഉയൎന്ന പടിയിലുള്ള നേതൃത്വഘടകങ്ങളം താഴ്ന്ന പടികളുമായി അടുത്ത ബന്ധം സ്ഥാപിക്കുവാൻ ടെലിഫോൺബന്ധങ്ങളം ഏർപ്പെടുത്തണം. പ്രസ്ഥാനത്തിന്റെ പ്രായോഗികനേതൃത്വമേറെറടുക്കുവാൻ ഓരോ പടിയിൽനിന്നും അതാതിന്റെ കീഴ്പ്പടിയിലേയ്ക്കു് ഉത്തരവാദപ്പെട്ട ആളുകളേയും പരിശോധനസംഘങ്ങളേയും അയയ്ക്കണം.

കാഷികപരിഷ്കാരത്തിന്റെ നടപടികളും പ്ലാനുകളും ഫിസിയാങ്ങ് മുതൽ മേല്പോട്ടു കാലേക്കൂട്ടി തയ്യാറാക്കുകയും ഉപരിഘടകം ശരിവെച്ചശേഷം നടപ്പിലാക്കുകയും വേണം. ഒരു താഴ്ന്ന ഘടകത്തിനു പരിഹരിക്കാൻ കഴിയാത്ത എന്തെങ്കിലും പ്രശ്നമുത്ഭവിച്ചാൽ അതു് നിർദ്ദേശത്തിനുവേണ്ടി ഉപരിഘടകത്തിനു സമപ്പിക്കണം. ഉപരിഘടകം ഉടൻതന്നെ ആ പ്രശ്നം പരിഹരിക്കാൻ സഹായിക്കുന്നതിനു ആളെ അയച്ചുകൊടുക്കണം. ആദ്യം പരിഹരിക്കേണ്ട പ്രശ്നങ്ങൾ പ്രധാനങ്ങളും പരിഹരണത്തിനു പാകമായവയും വ്യക്തതയുണ്ടാക്കിക്കഴിഞ്ഞിട്ടുള്ളവയും ഭൂരിപക്ഷം ജനങ്ങളെ ബാധിക്കുന്നവയുമായിരിക്കണം

വ്യക്തതയുണ്ടായിക്കഴിഞ്ഞിട്ടില്ലാത്തവയോ, അഭിപ്രായവ്യത്യാസങ്ങൾ ബാക്കി നില്ക്കുന്നവയോ ന്യൂനപക്ഷത്തെ ബാധിക്കുന്നവയോ ആയ പ്രശ്നങ്ങൾ, ന്യൂനപക്ഷത്തെ ബാധിക്കുന്ന വിഷമപ്രശ്നങ്ങൾ ഭൂരിപക്ഷത്തെ ബാധിക്കുന്നവയുടെ വഴിയിൽ തടസ്ഥമാവാതിരിക്കാൻ, പിന്നീടു തീരുമാനിക്കേണ്ടതാണു്. കാർഷികപരിഷ്ക്കാരപ്രവത്തനം നിയന്ത്രിക്കുന്ന എല്ലാപടിയിലുമുള്ള പ്രവത്തകന്മാർ മനസ്സിൽ വെയ്ക്കേണ്ട സംഗതികളാണിവ.

കാർഷികപരിഷ്ക്കാരം പൊതുവിൽ നടപ്പിലാക്കുന്നതിനു മുമ്പ്, കൌണ്ടിപടിയിലും അതിനുമേലുമുള്ള നേതൃത്വഘടകങ്ങളും, പ്രവർത്തകന്മാർക്കു പരിശീലനം നൽകുന്നതിനും കാർഷികപരിഷ്ക്കാരം നിയന്ത്രിക്കുന്നതിനും ഉപയോഗിക്കേണ്ട പരിപക്വമായ പരിചയം സമ്പാദിക്കാനായി, ചുരുക്കം ഹ്സിയാങ്ങുകളിൽ മാതൃകാപരീക്ഷണങ്ങൾ നടത്തണം.

എല്ലാ പടിയിലുമുള്ള കർഷകസംഘങ്ങളുടെയും നേതൃത്വത്തിന്റെ ശുദ്ധി പരിപാലിക്കണം. നേതൃത്വം ദുഷിച്ചിടത്ത് അതിനെ മാററി വീണ്ടും തിരഞ്ഞെടുക്കാൻ ബഹുജനങ്ങളെ അണിനിരത്തണം. ഇവിടെ "ശുദ്ധി" എന്ന വാക്കിന്റെ അർത്ഥം, തെററുകൾ ചെയ്തിട്ടുള്ള കർഷകത്തൊഴിലാളികളുടെയോ സാധുകൃഷിക്കാരുടെയോ ഇടത്തരം കൃഷിക്കാരുടെയോ നേർക്ക് ഒരു വാതിലടച്ച മനോഭാവം കൈക്കൊള്ളുക എന്നല്ല. കർഷകസംഘങ്ങളിൽനിന്ന് അവരെ പുറത്താക്കുകയെന്നുമല്ല അതിന്നർത്ഥം. നേരെ മറിച്ച് അവരെ സംഘങ്ങളിലേക്കു് സ്വാഗതം ചെയ്യുകയും അവർക്ക് വിദ്യാഭ്യാസം നൽകുകയും യോജിപ്പിലേക്കു് കൊണ്ടുവരികയും വേണം. ഇവിടെ "ശുദ്ധി" എന്ന വാക്കിന്റെ അർത്ഥം ജന്മികളേയും ധനികകൃഷിക്കാരേയും അവരുടെ ഏജണ്ടന്മാരേയും കർഷകസംഘങ്ങളിൽ ചേരുന്നതിൽനിന്നും അതിലും പ്രധാനമായി, കർഷകസംഘങ്ങളുടെ നേതൃസ്ഥാനങ്ങൾ കൈവശപ്പെടുത്തുന്നതിൽനിന്നും തടയുക എന്നാണ്.

കർഷകസംഘങ്ങളുടെ പ്രധാന നേതൃത്വം സാധുകൃഷിക്കാരുടേയും കർഷകത്തൊഴിലാളികളുടേയുമിടയിൽനിന്നു തിരഞ്ഞെടുക്കണം. എന്നാൽ ഇടത്തരം കൃഷിക്കാരുമായി യഥാർത്ഥസഖ്യം പുലർത്തുകയും എല്ലാററിലുമുപരി, അവരുടെ ഭൂമിക്കും സ്വത്തുക്കൾക്കും (ഭേദപ്പെട്ട ഇടത്തരം കൃഷിക്കാരുടേതുൾപ്പെടെ) കയ്യേററത്തിൽനിന്നും യഥാർത്ഥ സംരക്ഷണം നൽകുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്. അതേസമയത്തുതന്നെ, സജീവമായി പ്രവർത്തിക്കുന്ന ഇടത്തരം കൃഷിക്കാരെ കർഷകസംഘങ്ങളുടെ നേതൃത്വത്തിലേയ്ക്കുൾക്കൊ-

ണ്ണം. എല്ലാം പടിയിലുമുള്ള കർഷകസംഘങ്ങളുടെയും നേതൃത്വത്തിന്റെ മൂന്നിലൊന്ന ഇടത്തരം കൃഷിക്കാരിൽനിന്ന തിരഞ്ഞെടുക്കണമെന്ന വ്യവസ്ഥ ചെയ്യണം. ഇത് ഏററവും ആവശ്യമാണ്. കർഷകസംഘങ്ങൾക്കു പുറമേ സാധുകർഷകസംഘങ്ങൾ രൂപീകരിക്കരുത്. ഗ്രാമങ്ങളിൽ ട്രേഡ്യൂണിയനുകൾ സംഘടിപ്പിക്കുകയുമരുത്.

സാധുകൃഷിക്കാരുടേയും കർഷകത്തൊഴിലാളികളുടേയും കൈവേലക്കാരുടേയും യോഗങ്ങളും പ്രതിനിധിയോഗങ്ങളും, അവരെ ബാധിക്കുന്ന പ്രശ്നങ്ങളെപ്പററി ചർച്ചചെയ്യുവാനായി കർഷകസംഘങ്ങൾക്കു കൂട്ടണം. എങ്കിലും ഇത്തരം യോഗങ്ങളിൽ ഇടത്തരം കൃഷിക്കാരുടെ പ്രതിനിധികൾക്കും പ്രവേശനമുണ്ടായിരിക്കണം.

കർഷകകുടുംബങ്ങളിലെ സ്ത്രീകളെ അംഗങ്ങളായി ചേർക്കാനും സജീവമായി പ്രവർത്തിക്കുന്ന സ്ത്രീകളെ നേതൃത്വത്തിൽ പങ്കുകൊള്ളിക്കുന്നതിനും കർഷകസംഘങ്ങൾ പ്രയോഗത്തിൽ ശ്രദ്ധിക്കണം. കാർഷികപരിഷ്കരണത്തിനിടയിൽ സ്ത്രീകളുടെ താല്പര്യങ്ങളെ പരിരക്ഷിക്കാനും സ്ത്രീകളുടെ സാമൂഹ്യ അവകാശങ്ങളെ പരിരക്ഷിക്കാനും സ്ത്രീകളുടെ എല്ലാത്തരം പ്രശ്നങ്ങളേയും ചർച്ചചെയ്യുവാനുമായി മഹിളായോഗങ്ങളും മഹിളാ പ്രതിനിധിയോഗങ്ങളും കർഷകസംഘങ്ങൾക്കു് വിളിച്ചുകൂട്ടേണ്ടതാവശ്യമാണ്.

കർഷകസംഘങ്ങൾ നാട്ടിൻപുറത്തുള്ള പാപ്പരായിത്തീർന്ന വിപ്ലവകാരികളായ ബുദ്ധിജീവികളേയും മററധ്വാനിക്കുന്ന ജനങ്ങളേയും ആകർഷിക്കണം. അതിനുംപുറമേ, കർഷകസംഘങ്ങൾ സംഘടനയ്ക്കു പുറത്തുള്ള, നാടുവാഴിത്തത്തിനെതിരായ എല്ലാ ആളുകളേയും — കാർഷികപരിഷ്കാരത്തെ അനുകൂലിക്കുന്നവരായ വിദ്വജ്ജനങ്ങളുമുൾപ്പെടെ— നാടുവാഴിത്ത ചൂഷണസമ്പ്രദായത്തിനെതിരായി കൈകോർത്തുനിന്നു പോരാടുവാൻ വേണ്ടി ഒരു നാടുവാഴിത്തവിരുദ്ധ ഐക്യമുന്നണിയിൽ യോജിപ്പിക്കണം.

ജനകീയഗവർമ്മെണ്ടു ധനികകൃഷിക്കാരെ വിളിച്ചുകൂട്ടി ഗവർമ്മണ്ടിൻെറ നയം അവരെ അറിയിക്കുകയും അവരുടെ സംശയങ്ങളും ആശങ്കകളും നീക്കാൻവേണ്ടി കർഷകസംഘങ്ങളുടെ പ്രവൃത്തികളെ വിശദീകരിക്കുകയും വേണം. ജനകീയഗവർമ്മെണ്ടു ജന്മികളേയും വിളിച്ചുകൂട്ടി, കാർഷികപരിഷ്ക്കാരത്തിൻെറ ഉള്ളടക്കവും നടപടിക്രമവും അവക്കും മനസ്സിലാകത്തക്കവിധത്തിൽ ഗവർമ്മണ്ടിൻെറ നയവും ആജ്ഞകളും പ്രസ്താവിക്കണം.

എതിർക്കുകയോ അട്ടിമറിപ്രവൎത്തനങ്ങളിലേർപ്പെടുകയോ ചെയ്യാതിരിക്കാൻ അവക്കു താക്കീതും കൊടുക്കണം. അവർ സത്യസന്ധതയോടെ ജനകീയഗവർമ്മെണ്ടിൻെറ ആജ്ഞകളേയും കർഷകസംഘങ്ങളുടെ തീരുമാനങ്ങളേയും അനുസരിക്കണം.

എതിപ്പു സംഘടിപ്പിക്കാനും അട്ടിമറിപ്രവൎത്തനം നടത്താനും ഗൂഢാലോചനനടത്തുന്ന ജന്മികളേയും ചാരന്മാരേയും എതിർവിപ്ലവകാരികളേയും മാത്രം നിരങ്കുശം അടിച്ചമൎത്തുകയും അവരുടെ എതിർപ്പെല്ലാം സമയത്തു് തകക്കുകയും ചെയ്യണം.

കാർഷികപരിഷ്ക്കരണത്തിൻെറ ഘട്ടത്തിൽ നാട്ടിൻപുറങ്ങളിൽ മാത്രമല്ല, നഗരങ്ങളിൽ ജീവിതത്തിൻെറ എല്ലാ തുറകളിലുമുള്ള ആളുകൾക്കിടയിലും ജനകീയ വിമോചനസംഘടനകൾക്കിടയിലും കൂടി വിപുലമായ പ്രസിദ്ധീകരണവും വിശദീകരണവും നടത്തണം. ജനകീയഗവർമ്മെണ്ടിൻെറ കാർഷികപരിഷ്ക്കാരനിയമവും കല്പനകളും തൊഴിലാളികൾക്കും വിദ്യാർത്ഥികൾക്കും, കൂലിക്കാക്കും, വ്യവസായികൾക്കും വ്യാപാരികൾക്കും സൈന്യാധിപന്മാക്കും സാധാരണ ഭടന്മാക്കും വിവരിച്ചുകൊടുത്തു്, അവരുടെ അനുഭാവവും സഹായവും ജന്മിപക്ഷത്തു പോവാതെ കൃഷിക്കാരുടെ പക്ഷത്താക്കണം. അവർ ജന്മികൾക്കോ ജന്മികൾക്കിടയിലുള്ള അവരുടെ സ്വന്തം ബന്ധുക്കൾക്കോ സ്നേഹിതന്മാക്കോ രക്ഷകൊടുക്കരുതെന്നുള്ളതു് അതിലേറെ ആവശ്യമാണു്. ജനകീയഗവൎമ്മ

ത്തിൻെറ നിയമങ്ങളേയും കാർഷികസംഘങ്ങളുടെ തീരുമാനങ്ങളേയും സത്യസന്ധതയോടെ അനുസരിക്കണമെന്നും, ശിക്ഷകളുടാതിരിക്കണമെങ്കിൽ—അതു കൂടാതെ കഴിക്കാൻ സാദ്ധ്യമാണ്—എതിർപ്പുകളും അട്ടിമറിപ്രവർത്തനങ്ങളും നടത്താതിരിക്കണമെന്നും ഈ ജന്മികളോടു പറയണം.

നാടുവാഴിത്തത്തിനെതിരായ ഐക്യമുന്നണി സംഘടിപ്പിക്കുന്നതിൽ ഇതും വളരെ പ്രധാനമാണ്.

കാർഷികപരിഷ്ക്കാരത്തിനിടയിൽ, അതിൽ പങ്കെടുക്കാനിഷ്ടപ്പെടുന്ന ജനാധിപത്യകക്ഷികളുടേയും ഗ്രൂപ്പുകളുടേയും പ്രവത്തകരേയും അദ്ധ്യാപകരേയും നഗരങ്ങളിലുള്ള മററു ജനാധിപത്യശക്തികളേയും കാർഷികപരിഷ്ക്കാരപ്രവൃത്തിയിലേയ്ക്കുൾക്കൊള്ളണം. അവർ തങ്ങളുടെ നാടുകൾ വിട്ടുപോരേണ്ട ആവശ്യമില്ല. ഇതു അവർക്കും കർഷകബഹുജനങ്ങൾക്കും പ്രയോജനകരമായ പരീക്ഷണങ്ങൾക്കും വിദ്യാഭ്യാസത്തിനും കഴിവുണ്ടാക്കും.

താൻപ്രമാണികളുടേയും ചാരന്മാരുടേയും എതിർവിപ്ലവകാരികളുടേയും ജന്മിവർഗ്ഗത്തിൻേറയും എതിർപ്പുകളും അട്ടിമറിപ്രവത്തനങ്ങളും തക്കസമയത്ത് അടിച്ചമർത്തി ശിക്ഷിക്കാനും കൃഷിക്കാർ കാർഷികപരിഷ്ക്കാരത്തിനിടയിൽ ഇത്തരം ആളുകൾക്കെതിരായി കൊണ്ടുവരുന്ന കുററങ്ങളെ വിചാരണചെയ്യാനുമായി ജനകീയക്കോടതികൾ ഏർപ്പെടുത്തണം.

കാർഷികപരിഷ്ക്കാരത്തിനിടയിലുണ്ടായിക്കൊണ്ടിരിക്കുന്ന നിയമലംഘനങ്ങളെ സംബന്ധിച്ചു വേണ്ട നടപടികളെടുക്കുന്നതിലും നാട്ടിൻപുറങ്ങളിൽ വിപ്ലവപരമായ ക്രമം പാലിക്കുന്നതിലും തങ്ങളുടെ ശ്രമം കേന്ദ്രീകരിക്കാൻ ജനകീയക്കോടതികൾക്ക് കഴിയത്തക്കവണ്ണം സാധാരണ ക്രിമിനലും സിവിലുമായ കേസ്സുകളും തീരുമാനത്തിനുമുമ്പ് ദീർഘമായ അന്വേഷണമാവശ്യ

ള്ള, പ്രത്യേകിച്ചും കുഴപ്പംപിടിച്ച കേസ്സുകളും സാധാരണ കോടതികളേയും പൊതുരക്ഷാസംഘടനകളേയും ഏല്പിച്ചുകൊടുക്കണം.

ജനകീയക്കോടതികൾ ഗവമ്മേണ്ട് നടപ്പിലാക്കിയിട്ടുള്ള ചട്ടങ്ങളനുസരിച്ചു തങ്ങളുടെ പ്രവൃത്തി നിറവേററണം, കുററക്കാരോടു തോന്നിയമാതിരി പെരുമാററരുതു്. ജനകീയക്കോടതികളും പൊതുരക്ഷാസംഘടനകളുമല്ലാതെ മററു ജനകീയസംഘടനകളും സ്ഥാപനങ്ങളും തടവിൽ വെയ്ക്കുകയോ വിചാരണ ചെയ്യുകയോ കുററക്കാരെ ശിക്ഷിക്കുകയോ ചെയ്തുകൂടാ. എല്ലാംപടിയിലുമുള്ള ജനകീയഗവമ്മേണ്ടുകൾ ജനകീയക്കോടതികളെ സഹായിക്കുന്നതിനും ജനകീയക്കോടതികളുടെ പ്രവൎത്തകന്മാരെ പരിശീലിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വളരെ ശ്രദ്ധിക്കണം, അങ്ങിനെ അവക്കു് അവരുടെ കടമ നിൎവ്വഹിക്കാൻ കഴിവുണ്ടാക്കണം. അല്ലെങ്കിൽ കാർഷികപരിഷ്ക്കാരത്തിനിടക്കു സമാധാനം നല്ലപോലെ പരിപാലിക്കാൻ സാധിക്കാതെ വരുമെന്ന ആപത്തുണ്ടു്.

കാർഷികപരിഷ്ക്കാരത്തിൽ നാട്ടിൻപുറത്തുള്ള വർഗ്ഗവിവേചനം കെട്ടുപിണഞ്ഞതും ഏററവും പ്രാധാന്യമുള്ളതുമായ പണിയാണു്. എല്ലാപ്പടിയിലുമുള്ള നേതൃത്വഘടകങ്ങൾ കേന്ദ്രജനകീയഗവമ്മേണ്ടു നടപ്പാക്കിയിട്ടുള്ള തീരുമാനങ്ങൾക്കനുസരിച്ചു ശുഷ്കാന്തിയോടെ ഇതു നിൎവ്വഹിക്കണം. ജന്മിവർഗ്ഗത്തെ വേർതിരിക്കുന്നതിൽ വളരെ ശ്രദ്ധവേണം, കാരണം അതിന്റെ ഫലം അവരുടെ ഭൂമിയും മററുല്പാദനോപകരണങ്ങളും കണ്ടുകെട്ടുകയാണു.

എന്നാൽ നാട്ടിൻപുറത്തുള്ള ജനസംഖ്യയിലധികഭാഗത്തിന്റെയും വർഗ്ഗനില വ്യക്തവും വലിയ അഭിപ്രായാന്തരം കൂടാതെ എളുപ്പത്തിൽ വിവേചിക്കാവുന്നതുമാണു്. അവരുടെ വർഗ്ഗനില അവ്യക്തവും തീരുമാനിക്കാൻ വിഷമവുമായ ഒരു ചെറിയ വിഭാഗത്തിന്റെ കാൎയ്യത്തിൽ, അഭിപ്രായാന്തരമുള്ളിടത്തു്, പൂൎണ്ണമായ പഠനത്തിനും മേലാധികാരത്തിൽനിന്നു നിർദ്ദേശം ലഭിച്ചതിനും ശേഷം അവ തീരുമാനിക്കണം. അസംതൃപ്തിക്കു കാരണമാകുന്ന ഒരു

റുകൾ പററാതിരിക്കാൻവേണ്ടി ഇങ്ങനെയുള്ളവരുടെ വർഗ്ഗനില തീരുമാനിക്കുന്നതിൽ ക്ഷമകേട് കാണിക്കാതിരിക്കണം. ചുരുക്കത്തിൽ ആരുടേയും വർഗ്ഗനില തെററായി തീരുമാനിക്കരുത്. എന്തെങ്കിലും തെററുപററിയാൽ അതു തിരുത്തണം.

കാർഷികപരിഷ്ക്കാരത്തിന്റെ ഈ കടമകളും മററു കടമകളും ശരിയായി നിർവ്വഹിക്കുന്നതിന്റെ താക്കോൽ നമ്മുടെ പ്രവർത്തകന്മാരുടെ പ്രവർത്തനരീതിയെ ഉടച്ചുവാർക്കുന്നതിലും പ്രത്യേകിച്ചു "ആജ്ഞാപനസമ്പ്രദായം" (Commandism) തിരുത്തുന്നതിലുമാണന്തർഭവിച്ചിരിക്കുന്നത്. വിവിധപ്രദേശങ്ങളിൽ പ്രവർത്തനരീതി ഉടച്ചുവാർക്കുന്നതിനുള്ള പ്രസ്ഥാനം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. കാർഷികപരിഷ്ക്കാരത്തെസംബന്ധിച്ച ഈ പ്രവൃത്തിയും പഠനവും വേണ്ടപോലെ നിർവ്വഹിച്ചാൽ ആസന്നമായ വൻതോതിലുള്ള കാർഷികപരിഷ്ക്കാരപ്രസ്ഥാനം ക്രമത്തോടും ചിട്ടയോടും വിവേചനത്തോടും കൂടിയും കേന്ദ്രജനകീയഗവർമ്മെണ്ടിന്റെ നിയമങ്ങളും കല്പനകളുമനുസരിച്ചും തീർച്ചയായും നിറവേററപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു. കാർഷികപരിഷ്ക്കാരത്തിന്റെ പൂർത്തീകരണം, നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയിൽ, അഭിവൃദ്ധിയിലേയ്ക്കുള്ള മൌലികമായ ഒരു വഴിത്തിരിച്ചിലിനുള്ള നിർണ്ണായകപരിതഃസ്ഥിതിയുളവാക്കും. അതിനുംപുറമേ, അതു കർഷകബഹുജനങ്ങളെ രാഷ്ട്രീയമായി സംഘടിപ്പിക്കും. അപ്പോൾ നമ്മുടെ രാജ്യവും ജനകീയഗവർമ്മെണ്ടും മുമ്പെന്നത്തെക്കാളുമധികം ശക്തവും ഉറച്ചുള്ളതുമായിത്തീരും.

കാർഷികപരിഷ്ക്കാരത്തെസംബന്ധിച്ച എന്റെ റിപ്പോർട്ടാണിതു്. നിങ്ങൾ ദയവായി ഇതു് പരിശോധിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M329 Acc. No. 12575

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

N3329 12575.

KPG-J

കെ.പി.ജി.

ജനകീയ ചീനാ റിപ്പബ്ലിക്കിൻ

കാർഷിക പരിഷ്കാരനിയമം

KOTTAYAM PUBLIC LIBRARY

Call No M329 Acc. No 12575

Author കെ. പി. ജി

Title ജനകീയ ചീനാ റിപ്പബ്ലിക്കിന്റെ

കാർഷിക പരിഷ്കരണനിയമം

Indic Digital Archive Foundation

gpura.org